

ഹബീബ് സി.
ഒന്നാം വർഷ ബി.എ. ഇംഗ്ലീഷ്

# ആ നാദം നിലയ്ക്കുമോ.....?

സംഗീതം ഒരു വരദാനമാണെന്ന് പരക്കെ പറയാറുണ്ട്. നാദവും, അക്ഷരങ്ങളും പിന്നിട്ട എല്ലാ സംസ്കാരങ്ങളുടെയും ഹൃദയത്തുടിപ്പുകൾ ആയിരുന്നുവല്ലോ? 'പരമാനന്ദമാണ് സംഗീതം' എന്നാണ് ആദി വേദങ്ങൾ പറയുന്നത്. ഒന്നുറപ്പാണ്, അനിർവ്വചനീയമായ മനുഷ്യഹൃദയത്തെ തരളിതമാക്കാൻ കെൽപ്പുള്ള അപൂർവ്വ പ്രതിഭാസങ്ങളിൽ ഒന്നാണ് സംഗീതം.

മലയാള ചലച്ചിത്രഗാനങ്ങളെ കുറിച്ചോർത്താണ് ഇത്രയും എഴുതിയത്. 'പരമാനന്ദമാണ് സംഗീതം' എന്ന നിലവിട്ട് ഇന്ന് അവ കേവലാനന്ദത്തിനു വേണ്ടിയുള്ളതായി തീർന്നിരിക്കുന്നു. മുറുക്കവും, അനാവശ്യവാദ്യഘോഷങ്ങളുമെല്ലാം ചേർത്ത് പടിഞ്ഞാറൻ നൃത്തത്തിന് അനുചിതമാം വണ്ണം അവയെ ചിട്ടപ്പെടുത്താൻ നമ്മുടെ സംഗീതജ്ഞർ പരസ്പരം മത്സരിക്കുകയാണ്. ഇതിനിടയ്ക്ക് ആണ്ടിനെത്തുന്ന പൊന്നോണം പോലെ ഏതെങ്കിലും ഒരു ഹൃദ്യമായ ഈണം മാത്രം.

ഇത് മലയാള സിനിമാ ഗാനത്തിന്റെ വർത്തമാന കാലമാണ്. എന്നാൽ സൗകുമാര്യതയും, ഹൃദ്യതയുമാർന്ന ഗാനങ്ങളാൽ സമ്പുഷ്ടമായ ഒരു വസന്തകാലം അതിന്റെ ഭൂതകാലമായി ഉണ്ടായിരുന്നു. ദേവരാജൻമാഷും, രാഘവൻമാഷും, ബാബുരാജും, ദക്ഷിണാമൂർത്തി സ്വാമിയുമൊക്കെ ആ വസന്തത്തിന്റെ അനാദി സ്മൃതികളത്രെ.

'മുഹമ്മദ് സമീർ ബാബു'എന്ന സംഗീതജ്ഞൻ 'ബാബുരാജ്' എന്ന പേരിലാണ് നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുന്നത്. ആ പേര് കേൾക്കുമ്പോൾ തന്നെ അനിർവ്വചനീയമായ ഒരു ഭാവം നമ്മുടെ ഹൃദയങ്ങളിലേയ്ക്കൊഴുകിയെത്തുന്നു. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അലകൾ നമ്മുടെ മലയാള ചലച്ചിത്രഗാന സ്പര്യയിലേയ്ക്ക് കൊണ്ടു വരിക എന്ന ചരിത്രപരമായ ദൗത്യം സലിൽ ചൗധരിയോടൊപ്പം അദ്ദേഹം നിറവേറ്റി. ഉത്തരേന്ത്യൻ സംഗീതജ്ഞനായിരുന്ന പിതാവിന്റെ പാരമ്പര്യമാകാം അദ്ദേഹത്തെ ഇതിന്ന് പ്രാപ്തനാക്കിയത്. ഒന്നുറപ്പ് അദ്ദേഹത്തിന് സംഗീതം ഒരു ജീവതോപാധിയല്ലായിരുന്നു.

ഒരു തെരുവു ഗായകനായിട്ടായിരുന്നു അദ്ദേഹത്തിന്റെ രംഗപ്രവേശം. ദാരിദ്ര്യത്തിൽ നിന്നു മോചനം നേടാൻ അദ്ദേഹം വയറ്റത്തടിച്ചു പാട്ടുപാടുമായിരുന്നു എന്ന് 'കോഴിക്കോട് അബൂബക്കർ' ഒരു റേഡിയോ അഭിമുഖത്തിൽ

പറഞ്ഞതോർക്കുന്നു. കോഴിക്കോട് അക്കാലത്ത് രൂപപ്പെട്ട നാടക സംഘങ്ങളാണ് ആ സംഗീതജ്ഞന്റെ ചേതനയുണർത്താൻ ഹേതുവായത്. പിന്നീടത് സിനിമയിലേയ്ക്ക് വ്യാപിച്ചു. പാടുന്നതിനൊന്നിച്ചു ഹാർമോണിയം വായിക്കുവാനുള്ള അപൂർവ്വമായ സിദ്ധിയും അദ്ദേഹത്തിന്ന് ലഭ്യമായിരുന്നു. ഗാനഗന്ധർവ്വൻ യേശുദാസും, എസ്. ജാനകിയും ഉൾപ്പെടുന്ന ഗായകവൃന്ദത്തെ സൃഷ്ടിച്ചതിൽ അദ്ദേഹത്തിന് വലിയ പങ്കുണ്ട്. എന്നാൽ മറ്റാരും ഗൗനിക്കാതെ പോയ 'മെഹബൂബിനെ'പോലുള്ള പ്രതിഭാ ശാലികളെ കണ്ടെത്തുന്നതിലും, തലത് മഹമൂദ്, എൽ. ആർ. ഏശ്വരി, എൽ. ആർ. അഞ്ജലി എന്നിവർ ഉൾപ്പെടെയുള്ള അന്യഭാഷാ ഗായകരുടെ സാന്നിദ്ധ്യം മലയാളികൾക്ക് ലഭ്യമാക്കിയതും ബാബുരാജിനെ വിഭിന്നനാക്കുന്നു.

പല ചലചിത്ര ഗാനങ്ങളും ബാബുരാജ് പിൽക്കാലത്ത് പാടിയ റെക്കോർഡ് കേൾക്കുമ്പോൾ പലപ്പോഴും ഗായകർക്ക് അദ്ദേഹം ഉദ്ദേശിച്ച സ്ഥായിയിലെത്താൻ കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാവുന്നു. 'താമസമെന്തേ വരുവാൻ......'എന്ന ഗാനം ആറു തവണ റെക്കോർഡു ചെയ്തിട്ടും അദ്ദേഹത്തിന് തൃപ്തിയായില്ലെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. 'ശുദ്ധ കല്യാണിയിലും, മോഹനത്തിലും, സിന്ധുഭൈരവി'യിലുമെല്ലാം അനശ്വരങ്ങളായ നിരവധി ഗാനങ്ങൾ അദ്ദേഹം ചിട്ടപ്പെടുത്തിയിട്ടുണ്ട് എങ്കിലും മിശ്രധാര പോലുള്ള അപരിചിതമായ ഹിന്ദുസ്ഥാനീ രാഗങ്ങളിലുള്ള ഗാനങ്ങൾ മലയാളത്തിൽ ബാബുരാജിനു മാത്രം അവകാശപ്പെടാവുന്നതാണ്.

'തളിരിട്ടകിനാക്കൾ', 'നദികളിൽ സുന്ദരി', 'കൺമണിയേ', 'ഇന്നലെ മയങ്ങുമ്പോൾ', 'പ്രാണസഖി', 'സൂര്യകാന്തി'......എന്നിങ്ങനെ നീണ്ടുപോവുന്ന ആ മധുര ഗീതങ്ങളെ ആരും മറക്കുകയില്ല.




മാപ്പിള ഗാനശാഖ വികസിപ്പിച്ചതും ആ ഈണങ്ങളുടെയും സംസ്കാരത്തിന്റെയും സ്വാധീനം മലയാള ചലച്ചിത്ര രംഗത്ത് സൃഷ്ടച്ചതുമാണ് ബാബുരാജിന്റെ മറ്റൊരു മഹത്തായ സംഭാവന. 'കുട്ടിക്കുപ്പായം', 'സുബൈദ', 'കദീജ', 'കുപ്പിവള', എന്നീ സിനിമകളിലെ ഗാനങ്ങൾ ഇതിന് ഉത്തമ ദൃഷ്ടാന്തങ്ങളാണ്. സിനിമാ ഗാനങ്ങൾക്കു പുറമെ ധാരാളം മാപ്പിള ഗാനങ്ങളും അദ്ദേഹം ചിട്ടപ്പെടുത്തിയിട്ടുണ്ട്. സൗമ്യമായ ആ വ്യക്തിത്വം പോലെതന്നെ ആയിരുന്നു സൗമ്യമായ ആ ഗാനങ്ങളും.

കഴിഞ്ഞ അഞ്ച് ദശാബ്ദ കാലത്തിനിടയിൽ മലയാള ചലച്ചിത്ര രംഗത്ത് പ്രത്യക്ഷപ്പെട്ട ഗാനങ്ങളിൽ ആസ്വാദകരെ ഏറ്റവും കൂടുതൽ ആകർഷിച്ചത് ബാബുരാജിന്റെ ഗാനങ്ങളാണ്. ഒരു സംഗീത സംവിധായകന്റെ ഗാനങ്ങൾ എന്ന നിലയിൽ ആസ്വാദകർ ശ്രവിക്കുന്നത് ബാബുരാജിന്റെ ഗാനങ്ങൾ മാത്രമാണ്. ഈ പ്രത്യേകത മറ്റാർക്കും അവകാശപ്പെടാനാവില്ല. ആസ്വാദകർ അദ്ദേഹത്തിന്റെ ഗാനങ്ങളുമായി ഒരു വൈകാരിക ബന്ധം സ്ഥാപിച്ചിട്ടുണ്ടെന്ന് തന്നെ പറയാം. ബാബുരാജിന്റെ ഗാനങ്ങളുടെ പ്രത്യേകത വിവരിച്ചു തീർക്കുക എളുപ്പമല്ല. കേൾക്കുന്തോറും അവയുടെ ഇമ്പം വർദ്ധിക്കുന്നു.

പഴയ കാല മലയാള ചലച്ചിത്ര ഗാനങ്ങളെയും പുതിയ ഗാനങ്ങളെയും താരതമ്യപ്പെടുത്തികൊണ്ട് ഗാനഗന്ധർവ്വൻ യേശുദാസ് ഈ അടുത്ത കാലത്ത് നടത്തിയ ഒരു പരാമർശം ഓർമ്മ വരുന്നു. "ചോറു തിന്നു വളർന്ന ജനതയ്ക്ക് ഫാസ്റ്റ് ഫുഡ് മാത്രമേ ലഭിക്കുന്നുള്ളൂ എങ്കിൽ അത് കഴിക്കുകയേ നിർവ്വാഹമുള്ളൂ''. അതുപോലെ അനിർവ്വചനീയമായ സംഗീതത്തിന്റെ പരമാനന്ദം അനുഭവിച്ച് മുക്തി പ്രാപിച്ച അതേ ജനതക്ക് ഇന്ന് കോലാഹല മുകരിതമായ പടിഞ്ഞാറൻ സംഗീതത്തിന്റെ അനുകരണങ്ങൾ ആസ്വദിച്ച് നിർവ്വാണം അടഞ്ഞുവെന്ന് വരുത്തി തീർക്കുകയേ നിർവ്വാഹമൊള്ളൂ....

"ചോറു തിന്നു വളർന്ന ജനതയ്ക്ക് ഫാസ്റ്റ് ഫുഡ് മാത്രമേ ലഭിക്കുന്നുള്ളൂ എങ്കിൽ അത് കഴിക്കുകയേ നിർവ്വാഹമുള്ളൂ". അതുപോലെ അനിർവ്വചനീയമായ സംഗീതത്തിന്റെ പരമാനന്ദം അനുഭവിച്ച് മുക്തി പ്രാപിച്ച അതേ ജനതക്ക് ഇന്ന് കോലാഹല മുകരിതമായ പടിഞ്ഞാറൻ സംഗീതത്തിന്റെ അനുകരണങ്ങൾ ആസ്വദിച്ച് നിർവ്വാണം അടഞ്ഞുവെന്ന് വരുത്തി തീർക്കുകയേ നിർവ്വാഹമൊള്ളൂ....




അബിഹാദ് അലി എം.കെ.
ഒന്നാം വർഷ ബി.എസ്.എസി. മാത്സ്

ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം ലോകത്തെ വൻശക്തികളായിരുന്ന അമേരിക്ക, റഷ്യ മുതലായ രാജ്യങ്ങൾ വിഘടിച്ചു നിന്നതിനാലായിരുന്നു അന്നത്തെ സമാധാന പ്രസ്ഥാനമായ 'സർവ്വരാഷ്ട്ര സംഘടന' ശിഥിലീകരിക്കപ്പട്ടത്. അതേതുടർന്നുണ്ടായ അസ്വാരസ്യങ്ങൾ രണ്ടാമതൊരു ലോകമാഹായുദ്ധത്തിലെത്തുകയും ലോകസമാധാനം അത്യന്താപേക്ഷിതമായ ഘട്ടത്തിൽ മേൽപറഞ്ഞ രാജ്യങ്ങളടക്കമുള്ളവയുടെ പിന്തുണയോട് കൂടി 'ഐക്യരാഷ്ട്രസഭ' രൂപീകൃതമാവുകയാണുണ്ടായത്. ലോകസമാധാനം മുഖമുദ്രയാക്കിയാണ് തുടക്കം മുതൽ സഭ പ്രവർത്തനമാരംഭിച്ചത്. വിയറ്റ്നാം യുദ്ധം പോലെയുള്ള പല നിർണ്ണായക ഘട്ടങ്ങളിലും, ഐക്യരാഷ്ട്രസഭ അതിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റിയിട്ടുമുണ്ട്.

ഇനി കാര്യത്തിലേക്ക് കടക്കാം. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പിണിയാളുകളായാണ് ഐക്യരാഷ്ട്രസഭ പ്രവർത്തിക്കുന്നതെന്ന് പൊതുവെ ഒരു പേരുദോഷമുണ്ട്. ഈ ആരോപണം ശരിവെക്കുന്ന രീതിയിൽ ലോകമാനവരാശിയെ ഒന്നടങ്കം ഞെട്ടിച്ചിരിക്കുകയാണിന്ന് യു.എൻ. ഏതൊരാവശ്യത്തിനാണോ രൂപീകൃതമായിരുന്നത് അതിന് തികച്ചും കടകവിരുദ്ധമായ പ്രവർത്തനങ്ങളുമായി ഐക്യരാഷ്ട്രസഭ വെല്ലുവിളി ഉയർത്തിയിരിക്കുകയാണ്. ഇറാഖിലെ, സഖ്യസൈനികാധിനിവേശത്തിനെതിരെ ഒന്നും ചെയ്തില്ലെന്ന് മാത്രമല്ല വാക്കുകളിലൂടെയും, മൗനത്തിലൂടെയും അന്താരാഷ്ട്ര ഭീകരവാദികൾക്ക് ചൂട്ടുതെളിച്ചു കൊടുക്കുന്ന ദുഃഖകരമായ ഒരു കാഴ്ചയാണ് നാം കാണുന്നത്.

# ഐക്യരാഷ്ട്ര സഭയുടെ മരണമണി മുഴങ്ങുന്നുവോ....?

അമേരിക്ക എന്ന ലോകസമാധാനത്തിന്റെ എക്കാലത്തെയും വലിയ ശത്രു ഐക്യരാഷ്ട്രസഭയെ തൃണവൽക്കരിച്ചിരിക്കുകയാണ്. രക്ഷാസമിതി അമേരിക്കൻ ആക്രമണത്തിന് പച്ചക്കൊടി കാണിച്ചില്ലെങ്കിൽ സഭയെ പിളർക്കാനും മറ്റൊരു സംഘം രൂപീകരിക്കാനും മടിക്കുകയില്ലെന്ന് വരെ ജൂനിയർ കഴുകന്റെ ഭരണകൂടം ഭീഷണി മുഴക്കി. എന്നിട്ടും, ഐക്യരാഷ്ട്രസഭയ്ക്കോ അതിന്റെ വായാടി ജനറൽ കോഫി അന്നനോ യാതൊരു മിണ്ടാട്ടവുമില്ല. സാമ്രാജ്യത്വ ശക്തികൾക്കെതിരെ കേവലം ഒരു ഉപരോധം പോലും കൊണ്ടുവരാൻ കഴിഞ്ഞുമില്ല. അംഗരാജ്യങ്ങളുടെ 100ൽ അധികം പ്രധിനിധികളും യുദ്ധത്തെ ശക്തമായി എതിർക്കുകയാണെന്നതെങ്കിലും പരിഗണിക്കേണ്ടതായിരുന്നു. ഈ അടുക്കളപ്പണിയുടെ അന്ത്യമെവിടെയായിരിക്കും? യു.എന്നിലുള്ള വിശ്വാസം ഏതെങ്കിലും സാധാരണ പൗരന് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്തം സഭക്കു തന്നെയാണ്.

ഇനി മറ്റൊരു കാര്യം, കഴിഞ്ഞ മാർച്ചിൽ കാശ്മീരി പണ്ഡിറ്റുകളെ കൂട്ടക്കൊല ചെയ്ത സംഭവത്തിൽ കോഫിഅന്നന്റെ പ്രതിഷേധം മാധ്യമങ്ങളിലൂടെ നാം കണ്ടതാണ്. ആ സംഭവം മനഃസാക്ഷിയുള്ള ആരേയും നടുക്കുമെന്ന കാര്യത്തിൽ സംശയമില്ല. അത് അപലപിക്കപ്പെടേണ്ടതുമാണ്. എന്നാൽ ടൈഗ്രീസ് നദി ചുവക്കുമാറുള്ള രക്ത രൂക്ഷിതവും, അന്താരാഷ്ട്ര പ്രാധാന്യവുമുള്ള ഇറാഖീ പ്രശ്നത്തിൽ തികഞ്ഞ മൗനം പാലിക്കുകയും, ഇന്ത്യയുടെ കേവലം, ആഭ്യന്തരപ്രശ്നത്തിൽ പ്രതികരിക്കുകയും ചെയ്ത അന്നന്റെ നടപടിയാണ് മനസ്സിലാവാത്തത്. ആരെയോ സുഖിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് സഭയുടെ സെക്രട്ടറി ജനറലിൽ നിന്നും വിവിധ ഏജൻസികളുടെ മേധാവികളിൽ നിന്നും ഉണ്ടാവുന്നത്.

യു.എന്നിലുള്ള വിശ്വാസം ഏതെങ്കിലും സാധാരണ പൗരന് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്തം സഭക്കു തന്നെയാണ്.



വീണ്ടും ഇറാഖിലേക്ക് വരാം. യു.എൻ. സഹായത്തോടെ ഇറാഖിനെ നിരായുധീകരിച്ചതിന് ശേഷം അക്രമിക്കുക എന്ന നീച തന്ത്രമാണ് സഖ്യസൈന്യം സ്വീകരിച്ചതെന്ന് ഇറാഖ് പ്രധാനമന്ത്രി താരിഖ് അസീസിന്റെ ആരോപണം ശ്രദ്ധിക്കപ്പെടേണ്ടതാണ്. റോബർട്ട് ഫിസ്കടക്കമുള്ളവർ ഈ ആരോപണം ശരിവെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിലും യു.എൻ. തികഞ്ഞ മൗനം പാലിക്കുകയാണ് ചെയ്ത്. ഭീതിജനകമായ ഈ മൗനം തന്നെയാണ് ലോകത്തെങ്ങുമുള്ള സമാധാനകാംക്ഷികളെ ആശങ്കാഭരിതരാക്കുന്നതും. ഇറാഖ് സഭയുടെ വിലക്കുകൾ മറികടന്നിട്ടുണ്ടെങ്കിൽ, അതിനെ ചോദ്യം ചെയ്യാൻ അമേരിക്കയേയും ബ്രിട്ടനേയും അനുവദിക്കരുതായിരുന്നു. സഭയുടെ പരമാധികാരത്തെ ചോദ്യം ചെയ്യാൻ സമ്മതിക്കരുതായിരുന്നു. ക്രമസമാധാന പ്രശ്നങ്ങളിൽ സഭയുടെ സാന്നിദ്ധ്യം അറിയിക്കാൻ രക്ഷാസമി

തിക്ക് പ്രത്യേക സൈനിക വിഭാഗമുണ്ടെന്നത് നമുക്ക് മറന്നു കൂടാ. ആയുധ പരിശോധനയുടെ മറവിൽ ഇറാഖിന്റെ തന്ത്രപ്രധാന രഹസ്യങ്ങൾ പരിശോധകർ ചോർത്തിയ കാര്യം വ്യക്തമായ സാഹചര്യത്തിൽ ഐക്യരാഷ്ട്ര സഭയ്ക്ക് മേൽപതിക്കുന്ന സംശയദൃഷ്ടിയുടെ ആഴം വർദ്ധിക്കുകയാണ് ചെയ്യുന്നത്.

ജനീവാ കരാറിന്റെ പരസ്യമായ ലംഘനമാണ് ഇറാഖ് ഭരണകൂടം നടത്തുന്നത് എന്ന ഗുരുതരമായ ഒരാരോപണമാണ് സഖ്യശക്തികൾ ഉയർത്തുന്നത്. അതിനവർ ഉയർത്തിക്കാട്ടുന്ന തെളിവാകട്ടെ 'അൽജസീറ' ടി.വി. യിൽ പ്രദർശിപ്പിച്ച യുദ്ധത്തടവുകാരുടെ വിവിധ ദൃശ്യങ്ങളും. അക്ഷരാർത്ഥത്തിൽ തന്നെ ഇത് ജനീവാ കാരറിന്റെ നഗ്നമായ ലംഘനമാണ്. എന്നാൽ ഇതിനൊരു മറുവശമുണ്ട്. ആദ്യമായി യുദ്ധത്തടവുകാരെ ചോദ്യംചെയ്യുന്നതും, അക്രമിക്കുന്നതുമായ ദൃശ്യങ്ങൾ പ്രദർശിപ്പിച്ചത് അമേരിക്കൻ നിയന്ത്രിത ചാനലായ 'ഫോക്സ് ന്യൂസാണ്', സൗകര്യപൂർവ്വം ഇത് മറച്ചുവെച്ച്, തങ്ങൾക്കും അതേ ദുരനുഭവം നേരിട്ടപ്പോഴാണ് പുതിയആരോപണവുമായി ഇവർ മുന്നോട്ടു വന്നിരിക്കുന്നത്. ഇതിനിയും ആവർത്തിച്ചാൽ കഠിനമായ ശിക്ഷ നൽകുമെന്നാണ് ബുഷിന്റെ പ്രസ്ഥാവന. സത്യത്തിൽ ജനീവാ കരാറിന്റെ ലംഘനം നടന്നിട്ടുണ്ടെങ്കിൽ അതിന്റെ മേൽ ശിക്ഷാ നടപടി കൈകൊള്ളാനുള്ള നടപടി പൂർണ്ണമായും ഐക്യരാഷ്ട്ര സഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഈ അധികാരവും ബുഷിനും കൂട്ടർക്കും കൊടുക്കാനുള്ള തയ്യാറെടുപ്പിലാണെന്ന് വേണം സഭയുടെ മൗനത്തിൽ നിന്നും അനുമാനിക്കാൻ.

മറ്റൊരു തർക്കം നിലനിൽക്കുന്നത് യുദ്ധാനന്തര ഇറാഖിനെ കുറിച്ചുള്ളതാണ്. യുദ്ധം തുടങ്ങുന്നതിനു മുമ്പ് അമേരിക്ക പറഞ്ഞത് സദ്ദാമിനെ താഴെയിറക്കിയതിനുശേഷം ഭരണം ഐക്യരാഷ്ട്രസഭയെ ഏൽപ്പിക്കുമെന്നായിരുന്നു. പക്ഷേ, ഇന്ന് ലോകരാഷ്ട്രങ്ങളുടെ മുഴുവൻ അഭ്യർത്ഥനയും നിരാകരിച്ചിരിക്കുകയാണ്. യാങ്കികൾ യുദ്ധാനന്തര ഇറാഖിനെ ഐക്യരാഷ്ട്രസഭയ്ക്ക് വിട്ടുകൊടുക്കുകയില്ലെന്ന കടുംപിടുത്തത്തിലാണവർ.ഇതൊന്നും തങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളല്ല എന്ന നിലയിലുള്ള ഉദാസീന നിലപാടുമായി ഐക്യരാഷ്ട്രസഭയും അതിന്റെ സെക്രട്ടറി ജനറലും മണ്ണുംചാരി നിൽക്കുകയാണ്.

ഒരു സംഘടന അല്ലെങ്കിൽ ഒരു പ്രസ്ഥാനം, അതിന്റെ സ്ഥാപിത ലക്ഷ്യങ്ങളോട് നീതിപുലർത്തുന്നില്ലെങ്കിൽ, അല്ലെങ്കിൽ ലക്ഷ്യത്തിൽ നിന്നും വ്യതിരിക്തമാവുകയാണെങ്കിൽ അതിന്റെ കഴുത്തിൻ മരണക്കുരുക്ക് വീണെന്ന് സാരം. ഈയൊരർത്ഥത്തിൽ നോക്കുകയാണെങ്കിൽ ഐക്യരാഷ്ട്രസഭ ഇനിയെത്രനാൾ.? ആനുകാലിക സംഭവവികാസങ്ങളുടെ അടിസ്ഥാനത്തിൽ ചോദ്യം പ്രസക്തമാവുകയാണ്. സർവ്വരാഷ്ട്ര സംഘടനയുടെ അവസ്ഥ ഐക്യരാഷ്ട്ര സഭക്ക് വരാതിരിക്കണമെങ്കിൽ സഭയുടെ ഒരു ശുദ്ധികലശം അനിവാര്യമായിരിക്കുകയാണ്. ലോകസമാധാനത്തിന്റെ കടയ്ക്കൽ കോടാലിവെക്കുന്ന പ്രവണത ഏത് ഭാഗത്തുനിന്നുണ്ടായാലും ഐക്യരാഷ്ട്രസഭയിലേക്ക് പ്രത്യാശയോടെ ഉറ്റുനോക്കുന്ന കോടിക്കണക്കായ സാധാരണക്കാരുടെ ആശങ്ക അകറ്റാൻ സഭയ്ക്ക് കഴിയുമോ....?

പിൻകുറി: വൈകിയാണെങ്കിലും കോഫി അന്നന് ബോധോദയമുണ്ടായത് പോലെ തോന്നുന്നു. യുദ്ധത്തിനു ശേഷം നടന്ന രക്ഷാസമിതിയോഗത്തിൽ സമിതിയുടെ വീഴ്ച അന്നൻ സമ്മതിച്ചിരിക്കുകയാണ്. ഇതിന്റെ ഫലം എല്ലാവരും അനുഭവിക്കുമെന്നും അദ്ദഹം പറഞ്ഞു. ●

യുദ്ധം തുടങ്ങുന്നതിനു മുമ്പ് അമേരിക്ക പറഞ്ഞത് സദ്ദാമിനെ താഴെയിറക്കിയതിനുശേഷം ഭരണം ഐക്യരാഷ്ട്രസഭയെ ഏൽപ്പിക്കുമെന്നായിരുന്നു. പക്ഷേ, ഇന്ന് ലോകരാഷ്ട്രങ്ങളുടെ മുഴുവൻ അഭ്യർത്ഥനയും നിരാകരിച്ചിരിക്കുകയാണ്.

പിന്നിട്ട നൂറ്റാണ്ടുകളിൽ വിവിധ നാടുകളും സമൂഹങ്ങളും അഭിമുഖീകരിച്ചത് സൈനികമായ അധിനിവേശ നീക്കങ്ങളെയായിരുന്നു. സായുധ ആക്രമണങ്ങളുടെയും സൈനിക പടയോട്ടങ്ങളുടേയും നീണ്ട കഥകൾ ലോകചരിത്രത്തിന്റെ ഭാഗമാണ്. ഭൂമിശാസ്ത്രപരവും അധികാരപരവുമായ കാരണങ്ങളാൽ സായുധപരമായ അധിനിവേശശ്രമങ്ങൾ സാധ്യമല്ലാതെ വന്നഘട്ടത്തിലാണ് അധിനിവേശത്തിന്റെ നൂതന മാർഗങ്ങളെകുറിച്ച് കമ്പോള ശക്തികൾ ചിന്തിച്ചു തുടങ്ങിയത്. ലോകത്ത് നടന്ന വെട്ടിപ്പിടിത്തങ്ങളുടെയെല്ലാം പിന്നിൽ പ്രവർത്തിച്ചത് കമ്പോള ശക്തികളായിരുന്നുവല്ലോ. സംസ്കാരികവും വിദ്യാഭ്യാസപരവുമായ രംഗങ്ങളിലാണ് അധിനിവേശ ശക്തികളുടെ കൈകൾ പിന്നിട് നാം കാണുന്നത്. വിദ്യാഭ്യാസ രംഗത്ത് കൈവെക്കുന്നതോടെ ഒരു ജനതയുടെ സംസ്കാരത്തെ തന്നെ തങ്ങളുടെ ഇംഗിതത്തിനനുസൃതമായി മാറ്റിയെടുക്കാമെന്ന് അവൻ കണ്ടെത്തിയിരിക്കുന്നു.

വിദ്യാഭ്യാസം ഒരു സമൂഹത്തിന്റെ ചാലകശക്തിയാണ്. മനുഷ്യത്വത്തിന്റെ വികാസമാണ് വിദ്യാഭ്യാസത്തിലൂടെ സാധിതമാകേണ്ടത്. മാനുഷിക ഗുണങ്ങൾ വിദ്യാർത്ഥിയിൽ സൃഷ്ടിക്കേണ്ടത് ചുറ്റുപാടുകളോടുള്ള സർഗാത്മകമായ പ്രതികാരവും സഹജീവികളോടുള്ള ഊഷ്മളമായ സഹവർത്തിത്വവുമാണ്. അറിവിന്റെ ചക്രവാളങ്ങൾ വികസിക്കുകയും വിദ്യാഭ്യാസപരമായി ഏറെ മുന്നോട്ടു പോകുകയും ചെയ്ത ആധുനിക സമൂഹത്തിലെ വിദ്യാർത്ഥിയിൽ ഈ ഗുണങ്ങൾ കാണപ്പെടുന്നില്ലെങ്കിൽ അതിന്റെ കാരണം അന്വേഷിക്കണ്ടത് സമൂഹത്തിന്റെ ആരോഗ്യകരമായ ഭാവിയിൽ താൽപര്യമുള്ള നന്മേതുക്കളായ ഓരോരുത്തരുടെയും പ്രഥമപ്രധാനമായ കർത്തവ്യമാണ്. ഈ രീതിയിലുള്ള ഏതൊരന്വേഷണവും

# അകവും പുറവും അധിനിവേശം ചെയ്യപ്പെടുന്ന വിദ്യാർത്ഥി



സി.ജുനൈദ്
രണ്ടാം വർഷ ബി.എസ്.സി ഫിസിക്സ്

അവസാനിക്കുന്നത് നിലവിലുള്ള വിദ്യാഭ്യാസ വ്യവസ്ഥയുടെ മൗലികമായ ദൗർബല്യങ്ങളിലായിരിക്കും. വിദ്യാർത്ഥിയെ വരിഞ്ഞു മുറുക്കിയിരുന്ന അധിനിവേശത്തിന്റെ ചങ്ങലക്കെട്ടുകളുടെ ഭീകരമായ സാന്നിദ്ധ്യം അപ്പോഴാണ് നമുക്ക് അനുഭവവേദ്യമാക്കുന്നത്.

വിദ്യാഭ്യാസത്തിൽ നിന്ന് മൂല്യങ്ങൾ തിരസ്കരിക്കപ്പെടുകയും അത് അപമാനവീകരിക്കപ്പെടുകയും ചെയ്തപ്പോഴുണ്ടായ അനിവാര്യമായ പതനമാണ് വാണിജ്യവൽക്കരണം.(COMMERCIALISATION) വാണിജ്യവൽക്കരിക്കപ്പെട്ട വിദ്യാഭ്യാസ വ്യവസ്ഥയിൽ വിദ്യാർത്ഥി വെറും അസംസ്കൃത വസ്തുവാണ്. വിദ്യാർത്ഥിയുടെ ഈ പതനം സേവനത്തിൽ നിന്നും വ്യാവസായത്തിലേക്കുള്ള ഒരു വ്യവസ്ഥയുടെ പ്രയാണത്തിന്റെ അനിവാര്യമായ പരിണതിയാണ്. ആധുനിക മനുഷ്യൻ ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. ജീവിതത്തെക്കുറിച്ച് അവന്റെ സ്വപ്നങ്ങളിൽ യാഥാർഥ്യങ്ങളുടെ നെരിപ്പോടുകളിൽ എരിഞ്ഞുമരുന്നത് നിസ്സഹായതയോടെ നോക്കി നിൽക്കാൻ അവൻ വിധിക്കപ്പെട്ടിരിക്കുന്നു. വ്യാവസായിക പുരോഗതിയുടെ ഉത്തുംഗതയിലെത്തി നിൽക്കുന്ന രാജ്യങ്ങളിലെ ജനതകളെ പരിശോധിച്ചാൽ നമുക്ക് ഇത് തീർച്ചയായും ബോധ്യപ്പെടാവുന്നതേയുള്ളു. ജീവിതത്തെകുറിച്ച് കടുത്ത നിരാശാബോധമാണ് അത് മനുഷ്യനിൽ സൃഷ്ടിച്ചത് .ഈ പ്രതിസന്ധി സമൂഹത്തിന്റെ തന്നെ ഭാഗമായ വിദ്യാർത്ഥിയിലും സന്നിവേശിക്കപ്പെട്ടിരിക്കുന്നു. വ്യവസ്ഥാപിതവും പ്രച്ഛന്നവുമായ പ്രതിലോമ ചിന്തകളുടെ ആവിർഭാവത്തിനാണ് ഇത് കാരണമായത്. വിവിധ രൂപങ്ങളിലുള്ള പ്രതിലോമചിന്തകൾ വിദ്യാർത്ഥികളുടെ പ്രബുദ്ധതക്കുമേൽ നിഴൽവിരിച്ചിരിക്കുന്നു.

**അരാഷ്ട്രീയവൽക്കരണം**

ഗുണനിലവാരം ഉയർത്താ(QUALITY IMPROVMENT) നെന്ന പേരിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മിക്ക പരിഷ്കാരങ്ങളുംടേയും ആത്യന്തികലക്ഷ്യം വിദ്യാർത്ഥികളുടെ അരാഷ്ട്രീയ വൽക്കരണമാണ്. ചുറ്റുപാടുകളോട് ഇടപഴകാനറിയാത്ത പ്രതികരണശേഷി നഷ്ടപ്പെട്ട പുസ്തകപുഴുക്കളായ അക്കാദമിക ജീവികളെയാണ് അരാഷ്ട്രീയ വൽക്കരണം ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളെ രാഷ്ട്രീയ ഷണ്ഡീകരിക്കുന്നതോടെ തങ്ങൾക്ക് മേധാവിത്വം ലഭിക്കുന്ന ഒരു സമൂഹ സൃഷ്ടിയാണ് അധിനിവേശശക്തികൾ ലക്ഷ്യമിടുന്നത്. അധാർമികതയും കാപാലികത്വവും കൊടികുത്തി വാഴുന്ന വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിലും കലാലയ രാഷ്ട്രീയത്തെ സംബന്ധിച്ചു ഹൈക്കോടതി വിധിയെ വിമർശനബുദ്ധ്യം വീക്ഷിക്കേണ്ടിവരുന്നത് ഈയൊരു സാഹചര്യത്തിലാണ്. ജനാധിപത്യ ഭരണകൂടങ്ങൾ ജനവിരുദ്ധമായ സ്വാർഥതാൽപര്യങ്ങൾ നടപ്പിലാക്കുവാൻ വികസന (DEVELOPMENT) ത്തെ എങ്ങനെ ഉപയോ

വർണശബളിമയുടെ പുറം പകിട്ടിൽ കാഴ്ചയെ തളച്ചിടുകയും ഉൾക്കാഴ്ച നഷ്ടപ്പെടുത്തുകയുമാണ് ഉപഭോഗസംസ്കൃതി ചെയ്യുന്നത്. തങ്ങളുടെ അധിനിവേശ മോഹങ്ങൾ സഫലീകരിക്കാനുള്ള കമ്പോള ശക്തികളുടെ ഒരായുധമാണിത്.

ഗപ്പെടുത്തുവോ അതു തന്നെയാണ് ഗുണനിലവാ ഉയർച്ചയെ മറയാക്കി സർക്കാറുകളും സ്വകാര്യ ഏജൻസി കളും ചെയ്തു കൊണ്ടിരിക്കുന്നത്.

**ഉപഭോഗാസക്തി**

വർണശബളിമയുടെ പുറം പകിട്ടിൽ കാഴ്ചയെ ത ച്ചിടുകയും ഉൾക്കാഴ്ച നഷ്ടപ്പെടുത്തുകയുമാണ് ഉപഭോ ഗസംസ്കൃതി ചെയ്യുന്നത്. തങ്ങളുടെ അധിനിവേ മോഹങ്ങൾ സഫലീകരിക്കാനുള്ള കമ്പോള ശക്തികളു ഒരായുധമാണിത്.

വിദ്യാർത്ഥിയുടെ ജീവിത സങ്കൽപങ്ങൾ നിർണ ക്കുന്നത് ഉപഭോഗസംസ്കാരമാണ്. അതിനാൽ ഉപഭോ സാമഗ്രികൾ പരമാവധി ലഭ്യമാക്കലും സുഖഭോഗങ്ങൾ പ മാവധി അനുഭവിക്കലുമായിത്തീരുന്നു അവന്റെ ജീവി ലക്ഷ്യം. ഈ ലക്ഷ്യത്തിലേക്കുള്ള ചവിട്ടുപടിയായാ അവൻ പിന്നീട് വിദ്യാഭ്യാസത്തെ സമീപിക്കുന്നത്. വി ഭ്യാസത്തിന്റെ മഹിതമായ ലക്ഷ്യങ്ങൾ ഇവിടെ ബലിക ക്കപ്പെടുന്നു. ജീവിതത്തിന്റെ പുറം പകിട്ടിൽ മുങ്ങി അ പൊരുളിലേക്ക് ആഴ്ന്നിറങ്ങാൻ കഴിയാത്ത ഒരു വിദ്യാർത്ഥി ക്കെങ്ങനെ ഭാവിയോടുള്ള പ്രതിബദ്ധത നിറവേറ്റാനാകു

**വർഗീയവത്കരണം**

അഴിമതിയിലും അധാർമികതയിലും കഴുത്ത ആണ്ട ഭരണകൂടങ്ങൾ സാമ്രാജ്യത്വ ഏജൻസികളുടെ ദ ളുകളായി അധഃപതിച്ചിരിക്കുന്നു. ജനങ്ങളുടെ പ്രതി രണശക്തിയെ തങ്ങൾക്കനുകൂലമായി വഴിതിരിച്ചു വിടു തിനാണ് വർഗിയത ഉപയോഗിക്കപ്പെടുന്നത്. സ്വന്തം സ പാഠിയെ വംശത്തിന്റെയും സമുദായത്തിന്റെയും പേരി വേർതിരിച്ചുകാണുന്ന രൂപത്തിൽ വർഗീയത വിദ്യാർത്ഥി ളിലേക്ക് പടർന്നുകയറിയിരിക്കുന്നു. എൺപതുകളി മണ്ഡൽകമ്മീഷൻ വിരുദ്ധ പ്രക്ഷോഭങ്ങൾ ഇത് വ്യക്തമാ നമ്മെ ബോധ്യപ്പെടുത്തുന്നു.

കാവിവൽക്കരണം (SAFFRONISATION) എന്നറിയപ്പെടുന്ന വിദ്യാഭ്യാസ വർഗീയ വൽകരണം ഭരണകൂടങ്ങളിലൂടെ അതിദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ചരിത്രത്തിലെ പച്ചയായ യാഥാർഥ്യങ്ങളെ ഭയക്കുന്നവർ ചരിത്രവസ്തുതകളെ തങ്ങൾക്കനുകൂലമാക്കി മാറ്റിപണിയുന്ന തത്രപാടിലാണ്. വിദ്യാഭ്യാസ സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിൽ ഏറെ പ്രത്യാഘാതമുണ്ടാക്കുന്ന നീക്കമാണിത്.


**അശ്ലീലത**

ഉപഭോഗസംസ്കാരത്തിന്റെ അനിവര്യമായ ദുരന്തമാണ് അശ്ലീലത. വിദ്യാർത്ഥിയിൽ അവശേഷിക്കുന്ന സകലമൂല്യങ്ങളെയും നിഷ്കാസനം ചെയ്യുന്ന ഭീകരമായ സംസ്കാരിക വൈകൃതമാണത്. പത്രങ്ങൾ മുതൽ ഇലക്ട്രോണിക് മീഡിയകൾ വരെ അശ്ലീലമയമാണ്. ഇന്റർനെറ്റ് കഫെകൾ വിദ്യാർത്ഥിജീവിതിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. വസ്ത്രമുറിയിലും ഫാഷൻപരേഡും ഉയർന്ന സംസ്കാരിക പ്രവർത്തനങ്ങളായി വിലയിരുത്തുന്ന വർത്തമാന പത്രങ്ങളും പ്രസിദ്ധീകരണങ്ങളുമാണ് വിദ്യാർത്ഥിയെ നിയന്ത്രിക്കുന്നതെന്നു വരുമ്പോൾ അവൻ അശ്ലീലതയുടെ പാഴ്ച്ചേറിലമരുവാൻ മറ്റെന്തുവേണം. വിദ്യാർത്ഥിയെ അവന്റെ യഥാർഥ ലക്ഷ്യത്തിൽ നിന്നകറ്റുന്നതിൽ മുകളിൽ പറഞ്ഞ വസ്തുതകൾ നിസീമമായ പങ്കാണ് വഹിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ ദിനം തോറും വന്നുകൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളിലൂടെ കമ്പോളശക്തികൾ തങ്ങളുടെ പിടി മുറിക്കിക്കൊണ്ടിരിക്കുകയാണ്. സമൂഹത്തിൽ വിവിധ തട്ടുകളെ സൃഷ്ടിക്കുകയെന്നത് എല്ലാ ചൂഷകശക്തികളുടേയും വിജയത്തിന് അനുപേക്ഷ്യമാണ്. ഭരിക്കുന്നവരുടെ മേൽനോട്ടത്തിൽ വിദ്യാഭ്യാസരംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളിലൂടെ വിദ്യാർത്ഥി സമൂഹം വിവിധ തട്ടുകളായി മാറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്.

കോഴ്സുകളെ വിവിധ തട്ടുകളായിത്തിരിച്ചുകൊണ്ട് അവയിൽ ചേദന മൂല്യമുള്ളവയിൽ സ്വകാര്യ ഇടപെടൽ വർദ്ധിപ്പിക്കുകയും സർക്കാർ പങ്കാളിത്തം കുറച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതിലൂടെ കമ്പോളശക്തികളുടെ അജണ്ട നടപ്പിലാക്കുന്നകയാണ് ഭരണകൂടത്തിന്റെ കാർമികത്വത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതു മൂലം സമൂഹത്തിലെ വലിയൊരു വിഭാഗം പ്രാന്തവൽക്കപ്പെടുന്നത് കാണാതെ പോകുകയാണ്. നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ പരിഷ്കരണ സമിതികളുടെയും മറ്റു വിദ്യാഭ്യാസ ഏജൻസികളുടെയും നേതൃത്വം ഉന്നതവ്യവസായപ്രമുഖർ നിയന്ത്രിക്കുമ്പോൾ ഇത് സംഭവിക്കാതിരിക്കുന്നതെങ്ങനെയാണ്.

നേരായ ദിശയിലൂടെയുള്ള സ്വത്വവികാസത്തിന് തടസ്സമായി നിൽക്കുന്ന വിദ്യാർത്ഥിയുടെ അകവും പുറവും നിരൂപണം ചെയ്യാതെ വിദ്യാഭ്യാസത്തെകുറിച്ച ഏതൊരു ചർച്ചയും നിരർഥകമാണ്. നഷ്ടപ്പെട്ടുപോയ സ്വത്വം വീണ്ടെടുത്തുനൽകേണ്ട ചുമതല സമൂഹത്തിന്റേതാണ്. അതിൽ സമൂഹം പരാജയപ്പെടുകയാണെങ്കിൽ അത് ഭാവിയുടെ ദുരന്തമായിരിക്കും.

1835-ൽ മെക്കാളെ പ്രഭു പുറത്തിറക്കിയ വിദ്യാഭ്യാസ രേഖയിൽ ബ്രിട്ടീഷ് കൊളോണിയൻ ശക്തികൾ തങ്ങളുടെ അധികാരം നിലനിർത്തുന്നതിന് ഉപയോഗപ്പെടുത്തിയത് വിദ്യാഭ്യാസത്തെയാണെന്ന് വളച്ചുകെട്ടില്ലാതെപറയുണ്ട്. നിർഭാഗ്യകരമെന്ന് പറയട്ടെ ഇതേ വ്യവസ്ഥ തന്നെയാണ് കാതലായ മാറ്റങ്ങളൊന്നുമില്ലാതെ നാം പിന്തുടർന്നുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ ശരിയായ ലക്ഷ്യം നേടിയെടുക്കുന്നതിനും വിദ്യാർത്ഥിയെ അവന്റെ സ്വത്വത്തിൽ മാറ്റി പണിയുന്നതിനും പര്യാപ്തമായ ഒരു വ്യവസ്ഥയെ കുറിച്ചുള്ള അന്വേഷണം തീർച്ചയായും പ്രസക്തമാണ്. നിലവിലുള്ള വ്യവസ്ഥകൾ പരാജയപ്പെട്ടിരിക്കെ വിശേഷിച്ചും.




അബ്ദുൽ ഗഫൂർ.യു.കെ.
രണ്ടാം വർഷ ബി.എ അറബിക് & ഇസ്ലാമിക് ഹിസ്റ്ററി

# അറബി ഭാഷയും മലയാള നാടും

**കാ**രക്കമരങ്ങളുടെയും ഒട്ടകക്കാഫിലകളുടെയും നാടായ അറേബ്യയും കേരവൃക്ഷങ്ങളുടെയും കാള വണ്ടികളുടേയും നാടായ കേരളവും തമ്മിലുള്ള ബന്ധത്തിന് സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്. എല്ലാറ്റിന്നും സാക്ഷിയായ അറബിക്കടലും ഷഹരിയാർ രജാവിനോട് ഷഹറസാദ് പറഞ്ഞ 'ആയിരത്തൊന്ന് രാവുകളി'ലെ അറബിക്കഥകളും പണ്ടുകാലം തൊട്ടേ മലയാളനാടിന് പരിചിതങ്ങളാണ്. ക്രിസ്തുവിന് മുമ്പുള്ള സഹസ്രാബ്ദത്തിന്റെ ആദ്യ നൂറ്റാണ്ടുകൾ തൊട്ടുതന്നെ കേരളവും അറബ് നാടുകളും തമ്മിൽ വ്യാപാര സമ്പർക്കം ആരംഭിച്ചിരുന്നു. അറബിക്കടലിന്റെ കിഴക്കേകരയിൽ ഏഷ്യാ വൻകരയുടെ തെക്കായി ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ തെക്കുപടിഞ്ഞാറേ കോണിൽ സ്ഥിതിചെയ്യുന്ന കേരളമെന്ന പ്രവിശാലമായ ഭൂപ്രദേശം അറേബ്യൻ വ്യാപാരികൾക്ക് ഏറെ പ്രിയങ്കരമായിരുന്നു. മുഖ്യമായും കുരുമുളക് ആയിരുന്നു അറബികളെ ഇങ്ങോട്ട് ആകർഷിച്ചത്. അവർ കേരളത്തെ 'ബിലാദുൽ ഫുൽഫുൽ'(കുരുമുളകിന്റെ നാട്) എന്ന് വിശേഷിപ്പിച്ചിരുന്നുവത്രെ!. പ്രസിദ്ധ അറബി ഭാവഗീതങ്ങളിലൊന്നിന്റെ കർത്താവും, ആദ്യകാല അറബിസാഹിത്യത്തിലെ അതുല്ല്യനായ കവിയുമായിരുന്ന ഇംറുൽഖൈസിന്റെ രചനകളിൽ കുരുമുളകിനെക്കുറിച്ച് പ്രതിപാതിച്ചിട്ടുണ്ട്. പഴക്കമുള്ള ഈ വാണിജ്യ ബന്ധം നിമിത്തം കേരളത്തിലെ കടൽത്തീര കച്ചവട കേന്ദ്രങ്ങളിൽ പൊതുവേ അറിയപ്പെടുന്ന ഭാഷയായിത്തീർന്നു അറബി.

കച്ചവട മേഖലയിൽ പ്രാചീനകാലം തൊട്ടേ ഒരു അന്താരാഷ്ട്ര ഭാഷയായിരുന്നു അറബി. 1498ൽ വാസ്കോഡഗാമ കോഴിക്കോട്ട് വന്നപ്പോൾ അദ്ദേഹത്തിന്റെ കൈവശം പോർച്ചുഗീസ് രാജാവ് സാമൂതിരി രാജാവിന്ന് കൊടുത്തയച്ച കത്ത് അറബി ഭാഷയിലായിരുന്നുവെന്നും തുർക്കിക്കാരനായ ഒരു വ്യാപാരിയായിരുന്നു അത് പരിഭാഷപ്പെടുത്തിയിരുന്നത് എന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് അറബി ഭാഷയുടെ അന്നത്തെ സർവ്വലൗകികതയിലേക്ക് വെളിച്ചം വീശുന്നു. മൊറോക്കോകാരനായ ലോക സഞ്ചാരി ഇബ്നു ബത്തൂത്ത(എ.ഡി. 1304-1378) തന്റെ ഇരുപത്തൊമ്പത് വർഷത്തെ ലോക സഞ്ചാരത്തിനിടെ 1345-1347 കാലഘട്ടത്തിൽ കേരളത്തിന്റെ മലബാർ തീരത്ത് വന്നെത്തിയിരുന്നു. അദ്ദേഹം 'കുരുമുളകിന്റെ നാട്' എന്നായിരുന്നു മലബാറിനെ വിശേഷിപ്പിച്ചത്. പ്രാചീന കേരളത്തിലെ സാമൂഹിക സ്ഥിതിയും ആചാര മര്യാദകളും മറ്റും മനസ്സിലാക്കാൻ ഇബ്നു ബത്തൂത്തയുടെ വിവരണങ്ങൾ ഏറെ ഉപകരിച്ചിട്ടുണ്ട്. താൻ സന്ദർശിച്ച രാജ്യങ്ങളിലെ ജനങ്ങളുടെ മതം, വിശ്വാസം, ആചാരങ്ങൾ, ജീവിത രീതി, ഭരണ സമ്പ്രദായം, ചരിത്രം, ഭൂമിശാസ്ത്രം എന്നിവയെക്കുറിച്ചെല്ലാം 'തുഹ്ഫത്തുന്നുള്ളാർ ഫീ ഗറാഇബിൽ അംസാരി വ അജാഇബിൽ അസ്ഫാർ'(രാജ്യങ്ങളിലെ വിചിത്രതകളെയും സഞ്ചാരങ്ങളിലെ അത്ഭുതങ്ങളെയും സംബന്ധിച്ച് നിരീക്ഷകർക്ക് ഒരു സമ്മാനം) എന്ന അറബി ഭാഷയിലുള്ള തന്റെ യാത്രാവിവരണ ഗ്രന്ഥത്തിൽ വസ്തു നിഷ്ഠമായി ഇബ്നു ബത്തൂത്ത രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു രാജ്യത്ത് ചെന്നാൽ അവിടത്തെ ഭാഷ പഠിക്കുവാനും ആ നാടിനെ കുറിച്ച് പ്രതിപാതിക്കുമ്പോൾ തദ്ദേശിയമായ പദങ്ങൾ നിർലോഭം പ്രയോഗിക്കുവാനും അദ്ദേഹം ശ്രമിച്ചിരുന്നു. മലയാളം അടക്കമുള്ള ഇന്ത്യൻ ഭാഷകളിലെ ധാരാളം വാക്കുകളും ഇബ്നു ബത്തൂത്ത പ്രയോഗിച്ചിട്ടുണ്ട്. അംബ (മാങ്ങ), ശക്കി(ചക്ക),ബൾക്കാൽ(വർഷക്കാലം) തുടങ്ങിയവ ഉദാഹരണങ്ങൾ മാത്രം.

ഒരിക്കൽ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയ അറേബ്യൻ യാത്രക്കാരിൽ നിന്നും കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി കേരള ഭരണം നടത്തിയിരുന്ന ചേരമാൻ പെരുമാൾ മഹാരാജാവ് ഇസ്ലാമിനെക്കുറിച്ചും മുഹമ്മദ് നബി(സ)യെ കുറിച്ചും അറിയാൻ ഇടയായി. ആവേശഭരിതനായ അദ്ദേഹം ഭരണാധികാരം മറ്റു ചിലരെ ഏൽപ്പിച്ച് ആ യാത്രാ സംഘത്തോടൊപ്പം തന്നെ അറേബ്യയിലേക്ക് പുറപ്പെട്ടു. മക്കയി



ലെത്തി ഇസ്ലാം ആശ്ലേഷിക്കുകയും താജ്ജുദ്ദീൻ എന്ന നാമം സ്വീകരിക്കുകയും ചെയ്ത ശേഷം മാലിക് ബ്നു ദീനാറിനെയും സംഘത്തേയും കൂടെ കൂട്ടി കേരളത്തിലേക്ക് മടങ്ങി വരുമ്പോൾ ഒമാനിലെ സലാലക്ക് സമീപമുള്ള 'ശഹർ മുഖല്ല'യിൽ വെച്ച് അദ്ദേഹം മരണപ്പെട്ടു. യാത്ര തുടർന്ന മാലിക് ബ്നു ദീനാറും സംഘവും കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. അവർ അവിടെ ഇന്ത്യയിലെ ആദ്യത്തെ മുസ്ലിം പള്ളി പണി കഴിപ്പിച്ചു. ഇതായിരുന്നു ഇന്ത്യയിലെ ഇസ്ലാമിന്റെ ആഗമനം.

അറബികളെ പോലെ മറ്റു പല വിദേശികളും ഇവിടെ വന്നിരുന്നുവെങ്കിലും അവരുടെ ഭാഷക്കോ സംസ്കാരത്തിനോ ഇവിടെ പരിഗണനാർഹമായ സ്വീകാര്യത ലഭിച്ചില്ല. അറബി ഭാഷയും സംസ്കാരവുമാകട്ടെ മലയാള നാട്ടിൽ ഗണ്യമായ സ്വാധീനം ചെലുത്തി. ചെന്നെത്തിയ പ്രദേശങ്ങളിലെല്ലാം സ്വന്തം വ്യക്തിത്വം നിലനിർത്താനും മറ്റുള്ളവരെ സ്വാധീനിക്കാനും അറബി ഭാഷയ്ക്കു സാധിച്ചു. മതപരമായ ബന്ധത്തിനപ്പുറം കേരളീയന്റെ നിത്യ ജീവിതത്തിൽ ഒരു വലിയ സ്വാധീനം അറബി ഭാഷക്കുണ്ട്.

യൂറോപ്യൻമാരുടെ ആഗമനത്തോടെ കച്ചവട രംഗത്ത് അറബികളുടെ മേൽകോയ്മ കുറഞ്ഞ് വന്നത് വാസ്തവമാണ്. അറബികൾ മറഞ്ഞെങ്കിലും കച്ചവട രംഗത്ത് നിന്ന് അറബി ഭാഷ ഇന്നും മറഞ്ഞിട്ടില്ല. താരിഫ്, ഖബൂൽ, കരാർ, അസ്സൽ, നഖൽ, വസൂൽ, ബദൽ, അനാമത്ത് എന്നീ പദങ്ങൾ ഇന്നും വ്യാപാര രംഗത്ത് മേധാവിത്തം പുലർത്തുന്നു. നീതിന്യായ മേഖലയിലേക്ക് കടന്നാൽ വക്കീലും, വക്കാലത്തും, ഹർജി, മുൻസിഫും, ഒന്നും തന്നെ കേരളീയന്റേതല്ല. ഒസ്യത്ത്, തഹസിലും, അദാലത്തും, മഹസറും, വഖഫും, ഇനാമും അറബി സ്വാധീനം കൊണ്ടുണ്ടായതാണ്. ഒരു കാപ്പിക്കടയിൽ കയറി 'കാവ'യും 'ഹൽവ'യും 'കബാബും' ഒക്കെ അകത്താക്കിയ ശേഷം 'ജുബ്ബ'യുടെ 'കീശ'യിൽ നിന്നും കാശെടുത്ത് കൊടുത്ത് 'ബാക്കി' തിരികെ വാങ്ങി പുറത്തിറങ്ങുമ്പോഴേക്കും എത്ര അറബി പദങ്ങളാണ് നാം കൂട്ടി മുട്ടുന്നത്. 'ജുബ്ബ'ക്ക് പുറമെ 'ബുർക്ക'യും 'കമ്മീസും' 'മക്കനയും' മതം മാറിയ അറബികളാണ്. വിപ്ലവാവേശവുമായി നിരത്തിലിറങ്ങി മുഷ്ടി ചുരുട്ടി ദിഗന്തങ്ങളെ വിറപ്പിച്ച് 'ഇങ്കിലാബ്' വിളിക്കുമ്പോൾ മറ്റൊരു ഭാഷ നമുക്കൊപ്പം നടക്കുന്നുവെന്ന് ആരറിയുന്നു?. ഇതറിഞ്ഞാവണം ഇത്ര കാലം നമ്മൾ മുഷ്ടികൊണ്ടിടിച്ചിട്ടും 'ഇങ്കിലാബ്'എന്ന വാക്ക് മലയാളമായില്ല എന്ന് കവി കുഞ്ഞുണ്ണി മാഷ് പാടിയത്.

ചുരുക്കത്തിൽ മലയാളത്തിൽ സ്ഥലം പിടിച്ച പല അറബി പദങ്ങളും മാറ്റി പകരം മറ്റൊരു പദം വച്ചുകൊടുക്കാൻ ഇല്ലാത്ത വിധം ഇവ തനി 'മലയാളി'കളായി മാറിയിരിക്കുകയാണ്. യഥാർത്ഥത്തിൽ ഒരു ഭാഷ സൃഷ്ടിക്കുന്നതും വികസിപ്പിക്കുന്നതും അത് ഉപയോഗിക്കുന്ന സമൂഹമാണ്. പുതിയ വാക്കുകളുടേയും പ്രയോഗങ്ങളുടേയും സ്രഷ്ടാക്കളും അവർതന്നെ. 'ഭാഷ ഒരു ജനകീയ ഉൽപന്നമാണ്' എന്ന് കാറൽ മാർക്സ് പറഞ്ഞത് അത് കൊണ്ടായിരിക്കണം.

ഒരു സമൂഹത്തിന്റെ വ്യാവഹാര ഭാഷക്ക് മറ്റൊരു ഭാഷയിലുള്ള സ്വാധീനം പലപ്പോഴും സംസ്കാരങ്ങളുടെ ഇഴചേരലിന് കാരണമാകുന്നു. ഇവിടെ വന്ന മതപ്രബോധകർ അദ്യകാലത്ത് അധികസമയവും പള്ളികളിൽ

ഒരു സമൂഹത്തിന്റെ വ്യാവഹാര ഭാഷക്ക് മറ്റൊരു ഭാഷയിലുള്ള സ്വാധീനം പലപ്പോഴും സംസ്കാരങ്ങളുടെ ഇഴചേരലിന് കാരണമാകുന്നു.

തന്നെയാണ് കഴിച്ചുകൂട്ടിയത്. അതിനാൽ മതകാര്യങ്ങൾ പഠിക്കാൻ സാധാരണക്കാർക്ക് പള്ളികളിലേക്ക് വരേണ്ടി വന്നു. മലയാളികളെ മതകാര്യങ്ങൾ പഠിപ്പിക്കുന്നതിനായി, അറബിലിപിയിൽ മലയാളം എഴുതുന്ന 'അറബിമലയാള' സമ്പ്രദായം നിലവിൽവന്നു. അങ്ങിനെ മതപഠനത്തിന്റെ പേരിൽ ഒരു പുതിയ ലിപിയും ഭാഷയും ഉടലെത്തു എന്നത് ഭാഷാചരിത്രത്തിലെ അർത്ഥവത്തായ ഒരദ്ധ്യായമാണ്. മലയാളഭാഷയിലെ ആദ്യത്തെ മണിപ്രവാളമാണ് 'അറബിമലയാളം' ചുരുങ്ങിയത് പതിമൂന്ന് നൂറ്റാണ്ടുകാലത്തെ പഴക്കം അറബിമലയാളത്തിനുണ്ട്. ആദ്യകാലത്തെ മതപഠനകാര്യത്തിൽ അറബിമലയാളത്തിന്റെ പങ്ക് സ്തുത്യർഹമാണ്.

അറബിമലയാള സാഹിത്യത്തിൽ മാപ്പിളപ്പാട്ടുകൾ സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. മൺമറഞ്ഞ മഹാകവി മോയിൻകുട്ടി വൈദ്യർ അറബിമലയാള കവിതക്ക് ഒരു കാലഘട്ടം കൊണ്ട് അളക്കാൻ പോലും കഴിയാത്ത്ര മഹാസംഭാവനകൾ നൽകിയപ്പോൾ രണ്ടു ഭാഷകൾ സുഗമമായി ഇണങ്ങിച്ചേർന്ന് സാഹിത്യലോകത്ത് അത്ഭുതങ്ങൾ സൃഷ്ടിച്ചു.

അറബിഭാഷക്കും സാഹിത്യത്തിനും സംഭാവനകൾ നൽകിയ ധാരാളം അറബി സാഹിത്യത്യകാരന്മാർ കേരളത്തിൽ ജീവിച്ചിരുന്നിട്ടുണ്ട്. കേരളത്തിലെ അറബിസാഹിത്യത്തെ സമ്പുഷ്ടമാക്കിയത് പൊന്നാനിയിലെ മഖ്ദും കുടുംബം വളർത്തിയെടുത്ത വൈജ്ഞാനിക പാരമ്പര്യമായിരുന്നു.

യമനിലെ മഅ്ബറിൽനിന്ന് വന്ന് പൊന്നാനിയിൽ പാർപ്പാക്കിയ മഖ്ദൂമുമാരും, അവരുടെ പിൻതലമുറക്കാരും പല അറബി സാഹിത്യകാരന്മാരേയും സംഭാവന ചെയ്തിട്ടുണ്ട്. സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ (എ.ഡി. 1476–1522) വിശ്രുതനായ ഒരു അറബി ക്കവിയായിരുന്നു. പറങ്കികൾക്കെതിരായ ധർമ്മസമരത്തെ പ്രശംസിക്കുന്ന അറബി വിപ്ലവകാവ്യം രചിച്ചത് അദ്ദേഹമായിരുന്നു. ഇന്ത്യയിൽ, അറബിഭാഷയിൽ രചിക്കപ്പെട്ട പ്രഥമ സമരകാവ്യമായിരുന്നു അത്.

മഖ്ദൂമുമാരിൽ ഏറ്റവും പ്രശസ്തനായിരുന്ന സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ സാമൂതിരി രാജാവിന്റെ ഉപദേശകനായിരുന്നു. രാജാവിനുവേണ്ടി അറബിയിൽ കത്തിടപാടുകൾ നടത്തിയിരുന്നത് അദ്ദേഹമായിരുന്നു. കേരളത്തിന്റെ ആധികാരിക ചരിത്രഗ്രന്ഥമായ 'തുഹ്ഫത്തുൽ മുജാഹിദീനി'ന്റെ കർത്താവ് അദ്ദേഹമാണ്. പ്രാചീന കേരളത്തിലെ അചാരമര്യാദകൾ, സാമൂഹിക ജീവിതം, പറങ്കികൾക്കെതിരായ യുദ്ധചരിത്രം എന്നിവ 'തുഹ്ഫ'യിൽ വിശദമായി പ്രതിപാതിക്കുന്നുണ്ട്. ലോകത്തിലെ മിക്ക ഭാഷകളിലേക്കും അത് വിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ട്. മഖ്ദൂം രണ്ടാമന്റെ 'ഫത്ഹുൽ മുഈൻ' എന്ന കർമ്മശാസ്ത്ര ഗ്രന്ഥത്തിന്റെ എണ്ണമറ്റ പതിപ്പുകൾ ഈജിപ്തിലും സിങ്കപ്പൂരിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മലയാളഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛന്റെ സമകാലികനും അറബിമലയാള കാവ്യമായ 'മുഹ്‌യിദ്ദീൻ മാല' യുടെ കർത്താവുമായ ഖാളി മുഹമ്മദ് പ്രഗത്ഭനായ ഒരു അറബിക്കവിയായിരുന്നു. അദ്ദേഹത്തിന്റെ 'ഫത്ഹുൽ മുബീൻ' പറങ്കികളുമായുണ്ടായ നീണ്ട യുദ്ധത്തിന്റെ ചരിത്രം പ്രതിപാദിക്കുന്ന അറബിമഹാകാവ്യമാണ്. ഖാളി മുഹമ്മദിന്റെ മകനായ ഖാളി മുഹ്‌യിദ്ദീനും അനേകം അറബി കാവ്യങ്ങളുടെ രചയിതാവാണ്. അദ്ദേഹത്തിന്റെ 'ലന്തപ്പടയുടെ നുഴഞ്ഞുകയറ്റത്തിനെതിരെയുള്ള കവിത' കിടയറ്റതാണ്. ഖാളി അബൂബക്കർ കുഞ്ഞിയുടെ ഗ്രന്ഥങ്ങളും പ്രാചീന കേരളത്തിന്റെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നവയാണ്.

അന്ധവിശ്വാസങ്ങൾക്കും സാമൂഹിക ഉച്ചനീചത്വങ്ങൾക്കുമെതിരെ തന്റെ തൂലികയും കവിതയും പടവാളാക്കിയ മഹാപ്രതിഭയായിരുന്നു വെളിയങ്കോട് ഉമർ ഖാളി. മദീന സന്ദർശനവേളയിൽ റൗളാശരീഫിൽവെച്ച്, മുഹമ്മദ് നബി(സ്വ)യെ പ്രകീർത്തിച്ചുകൊണ്ട് അദ്ദേഹം ചൊല്ലിയ 'സ്വല്ലൽ ഇലാഹു' എന്ന കവിത വളരെ പ്രസിദ്ധമാണ്.

ഉമർ ഖാളിയുടെ വന്ദ്യഗുരുവായിരുന്ന മമ്പുറം സയ്യിദ് അലവി തങ്ങൾ, ശിഷ്യനായിരുന്നു സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ, സയ്യിദ് മുഹമ്മദ്ബ്നു ഉമർ ബാ അലവി, സയ്യിദ് ശൈഖ് ജിഫ്രി, സയ്യിദ് കൊച്ചുകോയ തങ്ങൾ വളപ്പട്ടണം, പുതിയങ്ങാടി സൂഫിക്കുട്ടി മുസ്ല്യാർ, മുസ്ല്യാർകത്ത് മമ്മിക്കുട്ടി ഖാസി തുടങ്ങിയവർ സാഹിത്യരംഗത്ത് നിസ്തുല സേവനങ്ങൾ അർപ്പിച്ചവരാണ്.

ഫാറൂഖ് കോളജിന്റെ സ്ഥാപകനായ മൗലാനാ അബുസ്സബാഹ് അഹമ്മദലി മൗലവിയേയും ഇവിടെ സ്മരിക്കേണ്ടതാണ്. ഈജിപ്തിലെ അൽ- അസ്ഹർ സർവ്വകശാലയിൽ നിന്ന്, ലോകത്തിന്റെ നാനാഭാഗത്ത് നിന്നും വന്നെത്തിയവരായ പന്തീരായിരത്തിൽപ്പരം വിദ്യാർത്ഥികളെ പിന്നിലാക്കി ഒന്നാമനായി വിജയിച്ച്, അബുസ്സബാഹ് മൗലവി അറബിസാഹിത്യത്തിൽ ബിരുദം നേടിയിട്ടുണ്ട്. ആദ്യത്തെ ബൃഹത്തായ അറബി മലയാള നിഘണ്ടുവായ 'അൽമൻഹൽ' തയ്യാറാക്കിയത് ഫാറൂഖ് റൗളത്തുൽ ഉലൂം അറബിക് കോളജിന്റെ മുൻപ്രിൻസിപ്പലായ കുറ്റിക്കാട്ടൂർ മുഹമ്മദ് അബുസ്വലാഹ് മൗലവിയും, ഫാറൂഖ് കോളജിന്റെ മുൻപ്രിൻസിപ്പലായ പ്രൊഫ: വി. മുഹമ്മദ് സാഹിബും ചേർന്നാണ്.

അറബ്‌രാജ്യങ്ങൾക്ക് പുറത്ത് അറബിഭാഷക്ക് ഇത്രയധികം പ്രചാരം സിദ്ധിച്ച ഒരു നാട് കേരളത്തെപ്പോലെ വേറെയില്ല. അറബി വിദ്യാലയങ്ങളുടെയും അധ്യാപകരുടെയും എണ്ണത്തിൽ ലോകത്ത് ഇന്നും രണ്ടാം സ്ഥാനം കേരളത്തിനാണ്. അറേബ്യൻ നാടുകളുമായി നിത്യസമ്പർക്കം പുലർത്തിപ്പോരുന്ന ഇന്നത്തെ സാഹചര്യം അറബിഭാഷയുമായുള്ള മലയാളനാടിന്റെ ബന്ധം കൂടുതൽ സുദൃഢമാക്കും.



# ഭാഷ ആയുധമാകുമ്പോൾ


പ്രൊഫ : യാസീൻ അശ്റഫ്

*You taught me language :and my profit on"t*
*Is, I know how to curse :the red plague rid you*
*For learning me your language*
*caliban to prospero*
*in the tempest*

ഷേയ്ക്സ്പിയറുടെ പ്രസിദ്ധ നാടകമായ ദി 'ടെമ്പസ്റ്റിലെ' നായകനാണ് പ്രോസ്പെരോ. മിലാനിലെ രാജപദവിയിൽ നിന്ന് ഭ്രഷ്ടനാക്കപ്പെട്ടതോടെ അദ്ദേഹം വിദൂരസ്ഥവും വിജനവുമായ ഒരു ദ്വീപിൽ കുടിയേറുന്നു.

ദ്വീപിന്റെ 'ഉടമ' അതിലെ പൂർവനിവാസിയായ സൈക്കറാക്സ് എന്ന രാക്ഷസിയാണ്. അവരുടെ മകനായ കാലിബൻ ആണ് ഇപ്പോൾ അവിടെയുള്ളത്. ഈ ദ്വീപിലേക്ക് പ്രോസ്പെരോ എന്ന പരിഷ്കൃത മാന്ത്രികൻ കടന്നെത്തുന്നു. അയാൾ അവിടം സ്വന്തമാക്കുന്നു. നാട്ടുകാരനായ കാലിബനെ അടിമയാക്കുന്നു.

അധീശത്വ സമ്പ്രദായത്തിന്റെ ഈയൊരു ഉപപാഠം *ടെമ്പസ്റ്റ്* നാടകത്തിലുണ്ട്. നാടകകൃത്തായ ഷെയ്ക്സ്പിയർ, കോളനി യജമാനന്മാരുടെ പ്രതിനിധിയായ പ്രോസ്പെരോയുടെ പക്ഷത്താണ്. പ്രോസ്പെരോ ബുദ്ധിശാലിയാണ്, സുമുഖനാണ്, അതേ സമയം ദ്വീപിലെ ആദിവാസിയായ കാലിബൻ 'വിരൂപനായ രാക്ഷസൻ' ആയിട്ടാണ് വിവരിക്കപ്പെടുന്നത്, വെറുമൊരു അപരിഷ്കൃതൻ. പ്രോസ്പെരോക്ക് താങ്ങായി ഏരിയൽ ഉൾപ്പെടെയുള്ള എന്തും അനുസരിക്കുന്ന, ഭൂതങ്ങളുണ്ട്.



രാഷ്ട്രീയ അധിനിവേശം അന്നത്തെലോകത്തെന്നപോലെ ഇന്നത്തെ ലോകത്തും ആഘോഷിക്കപ്പെടുന്നുണ്ട്. 'വെള്ളക്കാരന്റെ ഭാര' മായിട്ടാണല്ലോ 'അപരിഷ്കൃത' സമൂഹങ്ങളെ ഭരിക്കുന്ന ജോലി കണക്കാക്കപ്പെട്ടു വന്നത്. കറുത്തവന്റെ തലയോട്ടിക്ക് വെള്ളക്കാരന്റേതിന്റെ അത്ര വിസ്താരമില്ലെന്നും അതുകൊണ്ട് അവന് ബുദ്ധി കുറവാണന്നും ഒരു 'ശാസ്ത്രീയ' കണ്ടുപിടുത്തം വരെ ഉണ്ടായിട്ടുണ്ട്. ആസ്ത്രേലിയയിലെ ആദിവാസികളെ 'നരഭോജികൾ' ആയി നിരന്തരം ചിത്രീകരിച്ചവരാണ് വെള്ളക്കാരായ അനേകം ചരിത്രകാരൻമാർ. അൽപ്പകാലം മുമ്പ് ആഫ്രിക്കയിലെ ഉഗാണ്ടയുടെ പ്രസിഡന്റായിരുന്ന ഇദി അമീനെക്കുറിച്ച് പ്രചരിപ്പിച്ച ഒരു കാര്യവും അദ്ദേഹം നരഭോജിയാണ് എന്നതായിരുന്നു.എന്നാൽ ഇദി അമീനാക്കട്ടെ, ആസ്ത്രേല്യൻ ആദിവാസിയാകട്ടെ, മനുഷ്യമാംസം ഭക്ഷിച്ചതായി തെളിവിന്റെ അംശം പോലുമില്ല. വംശീയവാദത്തിലൂടെ കോളനി വാഴ്ചയെ ന്യായീകരിക്കാനുള്ള ശ്രമം മാത്രമാണിത്.ഒരു കൂട്ടർ എല്ലാ കാലത്തും ഭരിക്കേണ്ടവരും മറ്റൊരുകൂട്ടർ എക്കാലവും ഭരിക്കപ്പെടേണ്ടവരും ആണെന്ന് സ്ഥാപിക്കാനുള്ള ശ്രമം. മറ്റെല്ലാവരും പ്രകൃത്യാ തന്നെ 'വെള്ളക്കാർക്കു താഴെ' യാണെന്ന് ഡേവിഡ് ഹ്യൂ എഴുതി; അമേരിക്കയിലെ ആദിവാസികളായ 'റെഡ് ഇന്ത്യക്കാർ' പ്രകൃത്യാ തന്നെ വിരൂപരാണെന്ന് ഒലിവർ വെൻഡൽ ഹോംസ് വിധിയെഴുതി: അവരെ പുറത്താക്കി അമേരിക്ക പിടിച്ചെടുക്കാൻ വെള്ളക്കാർക്ക് ദൈവദത്തമായ അനുമതിയുണ്ടെന്നും




വരെ അദ്ദേഹം സൂചിപ്പിച്ചു. "മനുഷ്യ സമൂഹത്തെ ദൈവത്തിന്റെ സ്വന്തം പ്രതിഛായയിൽ വരയ്ക്കാൻ അമേരിക്കയെന്ന കാൻവാസ് തയാറായിക്കഴിഞ്ഞു" എന്നദ്ദേഹം എഴുതിവെക്കുകയും ചെയ്തു. കറുത്തവൻ പിശാചിന്റെ രൂപം: വെള്ളക്കാരൻ ദൈവത്തിന്റെയും — ഇതാണ് സൂത്രവാക്യം.

ഈ സങ്കൽപ്പത്തിൽ, കറുത്തവൻ എന്നും വിരൂപൻ തന്നെ - രാക്ഷസനും രാഷ്ട്രീയ അധീശത്വത്തിന് യുക്തിയുടേതായ ന്യായവും മതപരമായ സാധുതയും നിർമിച്ചെടുക്കാനുള്ള ഇത്തരം ശ്രമങ്ങൾ അധീശത്വത്തിന്റെ അവിഭാജ്യമായ ഭാവം തന്നെയാണ്. 'മാന്ത്രികനായ മാൻഡ്രേക്ക്' എന്ന ചിത്രകഥ ശ്രദ്ധിക്കുക. ബുദ്ധിയും സൂത്രവും ഒത്തിണങ്ങിയ മുഖ്യകഥാപാത്രം വെള്ളക്കാരൻ ആയേ പറ്റൂ. മാന്ത്രികന്റെ സിൽബന്തിയാകാൻ മാത്രം വിധിക്കപ്പെട്ടവനാണ്- അയാളെ അനുസരിക്കാൻ മാത്രം ബുദ്ധിയുള്ളവനാണ് -- കാട്ടുപോത്തിന്റെ കായികബലമുള്ള ലോതർ എന്ന കറുത്തവൻ. ഇവിടെ വെള്ളക്കാരൻ അധിപതിയാണ്; അപരൻ പ്രജയും. വെറും അധികാരമല്ല അധിപതിയെ വ്യത്യസ്തനാക്കുന്നത്. അയാൾ ഉടമ കുടിയാണ് മറ്റുള്ളവർ അടിമയും. പ്രോസ്പെറോയും കാലിബനും തമ്മിലുള്ള ഈ ബന്ധം അവരുടെ സംസ്കാരത്തിലും ഭാഷയിലുമെല്ലാം കാണാം.

അമേരിക്കൻ മൂല്യങ്ങൾ വെച്ച് അപര സംസ്കാരങ്ങളെ അളക്കുകയും അമേരിക്കൻ താല്പര്യങ്ങൾ ആജ്ഞകളായി അപരരെ കേൾപ്പിക്കുകയുമാണ് ചെയ്യുന്നത്.

കാലിബന് ഭാഷ അറിയില്ലെന്ന് പ്രോസ്പെറോ ചൂണ്ടിക്കാട്ടുന്നു. അധിനിവേശകന്റെ ഭാഷയെയാണ് അയാൾ ഉദ്ദേശിക്കുന്നത്. ശരിയാണ്, ആ ഭാഷ കാലിബന് വശമില്ല. എന്നാൽ ദ്വീപിൽ ഒറ്റക്കു കഴിഞ്ഞ കാലിബന് മനുഷ്യന്റെ 'പരിഷ്കൃത' ഭാഷ അറിയില്ലെങ്കിലും പ്രകൃതിയുമായി ഒത്തു പോകാൻ വേണ്ട ഭാഷ അറിയാമായിരുന്നു. അതേ സമയം പ്രോസ്പെറോ ഭാഷയിലൂടെ ചെയ്യുന്നത് ഭൂതങ്ങളെയും കാലിബനെയും — കൊടുങ്കാറ്റ് അടക്കമുള്ള പ്രകൃതിശക്തികളെയും -- സ്വന്തം ആജ്ഞാനുവർത്തികളാക്കുകയാണ്. ആജ്ഞാപിക്കലും അനുസരിപ്പിക്കലുമാണ് ആധിപത്യ ശക്തികളുടെ ഭാഷക്ക് വ്യതിരിക്തത നൽകുന്ന ഭാവം. ഈ ഭാഷ പഠിപ്പിക്കുകയെന്നാൽ ആധിപത്യം അടിച്ചേൽപ്പിക്കുക എന്നാണർഥം. മെക്കാളേപ്രഭു ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ഏർപ്പെടുത്തിയത് ഭരണം സുഗമമാക്കാനായിരുന്നല്ലോ.



ഭാഷാപരമായ കൊളോണിയലിസം അതിസൂക്ഷ്മവും എന്നാൽ അത്യന്തം ഫലവത്തുമായിരിക്കും. ഇന്ത്യയിൽ ആര്യഭാഷകൾക്ക് കല്പിക്കുന്ന ഭരണപരവും സാംസ്കാരികവുമായ മേൽക്കോയ്മ ദ്രാവിഡ ഭാഷകളെ മാത്രമല്ല ദ്രാവിഡ സമൂഹങ്ങളെയും നിയന്ത്രിക്കാൻ ഉപയോഗപ്പെടുന്നുണ്ട്. തെക്കേ ഇന്ത്യക്ക് അന്യമായിരുന്ന വർഗീയജ്വരം ഇവിടേക്ക് പടർന്നു വരുന്നത് വടക്കേ ഇന്ത്യയിൽ നിന്നും അവിടത്തെ ഭാഷാ സംസ്കാരങ്ങളിൽ നിന്നുമാണ്.ഒരു കാലത്ത് ഹിന്ദി അടിച്ചേൽപ്പിക്കുന്നതിരെ ശക്തമായി പ്രതികരിച്ചിരുന്ന തമിഴ് സമൂഹം ആ എതിർപ്പ് പിന്നീട് കുറച്ചു: തമിഴ് രാഷ്ട്രീയത്തിന്റെ വർഗ്ഗീയവത്കരണം ഇതിന് പശ്ചാത്തലമായുണ്ടായിരുന്നു. ശരാശരി ഇന്ത്യക്കാരന്റെ ദൈനംദിനജീതത്തിലെ അനുഭവങ്ങളിൽ സവിശേഷമായ ഭാഷാ ചിഹ്നങ്ങളും ബിംബങ്ങളും ചെലുത്തുന്ന സ്വാധീനവും അതുപയോഗിച്ച് നടക്കുന്ന വർഗീയവത്കരണം സമ്പ്രദായങ്ങളും കുടുതൽ പഠനം അർഹിക്കുന്നു.


ഈയിടെ അഫ്ഘാനിസ്താനിലും ഇറാഖിലും അമേരിക്കൻ നേതൃത്വത്തിൽ നടന്ന അധിനിവേശങ്ങൾക്കും. ഭാഷാകൊളോണിയലിസത്തിന്റെ അകമ്പടിയുണ്ട്. അഫ്ഘാനിസ്ഥാനിൽ അമേരിക്ക പ്രേസലേറ്റർ (phrasealator) എന്ന കമ്പ്യൂട്ടർ സംവി

ധാനം ഇതിന്റെ ഏറ്റവും പരുക്കൻ രൂപമാണെന്നു പറയാം. അമേരിക്കൻ പട്ടാളക്കാർക്ക് ഉപയോഗിക്കേണ്ടി വരാവുന്ന ആയിരത്തോളം പദപ്രയോഗങ്ങൾ തൽക്ഷണം അഫ്ഘാൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്ന യന്ത്രമാണിത്. "കൈ ഉയർത്തിപ്പിടിച്ച് പുറത്തേക്കു വാ" "തല താഴ്ത്തി അമർന്നിരിക്ക് " തുടങ്ങിയ ആജ്ഞകൾ യാങ്കി പട്ടാളം നൽകേണ്ട താമസം, അതിന്റെ പുഷ്തു, ദാരി, ഉർദു വിവർത്തനങ്ങൾ യന്ത്രത്തിലൂടെ പുറത്തുവരും. ജനങ്ങളെ അടക്കിയിരുത്തുക, അടിച്ചൊതുക്കുക — ഇതു മാത്രമാണ് ഫ്രേസലേറ്റർ ഭാഷയുടെ ധർമ്മം. അതുകൊണ്ടുതന്നെ അധിനിവേശകന്റെ കയ്യിലെ തോക്കും ഗ്രനേഡും പോലെ മറ്റൊരു ആയുധം മാത്രമാണീ ഭാഷ. മറ്റൊരു പ്രത്യേകതയും ഈ ഭാഷക്കുണ്ട്. അത് 'വൺവേ സംവേദനം' മാത്രമാണ്. അധിനിവേശകന്റെ ആജ്ഞകൾ കേൾപ്പിക്കാനേ അതുപകരിക്കൂ. മറിച്ച് അധിനിവിഷ്ടജനതയുടെ പരാതികൾ കേൾക്കാനോ അവരുടെ ക്ഷോഭമറിയാനോ അതിൽ സജ്ജീകരണമില്ല. ഈ ഏകദിശാ സ്വഭാവവും അധിനിവേശത്തിന് അത്യാവശ്യമായ ആയുധമാണ് കുറച്ചുകൂടി വിപുലമായി ചിന്തിച്ചാൽ ഇത്തരത്തിലുള്ള വൺവേ സംഭാഷണമാണ് അമേരിക്ക കിഴക്കൻ ലോകവുമായി നടത്തിക്കൊണ്ടിരിക്കുന്നതെന്നു കാണാം. അമേരിക്കൻ മൂല്യങ്ങൾ വെച്ച് അപര സംസ്കാരങ്ങളെ അളക്കുകയും അമേരിക്കൻ താല്പര്യങ്ങൾ ആജ്ഞകളായി അപരരെ കേൾപ്പിക്കുകയുമാണ് ചെയ്യുന്നത്.

ഇറാഖിലും അമേരിക്കൻ മരീനുകൾ ഫ്രേസലേറ്റർ ഉപയോഗിക്കുന്നുണ്ട്. ഇവിടെ പരിഭാഷ ഇറാഖി അറബിയിലേക്കാണെന്നു മാത്രം. ഇത് സൈനിക കയ്യേറ്റത്തിന്റെ ഘട്ടത്തിൽ. എന്നാൽ രണ്ടാം ഘട്ടം "പുനർനിർമ്മാണ" ത്തിന്റേതത്രെ. അതിനു വേണ്ടി യു.എസ്.സൈനിക ആസ്ഥാനമായ പെന്റഗൺ ഇറക്കുന്നത് ഇംഗ്ലീഷ് ഭാഷാധ്യാപകരെയാണ്. സിഡ്നി മുതൽ സിയാറ്റിൽ വരെ നീളുന്ന വെള്ളക്കാരുടെ സാമ്രാജ്യത്തിൽ നിന്ന് തൊഴിലന്വേഷകരുടെ പട ഇറാഖിന്റെ എണ്ണ ക്കൊഴുപ്പിലേക്ക് വന്നിറങ്ങുകയായി. കിന്റർഗാർടൻ മുതൽ യൂണിവേഴ്സിറ്റി തലം വരെ ഇറാഖി വിദ്യാഭ്യാസ സമ്പ്രദായം 'പരിഷ്കരിക്കാൻ' വിദഗ്ധരുമെത്തും.

ലോകത്തിലെ 'നല്ലവരെയും ചീത്തവരെയും' വേർതിരിച്ചു തീരുമാനിക്കാനുള്ള അധീശത്വശക്തികൾ അതു പ്രകാരം പുതിയ ബിംബങ്ങളെ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. അതിശക്തമായ പ്രചാരണങ്ങളിലൂടെ പരിഹാസ്യരും ക്രൂരരുമായി ചിത്രീകരിക്കപ്പെടുന്നവർ എപ്പോഴും കറുത്തവരും തവിട്ടുതൊലിക്കാരുമാണ്.

ലോകത്തിലെ 'നല്ലവരെയും ചീത്തവരെയും' വേർതിരിച്ചു തീരുമാനിക്കാനുള്ള അധീശത്വശക്തികൾ അതു പ്രകാരം പുതിയ ബിംബങ്ങളെ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. അതിശക്തമായ പ്രചാരണങ്ങളിലൂടെ പരിഹാസ്യരും ക്രൂരരുമായി ചിത്രീകരിക്കപ്പെടുന്നവർ എപ്പോഴും കറുത്തവരും തവിട്ടുതൊലിക്കാരുമാണ്. ഇദി അമീൻ മുതൽ സദ്ദാം ഹുസൈൻ വരെ അനേകം പേർ ആസുരതയുടെ ദൃശ്യ ബിംബങ്ങളായി വാർത്തെടുക്കപ്പെട്ടു. ചരിത്രത്തിലെ ഏറ്റവും നിഷ്ഠൂരമായ കൂട്ടക്കൊല ഹിരോഷിമയിലും നാഗസാക്കിയിലും നടത്തിയ അമേരിക്കക്കാർ ഭീകരരുടെയോ ക്രൂരന്മാരുടെയോ പട്ടികയിൽ ഉൾപ്പെടുന്നില്ലതാനും ഇത്തരം ബിംബനിർമാണം സിനിമകളിലൂടെയും ടെലിവിഷൻ പരമ്പരകളിലൂടെയും നിരന്തരം നിർവഹിക്കപ്പെടുന്നു.



കളിപ്പാട്ടങ്ങൾ പോലും ഇങ്ങനെ അധീശത്വത്തിന്റെ ഭാഷയാണ് സംസാരിക്കുന്നത്. അടുത്ത കാലത്ത് അമേരിക്കയിൽ ഒരു

വീഡിയോ ഗെയിമിന്റെ സോഫ്റ്റ്‌വെയർ ഇറങ്ങി. ഗെയിമിൽ അമേരിക്കയുടെയും ബ്രിട്ടന്റെയും പട്ടാളങ്ങളുണ്ട്. കളിക്കുന്നവന് ഒന്നുകിൽ അമേരിക്കൻ പട്ടാളക്കാരനാകാം, അല്ലെങ്കിൽ ബ്രിട്ടിഷ് പട്ടാളക്കാരനാകാം. കളിയുടെ ലക്ഷ്യം ഒന്നു മാത്രം 'സദ്ദാം ഹുസൈനെ' നശിപ്പിക്കുക. അമേരിക്കയിൽ നിർമിക്കുന്ന പല കളിപ്പാട്ടങ്ങൾക്കും വംശീയവും വർഗീയവുമായ ഇത്തരം ചായ്‌വുകളുണ്ട്. എന്നാൽ അക്രമവാസനയെ പ്രോത്സഹിപ്പിക്കുകയും മഹത്വവത്കരിക്കുകയും ചെയ്യുന്ന കളിപ്പാട്ടങ്ങൾ കുറച്ചുകാലമായി വിപണി കയ്യടക്കിട്ടുണ്ട്; പകർച്ച വ്യാധിയായ് പടരുകയാണ് എന്നർഥം.ഇന്ത്യ- ചൈന യുദ്ധകാലത്ത് ദേശീയ വികാരം ഉയർത്താൻ രാജ്യരക്ഷാ മന്ത്രി വി.കെ.കൃഷ്ണമേനോൻ തോക്കിന്റെയും പീരങ്കിയുടെയും രൂപത്തിലുള്ള കളിപ്പാട്ടങ്ങൾ വിപണിയിലിറക്കാൻ ശ്രമിച്ചുവത്രെ. സൈനിക വത്കരണ പ്രവണത വർധിച്ചതോടെ ഇന്ന് ഇത്തരം കളിപ്പാട്ടങ്ങൾ കമ്പോളത്തെ കീഴടക്കിക്കഴിഞ്ഞു.

ഷെയ്ക്സ്പിയറിലേക്കു മടങ്ങാം, അമേരിക്കയിൽ അധിനിവേശ ഭാഷക്കു വേണ്ടി ഈ മഹാ നാടകകൃത്തിനെ ഉപയോഗിക്കുന്നു. റോണാൾഡ് റംസ്ഫെൽഡ് ആണല്ലോ പ്രസിഡന്റ് ബുഷിന്റെ പ്രതിരോധ സെക്രട്ടറി. ഇദ്ദേഹത്തിന്റെ കീഴിലുള്ള പ്രതിരോധനയ രൂപീകരണ ബോർഡിലെ അംഗമായ കെൻ ആഡൽമൻ ഒരു ഷേക്സ്പിയർ വിദഗ്ധനത്രെ. ഷേക്സ്പിയർ നാടകങ്ങൾ അദ്ദേഹം പഠിപ്പിക്കാറുണ്ട്. ദ ഷേക്സ്പിയർ തിയറ്ററിൽ ഡയറക്ടർ ബോർഡിയും അംഗമാണദ്ദേഹം 'ഹെൻറി ദ ഫിഫ്ത്ത്' എന്ന ഷേക്സ്പിയർ നാടകത്തിന് ഒരു ആധുനിക ഭാഷയുമായി അദ്ദേഹം രംഗത്തെത്തിയിരിക്കുന്നു. ശത്രുക്കളെ മികവേറിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് തോൽപ്പിച്ച ഹെൻറിയെ അവതരിപ്പിക്കുമ്പോൾ, അതേരീതിയിൽ സദ്ദാംഹുസൈനെ തോൽപ്പിച്ച ബുഷിനെ ആഘോഷിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. ബുഷിന്റെ ബങ്കർബസ്റ്ററുകളും, ക്ലസ്റ്റർ ബോംബുകളും, യുറേനിയം ആയുധങ്ങളുംമൊക്കെയാണ് സദ്ദാമിനെതിരെ 'പൊരുതിയ'ത്. ഹെൻറി രാജാവിന്റെ കാലത്ത് അദ്ദേഹം ഉപയോഗിച്ച വൻ വില്ലുകളായിരുന്നു ഏറ്റവും പുതിയ 'വാർ ടെക്നോളജി'.

ഹെൻറിയുടെ ആയുധമികവിനെപ്പറ്റി ഷേക്സ്പിയർ ഒന്നും പറഞ്ഞിട്ടില്ല. എന്നാൽ കെൻ ആൽഡർമാന്റെ പുനരാവിഷ്കാരത്തിൽ അത് എടുത്തുപറയുന്നു. ഉദ്ദേശ്യം വ്യക്തം, ഹെൻറി ബുഷിനെപ്പോലെയാണ്. ബുദ്ധിമാനും ശക്തിമാനും സാങ്കേതിക മികവിന്റെ തൽസ്വരൂപം.

ഇംഗ്ലീഷ് ചരിത്രത്തിലെ 'തിളക്കമാർന്ന അധ്യായ'മായ ഹെൻറി രാജാവിന്റെ വിജയം പുതിയ അധിനിവേശങ്ങളാഘോഷിക്കാൻ ഉപയോഗപ്പെടുത്തുന്നത് ഇതാദ്യമല്ല. ബുഷ് ഒന്നാമന്റെ കാലത്തും അതുണ്ടായിരുന്നു. 1991 ഏപ്രിലിലെ 'ഫോർചൂൺ' മാസികയിൽ മൈക്കൻ നോവക് ഇങ്ങനെ എഴുതി.

ബുഷിനെപ്പോലെയായിരുന്നു ഹെൻറി അഞ്ചാമനും. ശത്രുക്കൾ അദ്ദേഹത്തെ സൗമ്യനെന്നും യുദ്ധവീര്യമില്ലാത്തവനെന്നും കളിയാക്കി. ആഗസ്റ്റ് 2 മുതൽ മാർച്ച് 2 വരെ (ഒന്നാം ഇറാഖ് യുദ്ധ വേളയിൽ) ബുഷ്, പണ്ട് ഹെൻറി അദ്ദേഹത്തിന്റെ യുദ്ധാരംഭം മുതൽ അതിന്റെ ക്ലൈമാക്സ് വരെ എന്ന പോലെ, ദിവസം തോറും വ്യക്തിപ്രഭാവത്തിൽ കുതിച്ചു കയറുകയായിരുന്നു. ബുഷിനെന്ന പോലെ ഹെൻറിക്കും 'കരുണം' 'സൗമ്യം' തുടങ്ങിയ വാക്കുകൾ ഇഷ്ടമായിരുന്നു. എന്നാൽ നേരിനു വേണ്ടി വീറോടെ പൊരുതുകയും ചെയ്യുമായിരുന്നു. ബുഷിനെപ്പോലെ ഹെൻറിയും യുദ്ധത്തിനു മുമ്പ് തീവ്രമായി പ്രാർത്ഥന നടത്തി.........

സംഹാരകനെ രക്ഷകനെന്നു വിളിക്കുന്നതാണ് അധിനിവേശത്തിന്റെ ഭാഷ. സൈനികവത്കരണത്തെ അത് ദേശ സ്നേഹമെന്നും വിളിക്കും. കളിക്കോപ്പുകൾ ആയുധങ്ങളായിത്തീരുമ്പോൾ ആയുധങ്ങൾ കളിക്കോപ്പുകളുമാകും ജപ്പാനിലിട്ട അണുബോംബുകൾ 'ചെറിയവനും' 'തടിയനും' ഒക്കെയായാണ് അറിയപ്പെട്ടത്. ബോംബിട്ട് നഗരങ്ങളെ ചുട്ടു നശിപ്പിച്ച അസുരതയെ വിവരിക്കാൻ ഉപയോഗിച്ച കോഡ് 'ബുദ്ധൻ ചിരിക്കുന്നു' എന്നായിരുന്നല്ലോ?

ബോധി വൃക്ഷങ്ങൾ ശ്വസിക്കുന്നത് ദുഷിച്ച അന്തരീക്ഷമാണെങ്കിൽ അവയ്ക്കു മേൽ ഉണ്ടാവുക വിഷക്കനികൾ തന്നെ. അയോധ്യയെന്നാൽ യുദ്ധമില്ലാത്ത ഇടമെന്നർഥം. ബുദ്ധൻ ചിരിക്കുമ്പോഴും അയോധ്യ പുകയുമ്പോഴും പുതിയ ഒരു അസുരഭാഷ ജനിക്കുക കൂടി ചെയ്യുന്നുണ്ട്.

●



# കാമ്പസ് മരിക്കുന്നുവോ?

സെയ്നുൽ ആബിദീൻ. വി
ഒന്നാം വർഷ ബി.എ അറബിക് & ഇസ്‌ലാമിക് ഹിസ്റ്ററി.

ഇന്നത്തെ കാമ്പസ് കേവലം ബിരുദധാരികളെ വാർത്തെടുക്കുന്ന ഫാക്ടറികളായി അധ:പതിച്ചിരിക്കുന്നുവെന്ന് വർഷങ്ങൾക്ക്മുമ്പ് ഡോ:രാധാകൃഷ്ണൻ പറഞ്ഞത് വളരെ പ്രസക്തമാണ്. സമൂഹത്തിന്റെ നാഡിമിടിപ്പറിഞ്ഞ് കൊണ്ട് രാജ്യത്തിന്റെ പുനർനിർമ്മാണ പ്രക്രിയയിൽ മുഖ്യപങ്ക് വഹിക്കേണ്ട കാമ്പസുകൾ ഇന്ന് ഏറ്റവും വലിയ അരാഷ്ട്രീയത്തിന്റെയും നിസ്സംഗതയുടെയും വേദിയായി മാറിയിരിക്കുന്നു. പാഠ്യപദ്ധതിയിൽ ഒരുങ്ങുന്ന പഠനവും തന്റെ സുഖ:സൗകര്യങ്ങളും, അതിനപ്പുറത്തേക്ക് കാമ്പസിന്റെ മനസ്സ് സഞ്ചരിക്കുന്നില്ല. സങ്കുചിത മനോഭാവമുള്ളവരായി കാമ്പസുകൾ മാറിയപ്പോൾ സമൂഹത്തിന്റെ ആകുലതകളും പ്രതീക്ഷകളും അവരറിയുന്നില്ല. ആഗോളവൽക്കരണവും ഉത്തരാധുനികതയും കാമ്പസുകളെയും ബാധിച്ചപ്പോൾ അത് വിദ്യാർത്ഥികളുടെ പ്രതികരണ ശേഷിയേയും നശിപ്പിച്ചു. പുതിയ ജീവിത രീതിയാണോ കാമ്പസിനെ ഈ നിലയിലെത്തിച്ചത്? അതോ കാമ്പസിന് പഴയ ആ ചിന്താശക്തിയും സാമൂഹ്യബോധവും നഷ്ടമായതാണോ? സമൂഹത്തിൽ നിന്നുയരുന്ന ഈ ചോദ്യം ഏറ്റെടുക്കാൻ ഇന്ന് വിദ്യാർത്ഥികൾ തയ്യാറാവുന്നില്ല.

ആദ്യകാല കാമ്പസ് ചിന്തയുടെ തീകനലുകൾ വിതറുന്നതായിരുന്നു. അവരായിരുന്നു സമൂഹത്തിന്റെ പ്രതീക്ഷകളും ആകുലതകളും വ്യാകുലതകളും ഏറ്റെടുത്തിരുന്നത്. അന്നത്തെ കാമ്പസിന്റെ ഏറ്റവും വലിയ സംഭാവന മൂല്യബോധമുള്ള തലമുറയായിരുന്നു. വിദ്യാർത്ഥികൾ ഒഴുക്കിനൊത്ത് നീന്തുന്നവരല്ല. മറിച്ച് ഒഴുക്കിനെതിരെ നീന്തേണ്ടവരാണ്. നാം ചരിത്രത്തിന്റെ ഗതി തിരിച്ച് വിട്ടവരാണ്. നമുക്ക് മുമ്പിൽ പലചരിത്രങ്ങളും പൊളിച്ചെഴുതേണ്ടതായി വന്നിട്ടുണ്ട്. പുതിയ പുതിയ ചരിത്രങ്ങൾക്ക് ഹേതുവായവരാണ് വിദ്യാർത്ഥികൾ. നാം ജനാധിപത്യരാജ്യത്തിന് തിരിച്ചടി നൽകിയവരാണ്. നാം രാഷ്ട്രത്തിന്റെ മുഖഛായ മാറ്റിയവരാണ്. വൈദേശിക ആധിപത്യത്തെ കുഴിച്ചുമൂടിയവരാണ് നമ്മൾ. ഇറാനിലെ ടെഹ്റാനിലെ പുതിയ മാറ്റത്തിന്റെ ഹേതുവായവരാണ് വിദ്യാർത്ഥികൾ. ചൈനയിൽ ടിയാനമൻ സ്ക്വയറിലെ വിപ്ലവത്തിലൂടെ രാഷ്ട്രത്തിന് പുതിയ മാനം നൽകിയവരാണവർ. അന്നത്തെ കാമ്പസുകൾക്ക് ഒരിക്കലും നിസ്സംഗരായി നിൽക്കാൻ കഴിഞ്ഞിരുന്നില്ല. അവർ കാലത്തിന്റെ ചുവരെഴുത്ത് വായിച്ചവരായിരുന്നു. അവർ സമൂഹത്തിന്റെ വിളിയാളത്തിന് ഉത്തരം നൽകിയവരായിരുന്നു. അന്നത്തെ വിദ്യാർത്ഥികൾക്ക് മുമ്പിൽ കൊടുങ്കാറ്റുകൾ പോലും മന്ദമാരുതനായി മാറിയിട്ടുണ്ട്. പാറക്കെട്ടുകൾ പോലും കൃഷിയിടങ്ങളായി രൂപാന്തരപ്പെട്ടിട്ടുണ്ട്. അന്നത്തെ കാമ്പസ് സമൂഹത്തിന്റെ പരിഛേദമായിരുന്നു. അത് കൊണ്ട് തന്നെ സമൂഹത്തിന്റെ യാതനകൾ

അവരുടെയും യാതനയായിരുന്നു. അമേരിക്കയിലും, ഫ്രാൻസിലും, ഇന്ത്യയിലുമൊക്കെ വൈദേശിക ആധിപത്യത്തെ തൂത്തെറിഞ്ഞ് ജനാധിപത്യത്തെ തിരികെ കൊണ്ടുവന്നതിൽ അന്നത്തെ കാമ്പസുകൾക്ക് ഒരു മുഖ്യപങ്കുണ്ട്. വൈദേശിക ആധിപത്യത്തിനെതിരെ പ്രതിഷേധത്തിന്റെ കാഹളം മുഴക്കിക്കൊണ്ട് ഗാന്ധിജി ഇറങ്ങിത്തിരിച്ചപ്പോൾ ആ ഗാന്ധിജിക്ക് സർവ്വവിധപിന്തുണയും നൽകിയത് അന്നത്തെ കാമ്പസകളായിരുന്നു. നിസ്സഹകരണ പ്രസ്ഥാനവുമായി സഹകരിച്ച് വെള്ളക്കാരന്റെ കോളെജുകളും, സ്കൂളുകളും ബഹിഷ്കരിച്ച് കൊണ്ട് പ്രതിഷേധത്തിന്റെ മാർഗ്ഗത്തിൽ മുന്നോട്ട് വന്നതും അന്നത്തെ കാമ്പസകളായിരുന്നു. സ്വാതന്ത്ര്യസമരകാലത്തെ കാമ്പസുകൾ സർഗാത്മക മനസ്സിന്റെ ഉടമകളായിരുന്നു. അക്കാലത്ത് ഇഖ്ബാലിന്റേയും, ജിന്നയുടെയും, ഗാന്ധിജിയുടെയും, ഗോഖലയുടെയും, നെഹ്റുവിന്റെയും രചനകളും അവരുടെ പ്രസംഗങ്ങളും സമൂഹത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. അമേരിക്കയുടെ വൈദേശികാധിപത്യത്തിൽ നിന്നുള്ള മോചനവും ഫ്രാൻസിന്റെ സ്വാതന്ത്ര സമ്പാദനവും പഠിച്ച് മനസ്സിലാക്കിയവരായിരുന്നു അക്കാലത്തെ വിദ്യാർത്ഥികൾ. ലോക ചലനങ്ങളും രാഷ്ട്രീയ ഗതിവിഗതിയും അവർ ഉൾക്കൊണ്ട് അവസരോചിതമായി ഇടപ്പെട്ടിരുന്നു. സ്വാതന്ത്ര്യ സമ്പാദനത്തിന്ന് ശേഷവും വിദ്യാർത്ഥികളുടെ പടധ്വനിക്കുമുമ്പിൽ സമരകാഹളത്തിന്ന് മുമ്പിൽ അധികാര ഹന്തബാധിച്ചവർക്ക് മുട്ടുമടക്കേണ്ടതായിട്ട് വന്നിട്ടുണ്ട്. വിമോചന സമര കാലം പഴയ കാമ്പസിന് ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവമാണ്. അന്നത്തെ ഭരണകൂടത്തെ താഴെയിറക്കിയതിൽ കാമ്പസുകൾക്ക് വളരെ നിർണ്ണായക പങ്കാണുണ്ടായിരുന്നത്. ഇന്ന് കേരള രാഷ്ട്രീയത്തിന്റെ അമരത്തിരിക്കുന്ന പലരും അക്കാലത്തെ കാമ്പസിന്റെ സംഭാവനകാളാണ്. ഇങ്ങനെയൊക്കെ ചിന്താശക്തിയും, പ്രതികരണ ശേഷിയും, സാമൂഹ്യാവബോധമുള്ള കാമ്പസ് എങ്ങനെയാണ് ഇന്നത്തെ ഈ നിസ്സംഗതയിലേക്ക് വഴിമാറിയതെന്ന് വളരെ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്.

വിദ്യാർത്ഥി രാഷ്ട്രീയത്തോടുള്ള വിരക്തിയും അരാഷ്ട്രീയ വാദവുമാണ് ഇന്നത്തെ കാമ്പസിനെ ഈ നിലയിലേക്കെത്തിച്ചത്. വിദ്യാർത്ഥി രാഷ്ട്രീയം അതിന്റെ സകല നിർവ്വചനങ്ങളെയും കാറ്റിൽ പറത്തികൊണ്ടാണ് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പേന ഏന്തേണ്ട കൈകൾ ആയുധമേന്തുമ്പോൾ, പുസ്തകം പിടിക്കേണ്ട കരങ്ങൾ ബോംബ് പിടിക്കുമ്പോൾ ഇത് കാണുന്ന പുതിയ തലമുറക്ക് രാഷ്ട്രീയത്തോട് ഒരു തരം വെറുപ്പാണ് വരുന്നത്. സഹപാഠിയുടെ പുറത്ത് തന്റെ വിപ്ലവ പ്രസ്ഥാനത്തിന്റെ പേര് കുറിക്കുന്നതിൽ ആനന്ദം കണ്ടെത്തുകയും കൊടിയുടെ നിറം മാറിയ കാരണത്താൽ തന്റെ കൂടെ പഠിക്കുന്നവരെ പുഴയിൽ ചാടിച്ച് എറിഞ്ഞ് കൊല്ലുകയും ചെയ്യുന്ന വാർത്തകൾ പുതിയ തലമുറയുടെ മനസ്സിലെത്തുമ്പോൾ ആ മനസ്സുകൾ രാഷ്ട്രീയത്തെ കൂടുതൽ വെറുക്കുന്നു. പരസ്പര സഹകരണത്തിന്റേയും രാഷ്ട്ര പുനർ നിർമ്മാണത്തിന്റേയും വേദിയായ രാഷ്ട്രീയത്തിന്റെ ആ നല്ല മുഖങ്ങൾ അവർ വിസ്മരിക്കുന്നു. ഇങ്ങനെ അവർ തങ്ങളുടെ പഠനത്തിൽ മാത്രം ശ്രദ്ധ പുലർത്തുകയും ചുറ്റുപാടുകളെക്കുറിച്ച് ചിന്തിക്കാതെയും സങ്കുചിത മനസ്സിന്റെ ഉടമസ്ഥരായി. കേവലം പഠനം മാത്രം വിദ്യാർത്ഥികളുടെ അജണ്ടയാകുമ്പോൾ അവർ ലോകത്തിന്റെ ചലനങ്ങളോ കാലത്തിന്റെ വിളിയാളമോ കേൾക്കുന്നില്ല. അവർക്ക് അവരുടെ ലോകം മാത്രം. ഇതിൽ നിന്ന് ഒരു മാറ്റം അനിവാര്യമാണ്. വിദ്യാർത്ഥികൾ സമൂഹത്തിന്ന് ഉപകരിക്കുന്നവരായി മാറണം. രാഷ്ട്രത്തിന്റെ പുനർ നിർമ്മാണ പ്രക്രിയയിൽ പങ്കാളികളാവണം.

"അന്യർക്ക് വേണ്ടി നാം ജീവിക്കുക, അല്ലാത്ത ജീവിതം വ്യർത്ഥമാണെന്ന" വിവേകാനന്ദസ്വാമിയുടെ വാക്കുകൾ എന്നെന്നും നിലനിൽക്കണം. ഇന്നത്തെ കാമ്പസിൽ ഒരു മാറ്റം വരുത്താൻ തീർച്ചയായും സാധിക്കും. ഇന്നത്തെ ഈ അവസ്ഥയിൽ വ്യാകുലപ്പെടാതെ പുതിയ കർമ്മ പദ്ധതികളുമായി വിദ്യാർത്ഥി രാഷ്ട്രീയപ്രസ്ഥാനങ്ങൾ കാമ്പസിനെ സമീപിക്കുക.

അല്ലാമാ ഇഖ്ബാലിന്റെ ഭാഷയിൽ പറഞ്ഞാൽ........

"ഭഗ്നാശനല്ല ഇഖ്ബാൽ

തന്റെ ശൂന്യമാം കൃഷിപ്പാടങ്ങളെ നോക്കി

മണ്ണോ ഫലഭൂയിഷ്ടം

ഒരു തുള്ളി മഴകൂടി ഹേ സാഖീ"

ഈ കാമ്പസ് ഉയരുകയില്ല എന്ന് പറഞ്ഞ് നാം നിരാശരാവേണ്ട. ഈ കാമ്പസിന്ന് പുതിയ ജീവൻ നൽകാൻ നമുക്ക് കഴിയും. നല്ല കർമ്മ പദ്ധതികളുമായി കാമ്പസിനെ സമീപിക്കുകയും വിദ്യാർത്ഥികളുടെ മനസ്സുകളെ ഉണർത്തുകയും ചെയ്യുക. കാമ്പസ് എന്നാൽ കേവലം അറിവിന്റെ ഉൽപാദന ശാല മാത്രമല്ലെന്നും മറിച്ച് അറിവിനെ വിമോചനാത്മകമായി പരിവർത്തിപ്പിക്കേണ്ട ഒരു സാംസ്കാരിക കേന്ദ്രം തന്നെയാണെന്നുമുള്ള ഒരു ബോധം വിദ്യാർത്ഥികളിൽ വളർത്തുക എന്നാൽ നഷ്ടമായ പഴയ കാമ്പസിന്റെ ശൗര്യം തിരിച്ച് പിടിക്കാൻ തീർച്ചയായും നമുക്കു സാധിക്കും. ●

മാധ്യമം സ്റ്റാഫ് റിപ്പോർട്ടറും ഫാറൂഖ് കോളജ് മുൻ സ്റ്റുഡന്റ് എഡിറ്ററുമായ **എം.സി.എ. നാസർ** ഇറാഖിലെ തന്റെ അനുഭവങ്ങൾ മാഗസിൻ സമിതിയുമായി പങ്കുവെക്കുന്നു.

# ദുരന്തത്തിന്റെ

ആക്രമണത്തിന്റെ ദിവസങ്ങളിൽ 'അൽജസീറയിൽ' ആ മുഖം പതിവായി കണ്ടിരുന്നു. ബാഗ്ദാദിലെത്തുമ്പോൾ നേരിൽ കാണണമെന്നു കൂടി ഉറപ്പിച്ചതായിരുന്നു. സാധിക്കുമെങ്കിൽ വിശദമായ ഒരഭിമുഖം തയ്യാറാക്കണം. ഫാറൂഖ് കോളജിലെ ഓർമ്മകളെ കുറിച്ച് അവനും കാണും ഒരുപാട് പറയാൻ. അതും കൂടി ചേരുമ്പോൾ അഭിമുഖത്തിന് കൂടുതൽ ഹൃദ്യത ലഭിക്കുമെന്ന് മനസ്സ് പറഞ്ഞു. കാറ്റാടി മരങ്ങളുടെ കാമ്പസിൽ നിന്ന് അൽജസീറ വരെയുള്ള യാത്രയുടെ തുണ്ടുകൾ ചേർത്തുവെച്ച് മനസിൽ രൂപം കൊടുത്തതായിരുന്നു ആ അഭിമുഖം. പക്ഷെ, അധിനിവേശത്തോടെ അത് പിറക്കാതെ പോയി. അപ്പോഴേക്കും അവൻ യാത്രയായിരുന്നല്ലോ.

ബാഗ്ദാദിൽ ചെന്നപ്പോൾ ആദ്യം ചെയ്തത് താരിഖ് അയ്യൂബ് പിടഞ്ഞു വീണ സ്ഥലം സന്ദർശിക്കുകയായിരുന്നു. അവിടെ നിന്നപ്പോൾ മനസ്സിൽ കാറ്റാടി മരങ്ങൾ ഉലഞ്ഞു. ഉള്ളിൽ എവിടെയൊക്കെയോ മുറിപ്പാടിന്റെ വേദന. എത്ര ശ്രമിച്ചിട്ടും കരയാതിരിക്കാനായില്ല. യു.എസ് വേട്ടയുടെ ക്രൂരത വിവരിച്ചു കൊണ്ട് അൽജസീറയുടെ സീനിയർ റിപ്പോർട്ടർ തൈസീർ അലൂംനിയും കൂടെയുണ്ടായിരുന്നു. അയാളുടെ കണ്ണുകളും അപ്പോൾ നിറഞ്ഞു തുളുമ്പിയതു കണ്ടു. ഞാൻ ഓർത്തു. പരിചിത മുഖം എന്നതിലപ്പുറം താരിഖുമായി അത്ര വലിയൊരു ബന്ധമൊന്നും എനിക്ക് ഉണ്ടായിരുന്നില്ലല്ലോ. ഉച്ച വരെ കോളജും അതു കഴിഞ്ഞാൽ 'യുവസരണിയുടെ' സബ് എഡിറ്റർ ജോലിയുമായി നടക്കുന്ന തിരക്കിൽ ചിരിച്ചു മറയുന്ന കുറെ മുഖങ്ങൾക്കിടയിൽ താരിഖിന്റെയും ഉൾപ്പെട്ടിരിക്കാം. അത്രയേ ഉള്ളൂ. മനസിൽ കത്തുന്ന സാമൂഹിക ബോധവും മാധ്യമ ഔൽസുക്യവും കൊണ്ടു നടന്ന ഒരു പുറംനാട്ടുകാരൻ കൂട്ടത്തിൽ ആർക്കും പിടികൊടുക്കാതെ കാമ്പസിൽ ജീവിച്ചിരുന്നുവെന്ന് അറിയുന്നതുപോലും ശരീരത്തെയും മനസിനെയും മണലാരണ്യത്തിലേക്ക് പറിച്ചു നട്ടപ്പോഴാണ്. ആ ചോരപ്പാടുകൾ കാൺകെ പ്രിയ

ബാഗ്ദാദിൽ ചെന്നപ്പോൾ ആദ്യം ചെയ്തത് താരിഖ് അയ്യൂബ് പിടഞ്ഞു വീണ സ്ഥലം സന്ദർശിക്കുകയായിരുന്നു. അവിടെ നിന്നപ്പോൾ മനസ്സിൽ കാറ്റാടി മരങ്ങൾ ഉലഞ്ഞു. ഉള്ളിൽ എവിടെയൊക്കെയോ മുറിപാടിന്റെ വേദന. എത്ര ശ്രമിച്ചിട്ടും കരയാതിരിക്കാനായില്ല.

# നേർകാഴ്ചകൾ



Photo © Peter Turnley

പ്പെട്ടവരിൽ ആരോ നഷ്ടപ്പെട്ടതിനേക്കാൾ മനസ്സ് വേദനിച്ചത് എന്തുകൊണ്ടായിരിക്കും.? ഒരുപക്ഷെ, മരണം പോലും മികച്ച 'എസ്ക്ലൂസീവ്' ആക്കി മാറ്റുകയായിരിക്കാം താരിഖ്? അതല്ലെങ്കിൽ സ്വന്തം ചോര കൊണ്ട് അധിനിവേശ ശക്തിയോടുള്ള രോഷവും പ്രതിരോധവും തീർക്കുകയായിരുന്നിരിക്കാം ഈ മാധ്യമ പ്രവർത്തകൻ. പ്രിയതമന്റെ മരണത്തെക്കുറിച്ച് കണ്ണീരും ആത്മവിശ്വാസവും നിറഞ്ഞ മട്ടിൽ താരിഖിന്റെ ഭാര്യ പറഞ്ഞ വാക്കുകൾ ഓർത്തു.


'അവർക്ക് (അമേരിക്ക) ഇവിടെ നിന്നും താരിഖിനെ ഇല്ലാതാക്കാൻ കഴിഞ്ഞിരിക്കാം. പക്ഷെ, സ്വർഗ്ഗത്തിൽ ആഹ്ലാദത്തോടെ കഴിയുന്ന താരിഖിനെ ഞാൻ കണ്ടെത്തും. ആ കൂടിക്കാഴ്ചയ്ക്കു വേണ്ടിയാണ് ഇനിയുള്ള എന്റെ കാത്തിരിപ്പ്..'

ബാഗ്ദാദിൽ നിന്നും മടങ്ങുമ്പോഴും ആ വിധവയുടെ വാക്കുകൾ തന്നെയായിരുന്നു പ്രകമ്പനം പോലെ പിന്തുടർന്നത്. ഒപ്പം അധിനിവേശത്വരയുടെ ഭാഗമായി ഇറാഖിലുടനീളം പിടഞ്ഞു വീണ എണ്ണമറ്റ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും വൃദ്ധരുടെയും ദീനവിലാപങ്ങളും.....

അധിനിവേശത്തിന്റെ വർത്തമാനം.

ലോക ഭീകരതയുടെ രണ്ട് പ്രധാന കേന്ദ്രങ്ങളെന്ന് യു.എസ് ആവർത്തിച്ചു പറഞ്ഞവയായിരുന്നു അഫ്ഘാനും ഇറാഖും. ശക്തമായ സൈനിക നടപടികളിലൂടെ രണ്ടിടങ്ങളിലെയും 'പിന്തിരിപ്പൻ' ഭരണകൂടങ്ങളെ അവർ പിഴുതെറിയുകയും ചെയ്തു. പിന്നീട് കർസായിയുടെ നേതൃത്വത്തിൽ അഫ്ഘാന് ഒരു പാവ സർക്കാറിനെയെങ്കിലും കിട്ടി. ഇറാഖിന്റെ കാര്യമാണ് കഷ്ടം. അധിനിവേശം നടന്ന മാസം ഒന്നു കഴിഞ്ഞിട്ടും ഓമനിക്കാൻ ഒരു പാവ ദക്ഷിണ്യം പോലും ഇറാഖികൾക്ക് ലഭിച്ചിട്ടില്ലിതേ വരെയും.

രണ്ടിടങ്ങളിലും ആക്രമണം പൂർത്തീകരിച്ചപ്പോൾ ബുഷ് പറഞ്ഞു: 'ലോകഭീകരതയുടെ നടുവൊടിക്കുന്നതിൽ ഏറെക്കുറെ വിജയിച്ചു കഴിഞ്ഞു.' അങ്ങനെ ഭീകരൻമാരും ചാവേറുകളുമില്ലാതെ ശാന്തസുന്ദരമായ ഒരു നവലോകം കാത്തിരിക്കുകയായിരുന്നു



നാം. ഈ ആഹ്ലാദത്തിമിർപ്പിൽ അധിനിവേശ ഭൂമികളിൽ നിന്നുയരുന്ന നിലവിളികൾ പോലും നാം കേട്ടില്ലെന്നു നടിച്ചു.

എന്നിട്ടും ഇപ്പോൾ യു.എസ്സിൽ എന്തിന് 'ഓറഞ്ച് അലർട്ട്' പ്രഖ്യാപിച്ചുവെന്നതാണ് മനസ്സിലാകാത്തത്? ഗൾഫ് ഉൾപ്പെടെ പശ്ചിമേഷ്യൻ രാജ്യങ്ങളിലൊക്കെയും നിതാന്ത ജാഗ്രത ഏർപ്പെടുത്തിയതിന്റെ പൊരുളും വ്യക്തമല്ല. സൗദിയിലെ പാശ്ചാത്യൻ എംബസികളും കോൺസുലേറ്റുകളുമൊക്കെ അടച്ചു പൂട്ടി നയതന്ത്രജ്ഞൻ നാടു പിടിച്ചു കഴിഞ്ഞു. സത്യത്തിൽ ഇല്ലാത്ത ഒന്നിന്റെ പേരിൽ ഇങ്ങനെ ഒരു ഭീതി ലോകരാജ്യങ്ങൾക്ക് ചേർന്നതാണോ?- ഈ സംശയത്തിനിടയിലും അൽഖാഇദ കൂടുതൽ കനത്ത ആക്രമണങ്ങൾക്ക് കോപ്പ് കൂട്ടുന്നതായി വിശ്വസനീയ തെളിവുകളുടെ ബലത്തിൽ പെന്റഗൺ പ്രഖ്യപിച്ചിരിക്കുകയാണ്! അതായത് തീവ്രവാദികൾ തങ്ങളുടെ ശൃംഖലകൾ വളരെ ശക്തിപ്പെടുത്തിയെന്ന് ചുരുക്കം. മറ്റൊരർത്ഥത്തിൽ തീവ്രവാദികളെ അമർച്ച ചെയ്യാൻ ഇതുവരെ കൈക്കൊണ്ട നടപടികളൊക്കെയും അവർക്ക് ശരിക്കും ഗുണം ചെയ്തുവെന്ന്.

വല്ലാത്തൊരു 'ഐറണി' തന്നെ ഇത്. തീവ്രവാദത്തിന്റെ നട്ടെല്ലൊടിച്ചുവെന്ന് പറയുന്നവർ തന്നെയാണ് അതേ ശ്വാസത്തിൽ തന്നെ തീവ്രവാദ സംഘടനകൾ വൻകിട ആക്രമണങ്ങൾ നടത്താൻ കഴിവ് നേടിക്കഴിഞ്ഞുവെന്ന് സമ്മതിക്കുന്നതും. ഈ വിരോധാഭാസം കൂടുതൽ അസംബന്ധ സ്വഭാവത്തിൽ ഇനിയും തുടരുമെന്നുറപ്പ്.

സ്ഫോടനങ്ങൾ നടക്കുമ്പോഴുള്ള കൂട്ടക്കരച്ചിലാണ് അന്താരാഷ്ട്ര നേതാക്കളുടെ ഇപ്പോഴത്തെ ഒരു പൊതു കലാപരിപാടി. മനുഷ്യ സമൂഹത്തിനു നേരെയുള്ള യുദ്ധ പ്രഖ്യാപനമെന്നു വരെ ചാവേർ സ്ഫോടനങ്ങളെ ഇവർ വലിയ വായിൽ കുറ്റപ്പെടുത്തുന്നു. പക്ഷെ, ചാവേറുകൾ എങ്ങനെ രൂപം കൊള്ളുന്നു എന്ന ചോദ്യം ആരെയും തെല്ലും അലട്ടുന്നുമില്ല. ചുളുവിൽ ലോകസമാധാനം വന്നു കാണണമെന്നാണല്ലോ നാം പോലും അഭിലഷിക്കുന്നത്. ക്രൂരമായ അധിനിവേശത്തെ മഹത്തായ സ്വാതന്ത്ര്യ വിജയമെന്ന് മാധ്യമങ്ങൾ കൊട്ടിപ്പാടുമ്പോൾ കോറസ് തീർക്കുന്നതിൽ ആരും പിറകിലല്ല.

ഇതിനിടയിൽ പ്രസക്തമായ ചില ചോദ്യങ്ങൾ. പൊട്ടിത്തെറിക്കാനും എരിഞ്ഞടങ്ങാനും ചുമ്മാ ആളുകൾ തയ്യാറാവുമെന്നു കരുതാമോ? കേവലം

തീവ്രവാദത്തിന്റെ നട്ടെല്ലൊടിച്ചുവെന്ന് പറയുന്നവർ തന്നെയാണ് അതേ ശ്വാസത്തിൽ തന്നെ തീവ്രവാദ സംഘടനകൾ വൻകിട ആക്രമണങ്ങൾ നടത്താൻ കഴിവ് നേടിക്കഴിഞ്ഞുവെന്ന് സമ്മതിക്കുന്നതും.











മതവൈകാരികത കുത്തിവെച്ചതുകൊണ്ടു മാത്രം ആളുകൾക്ക് അതിന് കഴിയുമോ? സാമ്പത്തിക താൽപര്യങ്ങളുടെ പേരിൽ ഇതിനൊക്കെ ആളുകളെ കിട്ടുമോ?- ലളിതമായ ഈ ചോദ്യങ്ങൾ നിർധാരണം ചെയ്യപ്പെടാതെ അസംബന്ധ നിഗമനങ്ങളിലൂടെ കാര്യങ്ങളെ ലളിതവത്കരിക്കുകയാണ് നാം. വ്യക്തിപരമായി നേരിടുന്ന തിരിച്ചടികൾ ഏതു കടുംകൈ ചെയ്യാനും ആളുകളെ പ്രേരിപ്പിച്ചേക്കുമെന്നത് ഗൃഹപാഠം ചെയ്ത് കണ്ടെത്തേണ്ട കാര്യമൊന്നുമില്ല. ഇതിന് കോമൺസെൻസ് തന്നെ മതിയാവും. അന്തർദേശീയ തലത്തിലേക്ക് കടക്കും മുമ്പ് രണ്ട് പരിചിത നാമങ്ങൾ തന്നെ പരിശോധിക്കുക- തനു, ശങ്കരൻ നായർ.

ശ്രീ പെരുമ്പത്തൂരിൽ രാജീവിനു മുന്നിൽ പൊട്ടിത്തെറിച്ച തനു എന്ന യുവതി മുമ്പ് കേന്ദ്രം ശ്രീലങ്കയിലേക്കയച്ച ഐ.പി.കെ.എഫ് എന്ന സമാധാന സേനയുടെ ചെയ്തികളുടെ ഇരയായിരുന്നു. ഇത് നാം മറച്ചു പിടിക്കാൻ ആഗ്രഹിക്കുന്ന കാര്യം. പക്ഷെ, സംഗതി ചരിത്രമാണ്. കൃഷ്ണപ്രിയ എന്ന പെൺകുട്ടിയെ ബലാൽക്കാരം ചെയ്തു കൊന്നവൻ കോടതിയെ പോലും തോൽപിച്ച് പുറത്തിറങ്ങിയപ്പോൾ വിദഗ്ധമായി അവനെ കൈകാര്യം ചെയ്തുവെന്നതാണ് പിതാവ് ശങ്കരൻ നായരുടെ ചരിത്രം. കൃഷ്ണപ്രിയയുടെ പിതാവ് ചെയ്തത് തെറ്റായിരുന്നില്ലെന്ന് സാമൂഹിക ബോധമുള്ള ഒരുവിധപ്പെട്ടവരൊക്കെ



മനസ് കൊണ്ടെങ്കിലും പറഞ്ഞു കാണും. നിയമം കൈയിലെടുക്കാൻ ആർക്കും അധികാരമില്ലെന്നൊക്കെ മൈക്കിന് മുന്നിൽ നാം പറഞ്ഞിരിക്കുമെന്നത് വേറെ കാര്യം.

ഏതായാലും വ്യക്തി നഷ്ടങ്ങളുടെ, അതല്ലെങ്കിൽ സ്വത്വനഷ്ടങ്ങളുടെ അനിവാര്യമായ പ്രതികരണങ്ങളായി ആഗോളതല തീവ്രവാദത്തെ കാണാൻ എന്തിന് നാം മടിക്കണം?












### പ്രതിരോധത്തിന്റെ പല വഴികൾ

ഇത് ഒരു ന്യായീകരണമോ വെള്ളപൂശൽ രീതിയോ അല്ല. അഞ്ഞൂറാൻ മോഡൽ ഔന്നത്യവുമായി വിഹരിക്കുന്നവരോട് നിങ്ങൾക്ക് നേരിട്ട് പൊരുതാൻ പ്രയാസം. അപ്പോൾ എന്തു ചെയ്യും. പണ്ട് വന്യമൃഗങ്ങളോടും പ്രകൃതി ദുരന്തങ്ങളോടും പൊരുതി ജയിക്കുക എളുപ്പമല്ലെന്നറിഞ്ഞ ആദിവാസികൾ ഗുഹകളുടെ ഉൾഭിത്തികളിൽ ശത്രുവിനെ അതിജയിക്കുന്ന ചിത്രങ്ങൾ കോറിയിടാറുണ്ടായിരുന്നു. ഈ ഗുഹാചിത്രങ്ങളിലൂടെ യഥാർത്ഥ ശത്രുനിഗ്രഹത്തിന്റെ സംതൃപ്തി തന്നെയായിരുന്നു ആ പ്രാകൃത ജനത അനുഭവിച്ചു വന്നതും. സ്വപ്നത്തിലെങ്കിലും ശത്രുവിനെ മലർത്തിയടിക്കാൻ കഴിയുക- ഉള്ളിന്റെ ഉള്ളിലെ ഈ ആഗ്രഹ നിവർത്തി കൂടിയാണ് ചാവേറുകളുടെ കാതൽ. അമർഷവും നിസ്സഹായതയും ചേർന്നുള്ള പൊട്ടിത്തെറിയിലൂടെ പല കണക്കുകളും ഇക്കൂട്ടർ തീർക്കുകയാണ്. സാംസ്കാരികവും രാഷ്ട്രീയവുമായ അധിനിവേശത്തോടുള്ള ഏറ്റവും ധീരമായ കലാപം തന്നെയാണിതെന്ന് ചാവേർ പഠനങ്ങൾ വെളിപ്പെടുത്തുന്നു. ആകാശയുദ്ധത്തിന്റെ ബലത്തിൽ


Stop
hear
and listen
your own
scream
WAR
U.S. STYLE
DEMOCRASY

റിയാദ് സ്ഫോടനത്തിന്റെ മൂന്നു നാൾ കഴിഞ്ഞ് സുരക്ഷാ ഉപകരണങ്ങളുടെ വിൽപനയിലൂടെ യു.എസ് കമ്പനികൾ നേടിയെടുത്ത തുകയുടെ വലിപ്പത്തെക്കുറിച്ച് അറിയുമ്പോൾ മാത്രമെ ഏതൊരു പൊട്ടിത്തെറിയും ഇവർക്ക് എത്രകണ്ട് ഗുണം ചെയ്യുന്നുവെന്ന് നമുക്കു ബോധ്യമാകും.

മൂന്നാം ലോകങ്ങളെ ഭൂപടത്തിൽ നിന്നു തന്നെ നിർമ്മാർജ്ജനം ചെയ്യാൻ സാമ്രാജ്യത്വം ശ്രമിക്കുമ്പോൾ സ്ഫോടക വസ്തുക്കളുടെ പ്രകമ്പനത്തിൽ സ്വയം കുരുതി കൊടുക്കുകയാണ് ഓരോ ചാവേറും.

ഇറാഖ് അധിനിവേശം വഴി മാത്രം ബിൻലാദിന് മേഖലയിൽ നിന്ന് പുതുതായി ആയിരം പേരെയെങ്കിലും ലഭിച്ചിരിക്കും. സ്വയം പൊട്ടിത്തെറിക്കാൻ തയ്യാറായി ഈ ആളുകൾ തങ്ങളെ സമർപ്പിക്കുന്നത് ബിൻലാദിൻ ഭ്രമം കൊണ്ടല്ല. മറിച്ച് ശത്രുവിനോട് നേരിട്ട് പൊരുതാൻ കഴിയാതെ വരുമ്പോൾ സ്വീകരിക്കുന്ന അവസാനത്തെ അടവാണിത്. പൂഴിക്കടകന്റെ കാലം കഴിഞ്ഞ സ്ഥിതിക്ക് ഈ അടവെങ്കിലും പുറത്തെടുത്തില്ലെങ്കിൽ ഒരു ജനത ഒന്നാകെ ഷണ്ഡീകരിക്കപ്പെട്ടു കഴിഞ്ഞെന്നാവും ശത്രു നിനക്കുക. ആ ധാരണ തിരുത്തുക കൂടിയാണ് ചേവേറുകൾ.

**ഒറ്റപ്പെടലിന്റ ഖേദം**

അഭ്യന്തര, ആഗോള സുരക്ഷ എന്നതിന് തങ്ങളുടെ മാത്രം ഭദ്രത യെന്ന ലളിതമായ നിർവ്വചനമാണ് അധിനിവേശ ശക്തികൾ നൽകുന്നത്. 'ഒന്നുകിൽ ഞങ്ങൾക്കൊപ്പം, അതല്ലെങ്കിൽ ഞങ്ങൾക്കെതിരെ' എന്ന ധാർഷ്ട്യം കലർന്ന മുദ്രാവാക്യത്തിലൂടെയും ഇവർ ഇതുതന്നെയാണ് ആവർത്തിച്ചുറപ്പിക്കുന്നത്. മറ്റൊരു ബദൽ ഇല്ലെന്നു ബോധ്യമുള്ളതിനാൽ ഇന്ത്യ ഉൾപ്പെടെ പഴയ ചേരി ചേരാ രാജ്യങ്ങൾ പോലും ഈ അക്രമി പരിഷകർക്ക് കൈയൊപ്പ് ചാർത്തുന്നു. ഞാനും നീയുമെന്ന യാഥാർത്ഥ്യത്തിൽ നിന്ന് ഒടുവിൽ നീ മാത്രമായി അവശേഷിക്കുന്ന അവസ്ഥയാണിത്. അങ്ങനെ നാണക്കേടിന്റെയും നിസ്സഹായതയുടെയും അപമാനവീകരണത്തിന്റയുമൊക്കെ ചിഹ്നങ്ങൾ നാം സ്വമേധയാ എടുത്തണിയുകയാണ്. ഓർത്തുനോക്കൂ, ഇറാഖ് അധിനിവേശം കഴിയും വരെ കാത്തു നിൽക്കേണ്ടി വന്നു നമ്മുടെ പാർലിമെന്റിന് ഒരു യുദ്ധവിരുദ്ധ പ്രമേയം പാസാക്കിയെടുക്കാൻ. ആമിറ്റാഷ് വന്ന് വടിവൊത്ത വാക്കിൽ ചില മുന്നറിയിപ്പുകൾ നൽകേണ്ടി വന്നു അയൽപക്ക രാഷ്ട്രവുമായി നല്ല ബന്ധത്തെക്കുറിച്ച് നമ്മെ വാചാലരാക്കാൻ. ഇനി വീണ്ടും കാശ്മീർ എന്ന സമസ്യയുടെ പുറത്ത് ഇരു രാഷ്ട്രങ്ങളെയും വിരട്ടി നിർത്താനും ഇതേ അധിനിവേശ ശക്തികൾ ശ്രമിക്കും. നേരിട്ടും അല്ലാതെയും അനുരജ്ഞനത്തിനും കലാപത്തിനും ഇവർ കോപ്പ് കൂട്ടുന്നതും നാം കാണുന്നു. വിഭജന കാലത്തെ പോലെ ഇന്ത്യയുടെ പല ഭാഗങ്ങളിലും സാമുദായിക ധ്രുവീകരണം ശക്തിപ്പെടുമ്പോൾ ഉള്ളറിഞ്ഞ് ചിരിക്കുന്നതും ഇവർ തന്നെ. കാരണം ഏതൊരു അസ്വാസ്ഥ്യവും ഏതൊരു അനുരജ്ഞനവും മുതൽക്കൂട്ടാവുമാറ് ഇക്കൂട്ടരുടെ വിപണിയും വളരെ വലുതാണ്. റിയാദ് സ്ഫോടനത്തിന്റെ മൂന്നു നാൾ കഴിഞ്ഞ് സുരക്ഷാ ഉപകരണങ്ങളുടെ വിൽപനയിലൂടെ യു.എസ് കമ്പനികൾ നേടിയെടുത്ത തുകയുടെ വലിപ്പത്തെക്കുറിച്ച് അറിയുമ്പോൾ മാത്രമെ ഏതൊരു പൊട്ടിത്തെറിയും ഇവർക്ക് എത്രകണ്ട് ഗുണം ചെയ്യുന്നുവെന്ന് നമുക്കു ബോധ്യമാകും.

**ഇതു നമുക്കുവേണ്ടി.**
**അവർ ചിന്തുന്ന ചോര.**

അധിനിവേശത്തിന്റെ നാലു മാസം പിന്നിടുമ്പോൾ ബാഗ്ദാദിൽ നിന്നുള്ള കാഴ്ചകൾ ഒട്ടും അൽഭുതപ്പെടുത്തുന്നില്ല. ബാഗ്ദാദിലും നജഫിലും കർബലയിലും ബസറയിലും തിക്രിതിലും സഫ്വാനിലും ഉമ്മുഖസ്റിലുമൊക്കെ പോരാട്ടത്തിന്റെയും പ്രതിരോധത്തിന്റെയും സൂചനകൾ അന്നുതന്നെ കണ്ടുതുടങ്ങിയിരുന്നു. മെയ് ഒന്നിന് ഇറാഖ് ആക്രമണത്തിന് ബുഷ് ഔദ്യോഗികമായി അറുതികുറിച്ച ശേഷമാണ് എഴുപതിലേറെ യു.എസ് സൈനികർക്ക് ജീവഹാനി സംഭവിച്ചിരിക്കുന്നത്!. യു.എസിനു മാത്രമല്ല അധിനിവേശത്തിന് മൗനസമ്മതം നൽകിയവർക്കും തിരിച്ചടി ലഭിച്ചുതുടങ്ങിയിരിക്കുന്നു. അറബ്നാടുകളിൽ ഇത് ചാവേർ സ്ഫോടനങ്ങളുടെ സ്വഭാവത്തിലാണെങ്കിൽ യു.എന്നിന് കിട്ടിയത് നേർക്കുനേരെയുള്ള പ്രഹരംതന്നെയായിരുന്നു. ഇറാഖിലേക്ക് പറഞ്ഞുവിട്ട യു.എൻ പ്രത്യേക പ്രതിനിധി സെർജി വിയേര ഡിമെല്ലോ ഉൾപ്പെടെ ഇരുപതിലേറെപ്പേരെ ഇറാഖികൾ എന്തിനു വക വരുത്തിയെന്ന ചോദ്യം അറബ്യുവാക്കൾ ഏതായാലും ഉന്നയിച്ചു കണ്ടില്ല. രക്ഷാസമിതിയിൽ അപലപിക്കൽ പ്രമേയത്തിന്നായി ഒത്തുചേർന്ന യു.എൻ പരീശൻമാർ ആദ്യമായി അമ്പരക്കുന്നതും ലോകം കണ്ടു. കൂട്ടിക്കൊടുപ്പുകാരനും കുറ്റവാളിയുടെ അതേ പങ്കു തന്നെയുണ്ടെന്ന നിശബ്ദ സൂചനയാണ് ഇറാഖികൾ ഇതിലൂടെ നമുക്ക് നൽകിയിരിക്കുന്നത്. പുതിയ അധിനിവേശങ്ങൾക്ക് കൂട്ടുനിൽക്കുമ്പോൾ യു.എൻ പോലുള്ള വേദികൾ ഇനി ഒരായിരം വട്ടം ആലോചിക്കുമെന്നുറപ്പ്. ഇറാഖികൾ ഇപ്പോൾ ചിന്തുന്ന ചോര സ്വാതന്ത്ര്യം കാംക്ഷിക്കുന്ന മുഴുവൻ ലോകരാജ്യങ്ങളുടെയും ആത്മാഭിമാനം ഉയർത്തിപ്പിടിക്കാനുള്ള പോരാട്ടത്തിന്റെ ഭാഗം തന്നെയാണ്. ആത്മാഭിമാനം അടിയറ വെക്കാൻ ആഗ്രഹിക്കാത്ത എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾ ഇറാഖികളോട് ഏറെ കടപ്പെട്ടിരിക്കുന്നതും ഇതിന്റെ പേരിലാണ്.

# ഏകീകൃത സർവ്വകലാശാല നിയമം വിദ്യാഭ്യാസ വളർച്ചക്ക്

പ്രൊഫ: അബ്ദുള്ള. കെ. പെരിങ്ങാട്ട്

മനുഷ്യനെ സമ്പൂർണ്ണതയിലേക്കും സംസ്കൃതിയിലേക്കും നയിക്കുന്നതാണ് വിദ്യാഭ്യാസം. അത് തലമുറകളിൽ നിന്ന് തലമുറകളിലേക്ക് സംക്രമിക്കണം. സമൂഹത്തിന്റെ സമഗ്ര വികസനമാണ് അത് ലക്ഷ്യം വെക്കുന്നത്. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗം സങ്കീർണ്ണവും പ്രശ്നബദ്ധവുമാണ്, വിശേഷിച്ചും കേരളത്തിൽ. കാമ്പസുകൾ ശിഥിലവും ജീർണ്ണ സംസ്കാര വിളനിലവുമായിമാറുകയാണ്. രാഷ്ട്രീയ അതി പ്രസരവും വർഗ്ഗീയ ചിന്തയും വിദ്യാർത്ഥികളെയും, അദ്ധ്യാപകരേയും ദൂഷിത വലയത്തിലാക്കുന്നു. അദ്ധ്യാപക-വിദ്യാർത്ഥി ബന്ധവും ശക്തമല്ല. ദേശീയ തലത്തിൽ കാവിവൽക്കരണ പ്രവണത വളർന്നു വരികയാണ്. കൊച്ചു കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ പോലും പരസ്പരം അംഗീകരിക്കാത്ത അവസ്ഥ വിദ്യാർത്ഥികളെ അങ്കലാപ്പിലാക്കുന്നു. കോഴ്സുകളും പരീക്ഷകളും(സെമെസ്റ്ററുകൾ അടക്കം)യഥാ കാലം പൂർത്തിയാക്കാതെ വിദ്യാർത്ഥികളുടെ ഉന്നത പഠനം വഴിമുട്ടി നിൽക്കുന്നു. ബിരുദങ്ങൾ പേറി അലയുന്നവരും ദേശീയ മത്സര പരീക്ഷകളിൽ പുറം തള്ളപ്പെടുന്നവരും ഏറി വരുന്നു. കലാപ കലുഷിതമായ കലാലയങ്ങളും വരണ്ടുണങ്ങിയ സർവ്വകലാശാലകളും ഭൗതിക വിപ്ലവത്തിനും വിജ്ഞാന വിസ്ഫോടനത്തിനും വിവരസാങ്കേതിക വളർച്ചക്കും ഇനിയും തയ്യാറായിക്കഴിഞ്ഞിട്ടില്ല.

1957ൽ പ്രൊഫ: ജോസഫ് മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബില്ലിൽ തുടങ്ങി 1969ൽ ശ്രീ സി.എച്ച്. മുഹമ്മദ് കോയയുടെ കേരള, കാലിക്കറ്റ് സർവ്വകലാശാലാ ബില്ലുകളും തുടർന്ന് വന്ന സർക്കാറുകളുടെ നടപടികളും കേരളത്തിലുണ്ടാക്കിയ ചലനങ്ങളും പരിവർത്തനങ്ങളും ആരും നിഷേധിക്കില്ല. പതിനായിരത്തിലേറേ എൽ.പി, യു.പി. സ്കൂളുകളും രണ്ടായിരത്തോളം സെക്കണ്ടറി, ഹയർ സെക്കണ്ടറി സ്കൂളുകളും പ്രൊഫഷണൽ അടക്കം മുന്നൂറിലേറെ അംഗീകൃത കലാലയങ്ങളും, ഏഴ് സർവ്വകലാശാലകളും ചേർന്ന് കേരളത്തിന്റെ വിദ്യാഭ്യാസ ഭൂപടം വിസ്തൃതമാക്കുന്നു. വിഭവ ദൗർബല്യം പരിഗണിച്ച് അവസര സമത്വവും സാമൂഹിക നീതിയും പരിരക്ഷിച്ച് കൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ നിക്ഷേപം അനുവദിച്ചതിന്റെ ഫലമായി രൂപം കൊണ്ട സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടി ഉൾക്കൊള്ളിച്ച് കൊണ്ടുള്ള സ്ഥിതി വിവരക്കണക്കാണ് മേലുദ്ധരിച്ചത്. പ്രതിവർഷം രണ്ടായിരം കോടിയോളം രൂപ കേരളത്തിൽ നിന്ന് പുറത്തേക്ക് ഒഴുകുന്നത് തടയാനും കേരള സമ്പത്ത് വ്യവസ്ഥക്ക് പുത്തൻ ഉണർവ്വ് നൽകാനും, പ്രൊഫഷണൽ സ്വാശ്രയ കോളജുകളുടെ രൂപീകരണം വഴി സാധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. മലയാളിയുടെ മന:ശാസ്ത്രം മനസ്സിലാക്കി, ആഗോള തൊഴിൽ വിപണിയിൽ മനുഷ്യ വിഭവശേഷി പ്രദാനം ചെയ്യാനും ഇത് സഹായകമായേക്കും.

ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധിക്ക് അയവ് വരുത്താനും പുത്തൻ പ്രൊഫഷണൽ സ്ഥാപനങ്ങളെ നിയന്ത്രിക്കാനും നിലവിലുള്ള സ്ഥാപ

നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാനും കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ സർവ്വകലാശാലകളുടെ സേവനം മെച്ചപ്പെടുത്താനും ഇവതമ്മിലുള്ള ഏകോപനം സാദ്യമാക്കാനും വേണ്ടിയാണ് ഏകീകൃത സർവ്വകലാശാലാ നിയമം(Kerala Universities Bill 2003)ലക്ഷ്യമിട്ടിരിക്കുന്നതും വിദ്യാഭ്യാസ വിചക്ഷണന്മാരുടെയും അദ്ധ്യാപകന്മാരുടെയും സാമൂഹിക ശാസ്ത്രജ്ഞൻമാരുടെയും മറ്റും വീക്ഷണങ്ങളും അഭിപ്രായങ്ങളും പഠനങ്ങളും ഉൾക്കൊണ്ട് സുതാര്യവും ജനാധിപത്യപരവും കുറ്റമറ്റതുമായ നിയമനിർമ്മാണ പ്രക്രിയക്ക് ഭരണകൂടം തയ്യാറായാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് പരിവർത്തനാത്മക പുരോഗതി സാധ്യമാകുമെന്ന കാര്യത്തിൽ സന്ദേഹമില്ല. എന്നാൽ മാറ്റങ്ങൾ കൊണ്ട് വരാൻ തങ്ങൾക്കേ അവകാശമുള്ളൂ എന്ന് ശഠിക്കുന്നത് പ്രശ്നം സങ്കീർണ്ണമാക്കാൻ ഇടയുണ്ട്. പ്രീഡിഗ്രി പരിവർത്തനത്തിനെതിരെ പ്രക്ഷോപം നടത്തിയവർ പിന്നീട് അതിന് വേണ്ടി നിയമ നിർമ്മാണം നടത്തിയത് ജനാധിപത്യ കേരളം മറന്നിട്ടില്ല.

കാലിക്കറ്റ് സർവ്വകലാശാലയിൽ കമ്പ്യൂട്ടർവൽക്കരണത്തെ എതിർത്തവർ കേരള ഭരണം ലഭിച്ചപ്പോൾ അതിന് വേണ്ടി മുന്നോട്ട് വന്നതും അനിഷേധ്യമാണ്. 'നാക്'(National Assessment and Acradition Council, NAAC) നെതിരെ ചന്ദ്രഹാസം മുഴക്കിയവർ ഏകീകൃത സർവ്വകലാശാല ബില്ലിനെതിരെയും പട നയിക്കാൻ കോപ്പുകൂട്ടുകയാണ്. തന്നിഷ്ടവും തറരാഷ്ട്രീയവും കാട്ടി സർവ്വകലാശാലയെ കുത്തുപാളയെടുപ്പിക്കാൻ ധാർഷ്ഠ്യം കാട്ടുന്നവരെ മര്യാദപഠിപ്പിക്കാൻ ബില്ലിൽ വകുപ്പ് വേണ്ടെന്ന നിലപാട് ആശ്വാസ്യമല്ല. ഏഴുപതുകളിൽ സ്വകാര്യകോളജ് മേനേജ്മെന്റിനെ നിലക്കുനിർത്താൻ 63-ാം വകുപ്പ് കൊണ്ട് വന്ന ശ്രീ സി. എച്ചിനെ ഇത്തരുണത്തിൽ ഓർക്കാതെ വയ്യ. മെറിറ്റ് മേനേജ്മെന്റ് അനുവാദം അമ്പത് ശതമാനത്തിൽ നിഷ്ക്കർശിക്കാനുള്ള സർക്കാറിന്റെ ശാഠ്യവും അഭിനന്ദനാർഹം തന്നെ.

തനിക്കും തന്റെ പാർട്ടിക്കും നേട്ടമുണ്ടാക്കുന്നതിന്നപ്പുറം, വരും തലമുറകളുടെ സമഗ്ര വളർച്ചക്ക് ഉതകുന്ന നിയമനിർമ്മാണ പ്രക്രിയ കുറ്റമറ്റതാക്കാനാണ് ബന്ധപ്പെട്ടവർ പ്രതിബദ്ധത കാണിക്കേണ്ടത്. കോത്താരിയ അഭിലഷിച്ച അക്കാദമീയ സ്വാതന്ത്ര്യം (Acadecmic Autonomy)അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സർഗ്ഗപ്രതിഭ സമ്പൂർണ്ണമായി വികസിപ്പിക്കാൻ ഉതകുന്നതാണ്; അത് Accountability തടയാനുള്ളതല്ല. സർവ്വകലാശാലകളിലെ രാഷ്ട്രീയാതിപ്രസരം വിദ്യാഭ്യാസ നിലവാരത്തകർച്ചക്ക് കാരണമാവുമെന്ന് ജ്ഞാനം കമ്മീഷനും, മാധുരി ഷാ കമ്മീഷനും എടുത്തുപറഞ്ഞിട്ടുണ്ട്. ദേശീയ തലത്തിൽ ഒരു മോഡൽ ആക്റ്റിന്റെ അനിവാര്യത ഡോ:ജ്ഞാനം ശക്തമായി വേർത്തിയിട്ടുമുണ്ട്.

ആസ്ഥാന പണ്ടിതന്മാരുടെ അഭിപ്രായം മാത്രം പരിഗണിച്ച് കൊണ്ടുള്ള ബിൽ സമ്പൂർണ്ണമാവില്ല. നിയമസഭക്ക് അകത്തും പുറത്തും അത് ചർച്ചക്കിടുന്നത് അഭികാമ്യമത്രെ. വിദ്യാഭ്യാസ ചിന്തകരും അദ്ധ്യാപകരും സംഘടനാ നേതാക്കളും രാഷ്ട്രീയ പ്രവർത്തകരും നിയമജ്ഞരുമെല്ലാം അവരുടെ വീക്ഷണങ്ങളും പഠനങ്ങളും സർക്കാറിന് നൽകട്ടെ. ഈ ചർച്ചകളുടെ സാരാംശം ബില്ലിൽ പ്രതിബിംബിക്കുകയും(Reflect)വേണം. അക്കാദമിക് ഓട്ടോണമിയിൽ വെള്ളം ചേർക്കാതെ അക്കാദമിയിൽ ഓഡിറ്റ് സാധ്യമാകണം. നിയന്ത്രിത ജനാധിപത്യ രീതി അവലംബിച്ച് വേണം വിവിധ കൗൺസിലുകളും സമിതികളും സംഘടിപ്പിക്കേണ്ടത്. കഴിവും പാണ്ഡിത്യവും പ്രതിബദ്ധതയും മാനദണ്ഡമാക്കിയാവണം അംഗങ്ങളുടെ തെരെഞ്ഞെടുപ്പ്.

പ്രതിവർഷം രണ്ടായിരം കോടിയോളം രൂപ കേരളത്തിൽ നിന്ന് പുറത്തേക്ക് ഒഴുകുന്നത് തടയാനും കേരള സമ്പത്ത് വ്യവസ്ഥക്ക് പുത്തൻ ഉണർവ്വ് നൽകാനും, പ്രൊഫഷണൽ സ്വാശ്രയ കോളജുകളുടെ രൂപീകരണം വഴി സാധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്.

---

സർവ്വകലാശാലകളിലെ അനഭിലഷണീയമായ പ്രവണതകൾ അവസാനിപ്പിക്കാൻ നിയമ നിർമ്മാണം വൈകിപ്പോയെന്ന വൈസ് ചാൻസലർമാരുടെ വാക്കുകളും, കാലോചിതമായ പരിഷ്കാരത്തിന് കാലവിളംബരം പാടില്ലെന്ന അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും അഭിപ്രായങ്ങളും മുഖവിലയ്ക്കെടുക്കേണ്ടതുണ്ട്. അക്കാദമീയ സ്വാതന്ത്ര്യവും സാമൂഹിക നീതിയും ഗുണമേന്മയും വിദ്യാർത്ഥി ക്ഷേമവും ഭൗതിക വളർച്ചയും രാജ്യപുരോഗതിയും മുൻനിർത്തി കേരള യൂണിവേഴ്സിറ്റീസ് ബിൽ 2003 യാഥാർത്ഥ്യമാക്കാൻ ഭരണ പ്രതിപക്ഷ കക്ഷികൾ സമവായം കണ്ടെത്താൻ ഇനി വൈകിക്കൂട.

1947ൽ അലഹബാദ് സർവ്വകലാശാല ബിരുദ ധാനം നിർവ്വഹിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞ വാക്കുകൾ ഏറെ പ്രസക്തമാണ്. "A university stands for humanism, for tolerence, for reason for Progress, for the Adventure of Ideas and the search of truth it stands for the onward march of the human race towards even higher objectives "ഇതാകട്ടെ ഈ ബില്ലിന്റെ പ്രതിഛായ.


അലി .സി.
രണ്ടാംവർഷ ബി.എ. ഇംഗ്ലീഷ്

# ഇവിടെ ചെന്നായ്ക്കൾ ചിരിക്കുന്നുണ്ട് !

അബ്ദുൾ മാജിദ് എന്ന നിഷ്കളങ്കനായ അറേബ്യൻ സാർഥവാഹകനെ ചതിയിൽ പെടുത്തി കോഴിക്കോട് കാപ്പാടിന്റെ കടൽതീരത്ത് വാസ്കോഡിഗാമ എന്ന ഡച്ചുകാരനായ മത തീവ്രവാദി കാല് കുത്തിയപ്പോൾ, രചിക്കപ്പെട്ടത് ഇന്ത്യൻ സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക ചരിത്രത്തിന്റെ കറുത്ത ഒരു അധ്യായമായിരുന്നു.

താമസിയാതെ നമ്മുടെ മഹത്തായ സംസ്കാരം നമ്മുടെ കൺമുമ്പിൽ വെച്ച് തന്നെ ബലാത് സംഘം ചെയ്യപ്പെട്ടു. അവർ, വിദേശികൾ നമ്മുടെ സ്വത്തുക്കൾ കയ്യടക്കി വെച്ചു. നമ്മുടെ രാജ്യത്തിന്റെ സ്വഭാവിക വിഭവങ്ങൾ ഊറ്റിയെടുത്തു. നമ്മെ അടിമകളെപ്പോലെ പണിയെടുപ്പിച്ചു. കുറഞ്ഞ വേതനം കൊണ്ട് തൃപ്തിപ്പെടാൻ നമുക്കാജ്ഞ നൽകി. സൂര്യാസ്തമയം വരെ വയലേലകളിൽ കഠിനാദ്ധ്വാനം ചെയ്ത നമ്മുടെ കർഷർക്ക് മേൽ ഭാരിച്ച നികുതിളേർപ്പെടുത്തി. നമ്മൾ പെറ്റ് വളർന്ന നമ്മുടെ സ്വന്തം രാജ്യത്ത് അവൻ നമ്മെ അടിമകളാക്കി ഭരിച്ചു.നമ്മുടെ രാജ്യദ്രോഹികൾ അവർക്ക് ഓശാനപാടി. എതിർക്കാൻ ചെന്നവരെ കൊലക്കയർ കാട്ടി ഭയപ്പെടുത്തി.

അഭിമാനം നെഞ്ചോടണച്ച സംസ്കാരമുള്ള നാം ഉറക്കച്ചടവിൽ നിന്ന് ഞെട്ടിയെണീറ്റു. കവികൾ വിപ്ലവം തുടിക്കുന്ന കവിതകൾക്ക് ജൻമം നൽകി. എഴുത്തുകാർ അക്രമത്തിനും അനീതിക്കുമെതിരെ തൂലിക ചലിപ്പിച്ചു. അമ്പലമുറ്റത്ത് നിന്ന് വിപ്ലവത്തിന്റെ ശംഖൊലി. ഉയർന്ന് കേട്ടു.പള്ളിമിനാരങ്ങളിൽ നിന്ന് ധർമസമര രണഭൂമിയിൽ വിരോതിഹാസം രചിച്ച രക്ത സാക്ഷികളുടെ ത്രസിപ്പിക്കുന്ന വിപ്ലവകഥകൾ കേട്ടു തുടങ്ങി. അവസാനം സ്വാതന്ത്ര്യ ദാഹികളായ നാം അവർക്കെതിരെ ശപഥം ചെയ്തു.




പട്ടിണി കിടന്നും ഉപ്പു വറ്റിച്ചും ഇരുമ്പഴികളെണ്ണിയും നമുക്ക് സ്വാതന്ത്ര്യം നേടിത്തന്ന 'അർധനഗ്നനായ ഫക്കീറി'ന്റെ നെഞ്ചത്ത് തുളയിടുകയായിരുന്നു നാഥൂറാം വിനായക് ഗോഡ്സെ എന്ന ആർ.എസ്സ്. എസ്സുകാരൻ, അവന്റെ 'എക്സിബിറ്റി – 39' പിസ്റ്റളിൽ നിന്നും ഉതിർന്ന് പോയത് നമ്മുടെ മനഃസ്സാക്ഷിയായിരുന്നു.

ഝാൻസി റാണിയും, ടിപ്പു സുൽത്താനും മാർത്താണ്ഡ വർമ്മയും കുഞ്ഞാലിമരക്കാറും, മഹാത്മജിയും. അലി സഹോദരൻമാരും തുടങ്ങി, ഹിന്ദുക്കളും മുസ്ലിംകളും തോളോട് തോൾ ചേർന്ന് സ്വാതന്ത്ര്യത്തിന് നേരെ ഫണം വിടർത്തിയാടിയ കരിനാഗങ്ങൾക്കെതിരെ ആഞ്ഞടിച്ചു. ലക്ഷങ്ങളാണ് പോർക്കളങ്ങളിൽ ഇതിഹാസം രചിച്ചത്.

അങ്ങിനെ 1947 ആഗസ്ത് 15–ാം തിയ്യതി നാം പാരതന്ത്രത്തിന്റെ ഉരുക്കു ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞു. നൂറ്റാണ്ടുകളോളം അടിമകളാവേണ്ടി വന്ന നാം സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗീയ സുഖം അനുഭവിച്ചറിഞ്ഞു.

പക്ഷേ!

റാഡ്ക്ലിഫ് എന്ന വെള്ളക്കാരനായ സർവ്വെയർ നമ്മുടെ ആത്മാവിനെ രണ്ടായി പകുത്തു. ഇന്ത്യയെന്നും പാക്കിസ്ഥാനെന്നും വിളിച്ചു. മതത്തിന്റെയും ജാതിയുടെയും ഭാഷയുടെയും വേഷത്തിന്റെയും അതിർത്തിവരമ്പുകൾ ലംഘിച്ച് ഒന്നിച്ച് പിടിച്ച നമ്മുടെ കൈകളിൽ അവർ വർഗ്ഗീയതയുടെയും വിദ്വേഷത്തിന്റെയും വിഷബാണങ്ങൾ തിരുകിക്കയറ്റി. നീ ഹിന്ദുവാണ്,നീ മുസ്ലിമാണ് എന്ന് പറഞ്ഞ് അവർ നമ്മെ വർഗ്ഗീയത പഠിപ്പിച്ചു. പിന്നീട് പതിനായിരങ്ങളാണ് വർഗ്ഗീയ കശ്മലൻമാരുടെ കൊലക്കത്തിക്കിരയായത്. ഒരു അറവുകാരന്റെ ദാക്ഷിണ്യം പോലും നമുക്കെവിടെയും ദർശിക്കാൻ കഴിഞ്ഞില്ല. വിദേശികൾക്കെതിരെ വിപ്ലവത്തിന്റെ, സ്വാതന്ത്ര്യത്തിന്റെ ഗാഥ രചിച്ച, വെളിച്ചത്തിന്റെ ശത്രുക്കൾക്കെതിരെ കെടാവീര്യവുമായി പടനയിച്ച, നിറത്തോക്കുകൾക്ക് മുമ്പിൽ വിരിമാർ കാട്ടിയ നാം നമ്മുടെ തെരുവുകളിൽ ചോരയുടെ ഗംഗയും, കബ്ന്ധങ്ങളുടെയും അസ്ഥിപഞ്ജരങ്ങളുടെയും ഹിമാലയവും,സൃഷ്ടിച്ചെടുക്കുകയാണിന്ന്. നഖ്വാലികളും ഗുജറാത്തുകളും സൃഷ്ടിച്ച് നാം പുതിയ അധ്യായങ്ങൾ രചിച്ച് കൊണ്ടിരിക്കുകയാണ്.

പട്ടിണി കിടന്നും ഉപ്പു വറ്റിച്ചും ഇരുമ്പഴികളെണ്ണിയും നമുക്ക് സ്വാതന്ത്ര്യം നേടിത്തന്ന 'അർധനഗ്നനായ ഫക്കീറി'ന്റെ നെഞ്ചത്ത് തുളയിടുകയായിരുന്നു നാഥൂറാം വിനായക് ഗോഡ്സെ എന്ന ആർ.എസ്സ്. എസ്സുകാരൻ, അവന്റെ 'എക്സിബിറ്റി – 39' പിസ്റ്റളിൽ നിന്നും ഉതിർന്ന് പോയത് നമ്മുടെ മനഃസ്സാക്ഷിയായിരുന്നു.

എന്നിട്ടും നാം അടങ്ങിയിരുന്നില്ല. ശക്തമായ മതേതര ഇന്ത്യയുടെ പ്രതീകമെന്നോണം അയോധ്യയുടെ നീലാംബരത്തിലേക്ക് കാറ്റും കോളുമില്ലാതെ തലയെടുത്തു നിന്നിരുന്ന ബാബരി മസ്ജിദിന്റെ മൂന്ന് ഭീമൻ താഴികക്കുടങ്ങൾ കർസേവകർ തകർത്തിട്ടപ്പോൾ കറുത്തത് അയോധ്യയുടെ വാനം മാത്രമായിരുന്നില്ല. ലോക രാജ്യങ്ങൾക്കിടയിൽ നമുക്കുണ്ടായിരുന്ന പ്രതിഛായ തകർന്നടിഞ്ഞു. പതിനായിരങ്ങൾ യമപുരിക്കയക്കപ്പെട്ടു. കോടിക്കണക്കിന് സ്വത്തുവഹകളാണ് നമുക്കന്യമായത്. ചോറു വിളമ്പിത്തന്ന അയൽവാസിയെപ്പോലും നാം കൊലക്കത്തിക്കിരയാക്കി. സ്വന്തം സഹോദരിമാരുടെ ആത്മാഭിമാനം നാം കവർന്നെടുത്തു. അഭയാർത്ഥി ക്യാമ്പുകളിലാക്കി നാമവർക്ക് 'സാന്ത്വനം'നൽകി

ഹൈദരാബാദ്, ബീഹാർ ശരീഫ്, ജാംഷെഡ്പൂർ, അഹമ്മദാബാദ്, സൂറത്ത്, ബോംബെ, ഭീവണ്ടി, അലിഗഢ്. കോയമ്പത്തൂർ, മാറാട് തുടങ്ങി ഒട്ടനവധി പദങ്ങൾ സംഭവന ചെയ്ത് കൊണ്ട് നാം വർഗ്ഗീയ കലാപത്തിന്റെ പുതിയ നിഘണ്ടുവിനെ സമ്പുഷ്ടമാക്കി. ഗാന്ധിജിക്കും നെഹ്റുവിനും അലി സഹോദരൻമാർക്കും പകരം

അഡോൾഫ് ഹിറ്റ്ലറെയും, ബെനിറ്റോ മുസോളിനിയേയും പോൾജോസഫ് ഗീബൽസിനേയും നേതാക്കളായി പ്രതിഷ്ഠിച്ചു. മെയിൻ കാഫും, വിചാരധാരയും വിശുദ്ധ ഗ്രന്ഥങ്ങളായി മാറ്റി. നാം 'സ്വസ്ഥിക' ചിഹ്നം നമ്മുടെ ദേശീയ ആത്മാവുകൾ ചിഹ്നമായി നമ്മുടെ മനസ്സുകളിൽ കോറിയിട്ടു. സ്വാതന്ത്ര്യത്തിന് വേണ്ടി പൊരുതി മരിച്ച ദേശീയ ആത്മാവുകൾ വേദനിക്കുമാറ് ഫാസിസ്റ്റുകളുടെ ഛായാചിത്രങ്ങൾ പാർലമെന്റിന്റെ അകത്തളത്തിൽ പോലും നാം അനാഛാദനം ചെയ്തു. സ്നേഹിക്കാൻ പഠിപ്പിച്ച മതങ്ങളെ ശവരാഷ്ട്രീയത്തിന്റെ വില്പനച്ചരക്കുകളാക്കി മാറ്റി നാം. ജാതിയുടെയും മതത്തിന്റേയും അതിർത്തി വരമ്പുകളറിയാത്ത നൂറ് കണക്കിന് പിഞ്ചുമക്കളെ നാം ഗളഛേദം ചെയ്തു. അമ്മമാരുടെ ഗർഭാശയത്തിൽ വെച്ച് പോലും നാമവർക്ക് മരണം സമ്മാനമായി നൽകി. മഹത്തായ ഇന്ത്യൻ മതേതര ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ വരെ വർഗ്ഗീയ വാദികൾ അഴിഞ്ഞാടി.



ഇന്ത്യമുഴുവൻ വർഗ്ഗീയാഗ്നിയിൽ ഹോമിക്കപ്പെട്ടപ്പോഴും വിദ്യാസമ്പന്നരായ, ബുദ്ധിയുള്ള കേരളിയരായ നാം സംയമനം പാലിക്കുകയായിരുന്നു. കാരണം വർഗ്ഗീയ വാദികൾക്കാവശ്യം ബുദ്ധിയില്ലാത്തവരെയായിരുന്നില്ലോ?. എന്നാലിന്ന് നാം ആ ധാരണക്ക് ചരമഗീതം കുറിച്ചു. നമ്മുടെ പിഞ്ചുകിടാങ്ങളുടെ ചോരനിറം മാറാത്ത വായകൊണ്ട് നാം വർഗ്ഗീയത വായിപ്പിച്ച് പഠിപ്പിച്ചു. ചരിത്ര സത്യങ്ങളെ ബലാത്സംഘം ചെയ്ത് ഗീബൽസിയൻ തത്വങ്ങൾക്ക് നാം സാക്ഷാത്കാരം നൽകി. പുസ്തകവും പെൻസിലും നൽകേണ്ട പ്രായത്തിൽ നാമവർക്ക് വാളും ത്രിശൂലവും നൽകി. ദൈവത്തിന്റെ സ്വന്തം നാടായ ഇവിടെ ദൈവിക തത്വങ്ങൾ വിൽപനച്ചരക്കുകളാക്കിമാറ്റി. വർഗ്ഗീയ ധ്രുവീകരണത്തിന്റെ പഴഞ്ചൻ കൽക്കരി എഞ്ചിനുകൾ മാറ്റി നാം പുതിയ പെട്രോൾ എഞ്ചിനുകൾ സ്ഥാപിച്ചു. പൗരന്റെ മുഖം നോക്കി നാം നീതി നൽകി.

ഇവിടെ,നമ്മുടെ കടപ്പുറങ്ങളിൽ പിടഞ്ഞൊടുങ്ങിയിരുന്നത് മത്സ്യങ്ങളായിരുന്നു. എന്നാൽ ഇന്നതു മാറി. ഇവിടെ പിടഞ്ഞടുങ്ങുന്നത് മത്സ്യങ്ങളല്ല. രക്തവും മജ്ജയും സ്വപ്നങ്ങളും വികാരങ്ങളുമുള്ള മനുഷ്യജീവികളാണ്. മന:സാക്ഷിയില്ലാത്ത സമൂഹമായി നാം അധ:പതിച്ചു. അറബിക്കടലിന്റെ നൊമ്പരങ്ങൾക്ക് കാതോർക്കാൻ പോലും നമുക്കായില്ല. കരിങ്കല്ലിൽ തലതല്ലി തിരിച്ചുപോകുന്ന തിരമാലകളുടെ വിലാപം അങ്ങകലെ പടിഞ്ഞാറൻ ചക്രവാളത്തിൽ തട്ടി പ്രതിധ്വനിക്കുമ്പോഴും അത് കേൾക്കാനുള്ള കാതുകൾ നമുക്ക് നഷ്ടമായി. വേപഥു തൂവുന്ന ഒരു ഹൃദയം നമ്മിൽ നിന്ന് എങ്ങോ ഓടിയൊളിച്ചു. അപരനെ കണ്ടാൽ 'നമസ്കാരം' കൊണ്ടും 'സലാം' കൊണ്ടും അഭിവാദനം ചെയ്തിരുന്ന നാമിപ്പോൾ അവന് നേരെ പുഛത്തിന്റെ കണ്ണുകൾ എയ്തുവിടുകയാണ്. പവിത്രങ്ങളായ ദൈവിക ഭവനങ്ങൾ നാം ആയുധപ്പുരകളാക്കി മാറ്റി.

ചരിത്രത്തിൽ നിന്ന് ആരും ഒന്നും പഠിക്കുന്നില്ല എന്ന് പറഞ്ഞോൻ എത്ര ശരിഉണ്ടായിരുന്നുവെങ്കിൽ സന്തപ്ത കുടുംബങ്ങളെ സാന്ത്വനിപ്പിക്കുന്നതിന് പകരം കൊല്ലപ്പെട്ടവരുടെ ചിതാഭസ്മം പോലും ശവരാഷ്ട്രീയത്തിന്റെ വില്പനച്ചരക്കാക്കി മാറ്റില്ലായിരുന്നു നാം. അഭയാർത്ഥി ക്യാമ്പുകളിൽ ഒരു നേരത്തെ ക്ഷുത്തടക്കാൻ പെടാപാട് പെടുന്ന മാറാട്ടെ ന്യൂനപക്ഷങ്ങളുടെ മുഖത്ത് നോക്കി, വൈവിധ്യസംസ്കാരത്തിന്റെ സംഗമഭൂമിയിൽ 3 കോടി ജനങ്ങളുടെ മുഖ്യമന്ത്രി ന്യൂനപക്ഷങ്ങൾക്കെതിര് പറയില്ലായിരുന്നു.

വസ്തുതകൾക്ക് നേരെ കണ്ണടച്ചുപിടിച്ച് ഇവിടെ ഇരുട്ടാണെന്ന് വിളിച്ച് കൂവുകയായിരുന്നു നമ്മുടെ മുഖ്യമന്ത്രി. എന്നും ഉത്കണ്ഠ തിന്ന് കഴിയാൻ മാത്രം വിധിക്കപ്പെട്ട ന്യൂനപക്ഷങ്ങൾക്കും പ്രവാസികൾക്കുമെതിരെ 'അപ്രിയസത്യം' വിളിച്ച് പറഞ്ഞപ്പോൾ ക്രൂരമായ പുഞ്ചിരി വിടർന്നത് ഇവിടുത്തെ രാഷ്ട്രീയ, വർഗ്ഗീയ ചെന്നായ്ക്കളുടെ

നമ്മൾ ആട്ടിയോടിച്ച വിദേശി കളെ ഇപ്പോൾ നാം തന്നെ വിളിച്ചു വരുത്തി സദ്യ വിളമ്പി ക്കൊടുക്കുന്നു. കുടിവെള്ളത്തിന് ദാഹിക്കുന്ന നമുക്കവർ വെച്ച് നീട്ടുന്നത് പെപ്സിയും കൊക്ക ക്കോളയും.

ുണ്ടുകളിലായിരുന്നു. ന്യൂനപക്ഷങ്ങൾക്കെതിരെ ഓരിയിടാൻ ്യൂനപക്ഷക്കാരനായ ചെന്നായയെ അവർക്ക് കൂട്ടിന് കിട്ടി ിരിക്കുന്നു. എന്തൊരു വിരോധാഭാസം!

ഇപ്പോൾ നമ്മുടെ സ്വതന്ത്രഭാരതത്തിന് വയസ്സ് 56 കഴി ഞ്ഞു. 103 കോടി ജനങ്ങൾ അധിവസിക്കുന്ന ഇവിടെ പകുതി ിലധികവും ദരിദ്രരായി ചേരികളിലും കുഗ്രാമങ്ങളിലും ാതന തിന്ന് കഴിയുകയാണവർ. ഉപചാരപൂർവ്വം നാമവരെ ബിലോ പോവർട്ടി ലൈൻ' എന്ന് വിളിച്ചു.നമ്മിൽ പകുതി യാളം പേർക്ക് ഇപ്പോഴും എഴുത്തും വായനയും അറിയില്ല. 5 കോടിയോളം മാറാരോഗികളെ കാണാനാണ് നമുക്ക് വിധി ഉണ്ടായത്.

നമ്മൾ ആട്ടിയോടിച്ച വിദേശികളെ ഇപ്പോൾ നാം ന്നെ വിളിച്ചു വരുത്തി സദ്യ വിളമ്പിക്കൊടുക്കുന്നു. കുടി വെള്ളത്തിന് ദാഹിക്കുന്ന നമുക്കവർ വെച്ച് നീട്ടുന്നത് പെപ്സിയും കൊക്കക്കോളയും. കടൽ തിരത്ത് നിയമം ലംഘിച്ച് നമ്മൾ ഉണ്ടാക്കിയ ഉപ്പ് നിക്ഷേധിക്കപ്പെട്ടു. പകരം ഗോയിറ്ററിന്റെ 'തോറാബോറ'കൾ കാട്ടിത്തന്ന് അവർ നമ്മെ യപ്പെടുത്തി. പകരം 'അയോഡൈഡ്സ് സാൾട്ട്' തന്നെ ഉപ യോഗിക്കണമെന്നവർ ശഠിച്ചു. ദൈവം പ്രകൃതിക്ക് നൽകിയ വെള്ളം പോലും അവർ ഊറ്റിയെടുത്തു. പുഴകളും തീരങ്ങളും അവർ തീറെഴുതി വാങ്ങി. ഇപ്പോൾ നാം ചെറ്റക്കുടിൽ വെച്ച പുരയിടം അവർക്ക് കിളച്ച് മാന്തണമത്രെ ! ഹിരോഷിമകളു ടേയും നാഗസാക്കികളുടേയും സൃഷ്ടിപ്പിനുള്ള മോണഡൈ ുണ്ടത്രെ അവിടെ. ചരിത്രത്തിന്റെ വിരോധാഭാസം! അല്ലാ തെന്ത് പറയാൻ! രാജ്ഘട്ടിൽ നിന്ന് മഹാത്മജിയുടെ ആത്മാവ് പിടയുന്നുണ്ടാവും.

തിരിച്ചറിവിനുള്ള സമയം ഇനിയും അതിക്രമിച്ചിട്ടില്ല. ഇവിടെ ഭൂമിയിൽ നമുക്ക് സ്വർഗ്ഗം സൃഷ്ടിക്കാൻ കഴിയണം. ശാന്തിയുടെ പ്രോജ്ജ്വല തീരങ്ങൾക്കാണ് നമ്മുടെ ഗ്രാമപ്ര ദേശങ്ങൾ കതോർക്കുന്നത്. 'ബുദ്ധന്റെ ചിരി' ഇനി അന്യനെ ഭയപ്പെടുത്താനാവരുത്; മറിച്ച് നമ്മുടെ സഹോദരങ്ങളുടെ അശ്രുകണങ്ങൾക്ക് പകരം നിൽക്കാൻ കഴിയുന്നതാവണം.

മരവിച്ച മനഃസ്സാക്ഷിയും പരസ്പരം സ്നേഹിക്കാനും അംഗീരിക്കാനുമുള്ള മനസ്സും വീണ്ടെടുക്കാൻ നമുക്ക് കഴി യണം. ഇവിടെ മതസൗഹാർദ്ദത്തിന്റെ നൂറ് നൂറ് പൂക്കൾ വിരി യട്ടെ!

# കലാലയ രാഷ്ട്രീയവും, കോടതി വിധിയും ഒരു മറുചിന്ത

ഷംസീർഷാൻ ഒ.കെ.
രണ്ടാം വർഷ ബി.എസ്.സി ബോട്ടണി

കേരള സംസ്ഥാനത്തെ കലാലയങ്ങളിൽ രാഷ്ട്രീയ പ്രവർത്തനം നി
ധിക്കുവാൻ കോളേജ് അധികൃതർക്ക് അധികാരം നൽകുന്ന ഹൈക്കോടതി വി
എന്തുകൊണ്ടാണ് പരക്കെ എതിർക്കപ്പെടുന്നത്.? വിവിധ കാരണങ്ങളാ
അനുദിനം പ്രതികരണശേഷി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ കലാലയ
ളിലെ വിദ്യാർത്ഥി സമൂഹത്തെ കൂടുതൽ നിസംഗ്ഗരും നിർജ്ജീവരും ആക്കു
എന്നതാണോ ഈ വിധിയുടേയും ലക്ഷ്യം? അച്ചടക്കത്തിന്റെ പേരും പറ
കാമ്പസുകളിൽ രാഷ്ട്രീയം നിയന്ത്രിക്കുവാൻ അധികൃതർക്ക് കോടതി എഴു
നൽകിയിരിക്കുന്ന "ബ്ലാങ്ക് ചെക്ക്" കലാലയ രാഷ്ട്രീയങ്ങളിൽ കൊടികുത്
വാഴുന്ന ദോഷങ്ങളോടൊപ്പം തന്നെ അതിന്റെ ഗുണങ്ങളെക്കൂടി ഒറ്റയടിക
തകർക്കുന്നതായിപ്പോയി. എന്താണ് വിലക്കപ്പെടേണ്ട കലാലയ രാഷ്ട്രീ
എന്താണ് ശരിയായ അച്ചടക്കം എന്നെല്ലാം കൃത്യമായി നിർണ്ണയിക്കപ്പെടാ
കാലത്തോളം പഠിച്ചതു മാത്രം പുലമ്പുന്ന ചില 'സർട്ടിഫൈഡ് കോലങ്ങളെ' ഓ
അധ്യയന വർഷവും നിശ്ചിത തോതിൽ അടിച്ചുവിടുന്ന അച്ചടി ശാലകളായി ക
ലയങ്ങൾ മാറും. അതേ സമയം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പഠി

ങ്ങുന്ന വിദ്യാർത്ഥി സമൂഹം ഭാവിയുടെ മുതൽക്കൂട്ടാണെന്നും, അവയുടെ അത്യന്തിക ലക്ഷ്യങ്ങളായ അച്ചടക്കവും സാമൂഹിക നന്മയും മുൻനിർത്തി ഈ വിധിയിലൂടെ കോടതി പ്രകടിപ്പിച്ച നിരീക്ഷണങ്ങളെയും ചോദ്യം ചെയ്യാവതല്ല.

കലാലയങ്ങൾ ഒരു തുരുത്തോ ഒറ്റപ്പെട്ട ദ്വീപോ അല്ല. അവ സമൂഹത്തിന്റെ ഒരു ഭാഗം തന്നെയാണ്. ഇവയെ വേർതിരിച്ചു കാണുന്നത് അസംബന്ധമാണ്. വർത്തമാന സമൂഹം പേറുന്ന ജീർണ്ണതയുടെ ചിത്രങ്ങൾ കലാലയ ഭിത്തികളിലും കാണുമെന്ന് തീർച്ച. തങ്ങളുടെ സ്വാർത്ഥ താൽപര്യങ്ങളെ ബലികഴിച്ചു കൊണ്ട് സമൂഹത്തിന്റെ നന്മ ലക്ഷ്യമാക്കി ഇറങ്ങിത്തിരിക്കാൻ കലാലയ വിദ്യാർത്ഥികൾ ഇനിയും പൂർണ്ണ സജ്ജരായിട്ടില്ലെന്നത് ഒരു നഗ്നസത്യമാണ്. അനീതിക്കും അക്രമങ്ങൾക്കുമെതിരെ തന്റെ വിശേഷ ബുദ്ധി ഉപയോഗപ്പെടുത്തി പ്രതികരിക്കാനുള്ള അടിസ്ഥാനമായ അവകാശങ്ങൾ വരെ ഇന്നത്തെ കാലത്ത് വിലക്കപ്പെടുകയാണോ?

ഇന്റേണലിന്റെയും ഹാജറിന്റെയും കരാളദ്രംഷ്ടകളുമായി താണു പറക്കുന്ന കഴുകന്മാർക്ക് വിദ്യാർത്ഥി സമൂഹത്തെ എറിഞ്ഞു കൊടുക്കുന്ന ഈ കോടതി വിധി എലിയെ പേടിച്ച് ഇല്ലം ചുടുന്നതിനു തുല്യമായിപ്പോയി. പെരിക്ലിസിന്റെ പ്രസിദ്ധമായ പ്രഭാഷണം ഒരു തവണ വായിച്ചിരുന്നെങ്കിൽ രാഷ്ട്രീയം 'വിലക്കപ്പെട്ട കനി'യാണെന്ന് കുട്ടികളോട് കോടതി പറയില്ലായിരുന്നു. വിധേയത്തിനുമപ്പുറം നിഷേധമാണ് നമ്മുടെ ഭരണ ഘടനയുടെ അസ്ഥിവാരം എന്നതിൽ സംശയമില്ല.

എന്നാൽ തികഞ്ഞ വിരോധാഭാസം എന്നുവേണം പറയാൻ വിദ്യാർത്ഥി സമൂഹത്തിന് മാർഗ്ഗദീപമായ് അവതരിച്ച പല രാഷ്ട്രീയ സംഘടനകളും അവരവരുടെ ആദർശങ്ങളെയും ആപ്തവാക്യങ്ങളെയും സ്വാർത്ഥതയുടെ ചിതയിൽ വെന്തെരിക്കപ്പെട്ട ഇന്നിന്റെ കലാലയ രാഷ്ട്രീയ ചിത്രങ്ങൾക്കു നേരെ കണ്ണടക്കുവാനും പറ്റില്ല. അത്തരം രാഷ്ട്രീയ സംഘടനകൾ അവരുടെ കൊടിയിലും പേരിന്റെ അക്ഷര കൂട്ടങ്ങളിലും മാറ്റം മുഴക്കിയിരുന്നെന്നല്ലാതെ അവയെല്ലാം രാഷ്ട്രീയ മേലാളൻമാരുടെ വഴിതെറ്റിയ കുഞ്ഞാടിൻ കൂട്ടങ്ങളായിരുന്നു. എന്നാൽ വിദ്യാർത്ഥി സമൂഹത്തെ ഒന്നടങ്കം ബാധിക്കുന്ന ഗുരുതരഗൗരവങ്ങളായ പല അക്കാദമിക പ്രശ്നങ്ങളിൽ തങ്ങളുടെ മുതിർന്ന രാഷ്ട്രീയ മേലാളൻമാർക്ക് ഒട്ടും താൽപര്യമില്ലാത്തതിനാൽ അത്തരം പ്രശ്നങ്ങൾ വിദ്യാർത്ഥി സംഘടനകളുടെ അജണ്ടയിൽ നിന്നും തന്നെ തള്ളപ്പെട്ടു. സംഘടിത വിലപേശലിന്റെ ഹീനമായ ചിത്രങ്ങൾ വിദ്യാർത്ഥി രാഷ്ട്രീയത്തെ കഠാരകൾക്ക് മൂർച്ചകൂട്ടുന്ന അക്രമ രാഷ്ട്രീ

യത്തിന്റെ ജീർണ്ണിത തലങ്ങളിലേക്ക് വലിച്ചെറിഞ്ഞു. ഇങ്ങിനെ പഠിക്കാൻ മറന്ന് പോരാടാൻ മാത്രം പഠിച്ച കാമ്പസ് രാഷ്ട്രീയം സഹപാഠിയുടെ തന്നെ തൊലിയിൽ ചോരയിൽ അക്രമ രാഷ്ട്രീയത്തിന്റെ പുത്തൻ സമവാക്യങ്ങൾ കോറിയിടുന്ന ''കാമ്പസ് രാഷ്ട്രീയ കളരിയായി മാറി''. ഇതുപോലെ പലപ്പോഴും വഴിമറന്ന വിദ്യാർത്ഥി സംഘടനകളുടെ നിണമണിഞ്ഞ അക്രമ രാഷ്ട്രീയത്തിന്റെ കറ കളയാൻ ഒരു പെരുമാറ്റ ചട്ടത്തിൽ കുറഞ്ഞ നടപടി ആരും ആഗ്രഹിക്കാതിരിക്കുകയുമില്ല.

ഇന്ന് നാം കാണുന്ന വിദ്യാർത്ഥി സംഘടനകളുടെ വ്രണിത മുഖങ്ങൾക്കിടയിലും ഒറ്റപ്പെട്ട തുടിപ്പായി ചില പ്രതീക്ഷയുടെ മുദ്രാവാക്യ ചിന്തുകളും പരതിയാൽ കാണാം. 1920-കളിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരം രാജ്യമൊട്ടാകെ കൊടുമ്പിരിക്കൊള്ളുമ്പോൾ നമ്മുടെ മഹാന്മാരായ സമരനേതാക്കളിൽ അധികവും ജയിലിൽ അകപ്പെട്ടപ്പോൾ ഗാന്ധിജിയുടെ നിസ്സഹകരണ പ്രസ്ഥാന സമരങ്ങളെ മുന്നിൽ നിന്നും നയിച്ചത് ഇവിടുത്തെ വിദ്യാർത്ഥി സംഘടനകളായിരുന്നു. അന്ന് രാജ്യമൊട്ടാകെ സമരാഗ്നിയിൽ ജ്വലിക്കുമ്പോൾ ക്ലാസ്സുകൾ ബഹിഷ്കരിച്ചു കൊണ്ട് കലാലയത്തിന്റെ മതിൽകെട്ടുകളെ ഭേദിച്ച് തെരുവിലിറങ്ങി ബ്രട്ടീഷുകാരോട് ഏറ്റുമുട്ടി സ്വാതന്ത്ര്യ സമരത്തിൽ നിർണ്ണായകമായ പങ്കുവഹിച്ചിരുന്ന ഒരു ഭൂതകാലവും നമ്മുടെ ഇന്നത്തെ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്കുണ്ടായിരുന്നു. അന്ന് നമ്മുടെ കൊച്ചുകേരളത്തിലും ദേശീയ പതാകയും ബാഡ്ജും ധരിക്കാനുള്ള അവകാശത്തിനായി മലബാറിലെയും തിരുവിതാംകൂറിലെയും മറ്റും കലാലയ വിദ്യാർത്ഥികൾ ക്ലാസ്സുകൾ ബഹിഷ്കരിച്ചതിന് ചരിത്രം സാക്ഷിയാണ്. അങ്ങനെ ഇന്നും അക്കാദമിക പ്രശ്നങ്ങളോടൊപ്പം തന്നെ സമൂഹത്തിനെ ദോഷമായി ബാധിക്കുന്ന പല പ്രശ്ന


വിദ്യാഭ്യാസം കച്ചവടവത്കരിക്കപ്പെട്ട ഇടങ്ങളിലെല്ലാം തന്നെ അതിനെതിരെ പടവാളുതിർക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുന്നതും അവയെ നിരോധനമെന്ന പരിച കൊണ്ട് പേടിപ്പിക്കുന്നതും നിത്യമാണ്. കേരളവും അതിനൊരപവാദമല്ല.


ങ്ങൾക്കെതിരെയും സമരം നടത്തുന്ന വിദ്യാർത്ഥി സംഘടനകളെ കാണാം. ഇവയെല്ലാം അടിച്ചമർത്തുവാനും കലാലയങ്ങളിലെ നിശബ്ദമായ സമാധാനാന്തരീക്ഷം തകർക്കുന്നതുമായിരിക്കും കോടതിവിധിയുടെ ഫലം.

ഇവയ്ക്കെല്ലാം മീതെ അടിസ്ഥാനമായി മാറിയത് കേരളത്തിന്റെ മനസ്സാണ്. സമരങ്ങളും പ്രതിഷേധങ്ങളും എതിർശബ്ദങ്ങളും കുഴിച്ചുമൂടിയാലേ കേരളത്തിൽ വ്യവസായം വേരുപിടിക്കൂ എന്ന മേലാള ചിന്തകളോട് ചേർത്തുവായിക്കേണ്ടതാണ് കലാലയ രാഷ്ട്രീയം വിലക്കുന്ന ഈ കോടതി വിധിയും. വിദ്യാഭ്യാസം കച്ചവടവത്കരിക്കപ്പെട്ട ഇടങ്ങളിലെല്ലാം തന്നെ അതിനെതിരെ പടവാളുതിർക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുന്നതും അവയെ നിരോധനമെന്ന പരിചകൊണ്ട് പേടിപ്പിക്കുന്നതും നിത്യമാണ്. കേരളവും അതിനൊരപവാദമല്ല.

രാഷ്ട്രീയമല്ല, സാമൂഹിക പ്രതിബദ്ധത ഒട്ടുമില്ലാത്ത അരാഷ്ട്രീയമാണ് കാമ്പസുകളുടെ ശാന്തതയെ തച്ചുടക്കുന്നത്. കാമ്പസുകളിൽ വ്യത്യസ്തമായ കൊടികളും മുദ്രാവാക്യങ്ങളും ഏറ്റുമുട്ടുമ്പോഴും ഒരു നന്മയുടെ കരുതിവെയ്പ്പായി ഒരുമയും നിർഭയത്വവും നിശബ്ദമായി ആലേഖനം ചെയ്യപ്പെടുന്നുണ്ട്. എന്നാൽ വർഗ്ഗീയതയും, മദ്യ

മയക്കുമരുന്ന് മാഫിയാ ഗ്യാങ്ങുക
മുളപ്പിക്കുന്ന അസുരവിത്തുമാ
അരാഷ്ട്രീയം. ആട്ടിടയനിൽ നിന്ന
വഴിതെറ്റിയ കുഞ്ഞാടുകളെപ്പോ
ലക്ഷ്യബോധവും ആത്മവീര്യ
നഷ്ടപ്പെട്ട വിനാശത്തിന്റെ പടുക
യിൽ അകപ്പെട്ട ഒരു സമുദായമാ
തുടർന്നുണ്ടാവുക. മനസ്സും ശരീര
എല്ലാ സാമൂഹിക ജീർണ്ണതകൾക്ക
അധിനിവേശിക്കപ്പെട്ട തലസ്ഥാന ന
രിയിലെ പ്രശസ്തമായ ഒരു കലാല
ത്തിൽ ലഹരിപിടിച്ച ഗ്യാങ്ങുകളു
ഭ്രാന്തതയിൽ ഒരു വിദ്യാർത്ഥി ജീവ
തന്നെ വെന്തെരിക്കപ്പെട്ട ചിത്രം നാം
ക്കരുത്. ഇങ്ങനെ ഭ്രാന്തമായ വിഭാ
യതയുടെ അന്തരങ്ങൾ ഉയർത്തിക
ട്ടുന്ന ജൂനിയർ സീനിയർ ചിന്തകളി
ഉടലെടുക്കുന്ന റാഗിംങ്ങുകളുടെ ഗ
ഷണ കേന്ദ്രങ്ങളായി നമ്മുടെ കാമ്പ
കളും മാറുമെന്നതിൽ സംശയമി
ഇപ്പോൾ അയൽ സംസ്ഥാനങ്ങളി
നിന്നും കേട്ടുകൊണ്ടിരിക്കുന്ന ക്രൂ
യുടെ റാഗിംങ്ങ് റിപ്പോർട്ടുകൾക്കാ
നമ്മുടെ പത്രത്താളുകൾ നീക്കി
ക്കേണ്ടി വരുമെന്നതും ഈ അവ
ത്തിൽ ഓർക്കുക. കലാലയ രാഷ്ട്
പേക്കൂത്തുകളിൽ മനുഷ്യത്വം നശ
വരേക്കാൾ സാമൂഹിക പ്രതിബ
ഒട്ടുമില്ലാത്ത കലാലയഗ്യാങ്ങുകളു
ഉത്ഭവം നിമിത്തമാകും. ഇന്ന് ജാതി
നേതാക്കൻമാർക്കുപോലും തങ്ങളു
അണികളെ കടിഞ്ഞാണിടാൻ സാ
ക്കാത്ത നിസ്സഹായതയുടെ പരിണ
ഫലങ്ങൾ കേരള സമൂഹത്തി
മാറാത്ത മുറിവുകൾ തീർക്കുമ്പോ
കലാലയങ്ങൾ കൂടി ജാതിയും മത
പറയുന്ന വർഗ്ഗീയതയുടെ പുത്തൻ
ശീലനക്കളരികളാകുമെന്നതിൽ രണ്ട
പ്രായമില്ല. അങ്ങനെ മനുഷ്യ
വെറുംവാക്കായി മാറുന്ന, അതിലു
സ്വാർത്ഥ താൽപര്യങ്ങലും വിഭാഗ
ചിന്തകളും മനഃപാഠമാക്കി വള
പുത്തൻ തലമുറകളുടെ പ്രസവ
ശാലകളായി കാമ്പസുകളെ മാറ്റു
ഈ വിധിയുടെ പുനർ ചിന്തനം അ
വശ്യമാക്കുന്നു.

**വിദ്യാർത്ഥികളുടെ ധാർമ്മിക സാമൂഹിക ബോധവും മൂല്യ ബോധവും വരെ കോളെജ് അധികാരികൾ ഒപ്പിട്ടു കൊടുക്കുമ്പോൾ വിദ്യാർത്ഥി സമൂഹത്തിന് നഷ്ടമാവുന്നത് ബൗദ്ധിക സ്വാതന്ത്ര്യമാണ്.**

"ജുഡീഷ്യൽ ആക്ടിവിസം" എന്ന പരിചിത പദത്തിന് ഉദാഹരണങ്ങളിലൊന്നാവുകയാണ് ഈ കോടതി വിധിയും. സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങളിലേക്ക് നിയമ സംവിധാനങ്ങൾ ഇറങ്ങി വന്ന് കുതിരസവാരി നടത്തുന്ന പ്രവണതയാണിത്. "അധിനിവേശ ജനത നിശബ്ദരായിരിക്കും. അവർ പ്രതികരിക്കുന്നില്ല." ഗാന്ധിജിയുടെ ജനതയെ അപ്രകാരമാക്കി തീർക്കാനാണ് മഹാത്മജിയുടെ ചിത്രത്തിനു താഴെ കറുപ്പ് പുതച്ചിരിക്കുന്നവർ ശ്രമിക്കുന്നതും. പലപ്പോഴും ധാർമ്മികത പ്രോസ്പെക്ടസിൽ മാത്രം ഒതുങ്ങുന്ന കോളജ് മാനേജ്മെന്റുകളുടെ കൈയിൽ തങ്ങളുടെ നാക്കിന്റെ താക്കോൽ പണയപ്പെടുത്തി മിണ്ടാതിരിക്കാൻ വിധിക്കപ്പെട്ടവരാണോ വിദ്യാർത്ഥികൾ. അച്ചടക്കം അനിവാര്യമാണ് എന്നാൽ അടിമത്തമല്ല അച്ചടക്കം എന്നറിയുക. കലാലയങ്ങളുടെ സ്വഛതയെ തകർക്കുന്ന ഈ കോടതി വിധിയും ജുഡീഷ്യൽ ആക്ടിവിസത്തിന് ഒരുത്തമ ഉദാഹരണമാകുന്നു. വിദ്യാർത്ഥി സംഘടനകളെ അടിച്ചമർത്തുന്ന ഈ വിധി പുറപ്പെടുവിച്ചത് അത്തരം സംഘടനകളുടെ ഭാഗം കേൾക്കാതെയാണെന്നുള്ളതും വിധിയിലേക്ക് നയിക്കുന്ന വസ്തുതകൾ മെയ്-26 ലെ വിധിയുടെ ഹരജിയിൽ ഉൾപ്പെട്ടിട്ടില്ല എന്നതും ഇതിനു തെളിവാണ്.

രാഷ്ട്രീയ പ്രവർത്തനം എന്നത് അടിസ്ഥാന പരമായി നാം നമ്മെക്കുറിച്ചും നമ്മുടെ ചുറ്റുപാടിന്റെ നിലനിൽപ്പിനെ കുറിച്ചും നിർമ്മിക്കുന്ന അവബോധമാണ് എന്ന് തിരിച്ചറിയേണ്ടതുണ്ട്. ലോകമെമ്പാടും രാഷ്ട്രീയപ്രവർത്തനം സാമൂഹിക പ്രവർത്തനം തന്നെ ആയിരുന്നു. അത് കലാലയത്തിന്റെ പുറംഭിത്തികൾക്കപ്പുറം തെരുവിലേക്കും ഫാക്ടറികളിലേക്കും ജയിലുകളിലേക്കും വ്യാപിച്ചു. നിലനിൽക്കുന്ന വ്യവസ്ഥകൾക്ക് അനുകൂലമാകാത്തതായി നിൽക്കുന്ന കാലത്തോളം എല്ലാം തങ്ങളുടെ കാൽക്കീഴിൽ വരണമെന്ന് കരുതുന്നവരാണ് ഇതിനെ ഭയപ്പെടുന്നത്. ഉയരുന്ന ചോദ്യമിതാണ്, കേരളം ഒരൊറ്റ നിരപ്പാക്കി മാറ്റി സൃഷ്ടിക്കാനൊരുങ്ങന്നത് ആർക്ക് രാജപാതയൊരുക്കാനാണെന്നതാണ്.

വിദ്യാർത്ഥികളുടെ ധാർമ്മിക സാമൂഹിക ബോധവും മൂല്യബോധവും വരെ കോളെജ് അധികാരികൾ ഒപ്പിട്ടു കൊടുക്കുമ്പോൾ വിദ്യാർത്ഥി സമൂഹത്തിന് നഷ്ടമാവുന്നത് ബൗദ്ധിക സ്വാതന്ത്ര്യമാണ്. കാമ്പസ് രാഷ്ട്രീയം സോപാധികവും വ്യക്തമായ നിബന്ധനകൾക്കും വിധേയമാക്കുന്ന പെരുമാറ്റച്ചട്ടമാണ് ഉത്തമമെന്ന് തോന്നുന്നു. ഏതാനും രാഷ്ട്രീയക്കാർ വിചാരിച്ചാൽ വിദ്യാർത്ഥിയുടെ പഠിക്കാനുള്ള അവകാശം നഷ്ടപ്പെടുന്നതും അധികൃതർ വിധിച്ചാൽ യുവതയുടെ വിപ്ലവവീര്യം നഷ്ടപ്പെടുന്ന രീതിയും ഒരേതരം രോഗമാണ്. പ്രത്യേകിച്ചും ഇന്ന് കാമ്പസുകൾ കൂടുതൽ അരാഷ്ട്രീയവൽക്കരിക്കപ്പെടുകയും സാമൂഹിക ചിന്തയിൽ നിന്നും അകറ്റപ്പെടുകയും മൂല്യബോധം നഷ്ടപ്പെട്ട കച്ചവടകമ്പോളങ്ങളായി മുതലാളിത്ത സംസ്കാരത്തിന് അടിമപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഈ വിധിക്കൊരു മറുചിന്ത അനിവാര്യമാകുന്നു.

## യാത്രാവിവരണം

പക്കർ ജമാൽ
ഇസ്മായിൽ
രണ്ടാം വർഷ ബോട്ടണി

# ലക്ഷദ്വീപിനും ഫാറൂഖാബാദിനുമിടയിൽ


അതൊരു വല്ലാത്ത കാത്തിരിപ്പായിരുന്നു. കൊച്ചി ഐലന്റിലെ മട്ടാഞ്ചേരി വാർഫിനടുത്തുളള ലക്ഷദ്വീപ് പാസഞ്ചേഴ്സ് ടിക്കറ്റ്കൗണ്ടറിനു മുമ്പിലായിരുന്നു രംഗം. ഞങ്ങൾ നാലു പേരുണ്ടായിരുന്നു. സഹപാഠിയും ലക്ഷദ്വീപുകാരനുമായ സുഹൃത്തിന്റെ 'സ്വന്തം വകയിൽ' ലക്ഷദ്വീപ് സന്ദർശിക്കാൻ അപ്രതീക്ഷിതമായി ലഭിച്ച വാഗ്ദാനം ഞങ്ങൾ ശിരസ്സാവഹിക്കുകയായിരുന്നു. ത്രിശങ്കു സ്വർഗ്ഗത്തിലായിരുന്ന ഞങ്ങളുടെ പേപ്പറുകളും മറ്റു രേഖകളും എമിഗ്രേഷൻ സെന്ററിൽ പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഡിസംബർ വെക്കേഷനായതിനാൽ ദ്വീപുകാർക്കു തന്നെ ടിക്കറ്റ് കിട്ടിയാലായിഎന്നു കൂടി കേട്ടപ്പോൾ, മിക്കവാറും നാട്ടിലേക്ക് തിരിച്ച് വണ്ടി കയറേണ്ടി വരുമെന്ന് മനസ്സ് മന്ത്രിക്കുമ്പോഴും എവിടെയോ പ്രതീക്ഷയുടെ തരിമ്പ് ബാക്കിയായിരുന്നു. അത് വെറുതെയായില്ല, അന്നത്തെ കപ്പലിൽ ഞങ്ങളും ടിക്കറ്റൊപ്പിച്ചു. ആ പ്രഭാതം ഞങ്ങളുടേതാവുകയായിരുന്നു. ലക്ഷദ്വീപ് എന്നും ഒരു കേട്ടുകേൾവി മാത്രമായിരുന്നു അന്നു വരെ ഞങ്ങൾക്ക്. അറബിക്കടലിന്റെ റാണിയോട് തൽക്കാലം വിടപറഞ്ഞ് ഉൾക്കടലിന്റെ അമ്പരപ്പിക്കുന്ന ദൃശ്യങ്ങളിലൂടെ 'ഭാരത് സീമ' 20 മണിക്കൂറുകൾക്കൊടുവിൽ കവരത്തിയുടെ നാണംകുണുങ്ങികളായ പുലരിയോളങ്ങളെ പുൽകിയപ്പോൾ അത്, ഞങ്ങളുടെ ജീവിതത്തിൽ പുതിയൊരാകാശവും ഭൂമിയും തുറന്നിടുകയായിരുന്നു.

സ്നേഹത്തിന്റെ മണൽത്തിട്ടയായ ലക്ഷദ്വീപിൽ ഞങ്ങളെ ആദ്യം അലട്ടിയ പ്രശ്നം അവിടുത്തെ ഭാഷ തന്നെയായിരുന്നു. മലയാളത്തിന്റെ വകഭേദമാണെങ്കിലും അവിടുത്തെ 'ജസരിഭാഷ' വഴങ്ങി കിട്ടാൻ ദിവസങ്ങളെടുത്തു. ദ്വീപിനെകുറിച്ച് കേട്ടറിഞ്ഞ വാക്കുകൾ അപൂർണ്ണമാണെന്നുതോന്നി. കേര വൃക്ഷങ്ങൾ തിങ്ങിനിറഞ്ഞ അകം മൂടിയ ഒരു മണൽക്കൂനയായാണ് അത് കപ്പലിൽ നിന്നും ദൃശ്യമായെതെങ്കിൽ, ദ്വീപ് അതിലുമൊക്കെ അപ്പുറം വിശാലമായിരുന്നു. സത്യത്തിൽ, ദ്വീപ് ആഴക്കടലലകളിൽ ഊളിയിട്ട് തത്തിക്കളിക്കുന്ന ഒരു സുവർണ്ണ മത്സ്യമായി ഞങ്ങൾക്ക് തോന്നി. ദ്വീപിനെ വിനോദസഞ്ചാരികളുടെ പറുദീസയാക്കി മാറ്റിയതും മറ്റൊന്നല്ലായിരുന്നു. ദ്വീപിന്റേതുമാത്രമായ പ്രകൃതിവിസ്മയങ്ങളും സമ്മോഹനങ്ങളായ സാംസ്കാരിക ദൃശ്യങ്ങളുമാണ് എന്നതിൽ സംശയമില്ല.

ലക്ഷദ്വീപ് സമൂഹത്തിൽ മുപ്പത്തിയേഴോളം ദ്വീപുകൾ ഉണ്ടെങ്കിലും അവയിൽ പതിനൊന്നെണ്ണത്തിൽ മാത്രമേ ജനവാസമുളളൂ. അയ്യായിരത്തിലധികം മാത്രം ജനസംഖ്യയുളള ആറര കി.മീ വിസ്തീർണ്ണമുളള ഞങ്ങൾ സന്ദർശിച്ച കവരത്തിയാണ് അവയുടെ ആസ്ഥാന ദ്വീപ്. സെക്രട്ടറിയേറ്റ്, നേവൽ അക്കാദമി, ഐ.ആർ.ബി സെന്റർ, ഇൻഡോർ സ്റ്റേഡിയം, മ്യൂസിയം, മിനി റയിൽവേസ്റ്റേഷൻ, ഹെലിപാഡ് എന്നിവ കവരത്തിയിൽ ഉണ്ട്. കൂടാതെ പൗരാണിക ചരിത്ര സവിശേഷതകൾ നിറഞ്ഞ ഒട്ടനവധി പുരാതന സ്മാരകങ്ങളും പള്ളികളും ഇവിടെ കണുവാൻ കഴിഞ്ഞു. ദ്വീപിലെ ഭരണചക്രം തിരിക്കുന്നത് ഒരു അഡ്മിനിസ്ട്രേറ്ററും കലക്ടറുമാണ്. ധാരാളം മലയാളികൾ ഇവിടെ വിവിധ സ്ഥാപനങ്ങളിലായി ജോലി ചെയ്യുന്നുണ്ട്.

കള്ളന്മാരും, കാക്കകളും പിന്നെ പവർകട്ടുമില്ലാത്ത ദ്വീപ് ഞങ്ങളെ ആകർഷിച്ചു. ദ്വീപ് കരയിൽ നിന്നും ഒറ്റപ്പെട്ടിട്ടില്ലെന്നതിന് തെളിവുകളേറെ.കപ്പലുകളിലും,ഉരുകളിലും പുത്തൻ ബൈക്കുകൾ വന്നിറങ്ങുമ്പോഴും, സാറ്റലൈറ്റ് വഴിയുളള ഇന്റർനെറ്റും മൊബൈൽഫോണും കൂടിയാവുമ്പോൾ ദ്വീപിന്റെ വളർച്ചയുടെ പുത്തൻ ചിത്രങ്ങൾ പൂർണ്ണമാവുന്നു. ദ്വീപിന്റെ സാമ്പത്തികാടിത്തറ കെട്ടിപടുക്കപ്പെട്ടിട്ടുളളത് പ്രധാനമായും അടിസ്ഥാനമായും സമുദ്രസമ്പത്തുകൊണ്ടാണെങ്കിലും, അതിനു തുല്യമായ സാമ്പത്തിക വരുമാനമാണ് വിനോദസഞ്ചാര വികസനത്തിലൂടെ ദ്വീപ് കൈവരിച്ചിരിക്കുന്നത്. വിനോദസഞ്ചാര ഭൂപടത്തിലെ അനന്തസാധ്യതകളുടെ സ്വപ്ന തുരുത്തായി ലക്ഷദ്വീപ് മാറിക്കഴിഞ്ഞിട്ടുണ്ട്.

ദ്വീപിന്റെ പ്രഭാതകാഴ്ചകൾ നയന മനോഹാരിതമാണ്. ക്രോൺക്രീറ്റ് ചെയ്ത നീളൻ നിരത്തുകളിലൂടെ പത്തുനൂറായിരം സൈക്കിളുകളിൽ ആണും പെണ്ണുമായി പള്ളിക്കൂടങ്ങളിലേക്കുള്ള യാത്രാദൃശ്യങ്ങളും,നാവിൻ തുമ്പിൽ നിന്നും ഇന്നും രുചി വറ്റാത്ത ചുര



മീനിന്റെ പ്രഭാതഭേരികളും,പള്ളികളിൽ നിന്നും ഭക്തിസാന്ദ്രമായ് ഉയരുന്ന ബാങ്കൊലികളും, മുക്കുവന്മാരുടെ വിലപേശലുകളും, കടലിന്റെ നേർത്ത സംഗീതവും ദ്വീപിന്റെ പുലരികളെ തട്ടിയുണർത്തുന്നു. മലയാളികളുടെ പ്രഭാതങ്ങളിലെ പ്രധാന ഇനമായ പത്രവായന ഇവിടെ സായാഹ്നങ്ങളിൽ ഹെലികോപ്റ്ററിൽ കരയിൽ നിന്നെത്തുന്ന ചൂടുള്ള വാർത്തകളാവുന്നു.

കേരളത്തെനാണിപ്പിച്ചുകൊണ്ട് തലയുയർത്തി ഉലഞ്ഞാടുന്ന കേരവൃക്ഷങ്ങൾ ദ്വീപുകാരുടെ സമ്പത്താണ്. ഇവിടെ ഇനിയും തെങ്ങിനും തേങ്ങായ്ക്കും മണ്ഡരി ബാധിച്ചിട്ടില്ല. ദ്വീപിലെ സാധാരണക്കാരന്റെ പ്രധാന ജീവിത മാർഗ്ഗമാവുകയാണ് ഇവിടെ തെങ്ങും അതിൽ നിന്നും ലഭിക്കുന്ന ഉൽപ്പന്നങ്ങളും.

ദ്വീപിലെ സായാഹ്നങ്ങൾ ടൂറിസ്റ്റ് ഹോട്ടലുകളിലെ വെയിൽകായലിലും ലഗൂണുകളിൽ ആറാടിത്തിമിർക്കുന്ന വെറും നേരം പോക്കുകളും മാത്രമല്ല, അത് അറിവിന്റെ അപൂർവ്വ അനുഭവങ്ങളുമാണ്. വിദേശ ചാനലുകളിൽ മാത്രം ദർശിച്ചിരുന്ന ആഴക്കടലിലേയും ലഗൂണുകളിലേയും അപൂർവ്വാത്ഭുത ദൃശ്യങ്ങൾ നേരിട്ടാസ്വദിക്കുകയായിരുന്നു ഞങ്ങൾ. ഗ്ലാസ് ബോട്ടുകളിലെ ദൃശ്യങ്ങൾ ഞങ്ങൾക്ക് സംതൃപ്തി നൽകിയില്ല. ഗ്ലാസ് മാസ്ക്കുകൾ ധരിച്ച് അൽപ്പം സാഹസിക ബുദ്ധിയോടെ വെള്ളിയോളങ്ങളെ കീറിമുറിച്ച് മത്സ്യങ്ങളുടെയും മുത്തുകളുടെയും പവിഴപ്പുറ്റുകളുടെയും അഗാധതയിലേക്ക് ഊളിയിട്ടിറങ്ങി. സമുദ്രത്തിന്റെ പ്രത്യക്ഷമായ നിശബ്ദതയ്ക്കപ്പുറമുള്ള സ്വപ്നനാമ്പുകൾ തേടിയ ആ സാഹസികത ദ്വീപിൽ മാത്രമാണറിഞ്ഞത്.

ദ്വീപിന്റെ മണൽത്തരികൾ എന്തൊക്കെയോ വിളിച്ചു പറയുന്നുണ്ടായിരുന്നു. അത് മാലോകർക്കൊന്നടങ്കമുള്ള നന്മയുടേയും മാതൃകയുടേയും സന്ദേശങ്ങളാണ്. ദ്വീപിന്റെ സംസ്കാരങ്ങളും സാമൂഹിക പശ്ചാത്തലവും കടലുമായി ഒട്ടിച്ചേർന്നിരിക്കുന്നു. പവിഴപ്പുറ്റുകൾ പൊടിഞ്ഞാണത്രേ ദ്വീപുണ്ടാവുന്നത്. എന്നാൽ ദ്വീപിന്റെ ഭൂമിശാസ്ത്രപരമായ ഈ വളർച്ചയ്ക്കൊപ്പം വിദ്യാഭ്യാസപരവും, സംസ്കാരികവും, സാമൂഹികവുമായ എല്ലാ തരത്തിലുമുള്ള ദ്വീപിന്റെ പുരോഗതി മാതൃകാപരമാണ്. ഇവിടെ സ്ത്രീധനം എന്ന ദുശിച്ച ആചാരമില്ല. ഇങ്ങനെ എത്രയെത്ര പാഠങ്ങൾ ദ്വീപുകാരിൽ നിന്നും പഠിക്കാനുണ്ട്.

എന്നാൽ ദ്വീപ് ഇന്ന് കൈവരിച്ചിട്ടുള്ള ഈ പുരോഗതിയെല്ലാം അടിസ്ഥാനപരമായി വർത്തിച്ചിട്ടുള്ളത് വിദ്യാഭ്യാസ മേഖലയിലെ അത്ഭുതകരമായ വളർച്ചയാണ്. ഈ മേഖലയിൽ പ്രധാന പങ്ക് മലബാറാണ് അവകാശപ്പെടുന്നത്. കൂടുതൽ വ്യക്തമാക്കിയാൽ അത് വിജ്ഞാനത്തിന്റെ അക്ഷയഖനിയായ നമ്മുടെ ഫാറൂഖ് കോളെജിന്റെതാണെന്നതിൽ രണ്ടഭിപ്രായമില്ല. 1950 - കളിൽ തന്നെ കടൽകടന്ന് ദ്വീപിന്റെ വിജ്ഞാനദാഹികൾ ഫാറൂഖാബാദിലെത്തിയിരുന്നു. രാജാഗേറ്റിന്റെ പാത കടന്ന അവരും, അവരുടെ പിൻഗാമികളും മടങ്ങുമ്പോൾ അവരുടെ വിജയമുദ്രകൾ ആ പാതകളിൽ ചാർത്തപ്പെട്ടിരുന്നു. ദ്വീപിന്റേയും ഫാറൂഖാബാദിന്റേയും ഹൃദയബന്ധങ്ങളുടെ കഥകൾ തുടരുകയാണ്. ഞങ്ങൾ ഉള്ളംകയ്യിലെടുത്ത ആ മണൽത്തരികൾ ആ ആത്മബന്ധത്തിന്റെ കഥകൾ പിറുപിറുക്കുന്നത് ഞങ്ങൾ കേട്ടു. ആ കടൽ വഴികൾ ഞങ്ങൾ മറക്കില്ല. ലക്ഷദ്വീപിനും ഫാറൂഖാബാദിനും ഇടയിലെ അറിവിന്റെ അഗാധപ്രേമം തിരമാലകളിൽ സംഗീതമായി അലയുതിർക്കുമ്പോൾ, അതിൽ സ്വയമലിഞ്ഞ് തിരിച്ചു വരാനായി ഇനി ഈ മടക്കയാത്ര. ●

സുനിൽബാബു സി.
മൂന്നാം വർഷ ബി.എ. സോഷ്യോള

# മാധ്യമങ്ങൾ ഹൈജാക്ക് ചെയ്യപ്പെടുന്നു

'മനുഷ്യൻ ഒരു സാമൂഹിക ജീവി' എന്ന നിലക്ക് വളരുന്നതോടൊപ്പം സമൂഹത്തിൽ എങ്ങനെ പെരുമാറണമെന്നും മറ്റുള്ളവരുമായി എങ്ങനെ പൊരുത്തപ്പെട്ടു പോകണമെന്നും പഠിക്കുന്ന പ്രക്രിയയാണ് സാമൂഹികവത്കരണം. ഈ സാമൂഹിക വൽകരണ പ്രക്രിയയെ സഹായിക്കുന്ന പ്രധാന ഏജന്റുകളായി (Socialisation Agents) സാമൂഹിക ശാസ്ത്രം കണക്കാക്കുന്നത് കുടുംബത്തേയും, വിദ്യാഭ്യാസ സ്ഥാപനങ്ങളേയും സമപ്രായഗ്രൂപ്പുകളേയും, ബഹുജന മാധ്യമങ്ങളേയുമാണ്. എന്നാൽ അണുകുടുംബത്തിന്റെ ആവിർഭാവത്തോടെ കുടുംബത്തിന്റെയും, ആഗോളവൽകരരണത്തിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പങ്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാനകാലത്തിൽ ബഹുജന മാധ്യമങ്ങളാണ് ഒരു വ്യക്തിയുടെ സമൂഹികവൽകരണത്തിന്റെ പ്രധാന ദൂതനായിവർത്തിക്കുന്നത്. ആഗോളീകരണത്തോടെ പാരമ്പര്യ അധ്യാപന ശൈലി (Traditional Teaching Methodology) മാറ്റപ്പെടുകയും ഓരോ വ്യക്തിയും മാധ്യമങ്ങളുടെ സഹായത്തോടെ സ്വയം പഠനം നടത്തുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ പഠനസമയത്തും ശേഷവും മാധ്യമങ്ങൾ ഒരു വ്യക്തിയുടെ ജീവിതത്തെ പൂർണമായും സ്വാധീനിക്കുന്നു.

> തെറ്റായ ഓർമ്മകളെ കെട്ടുകഥകളെന്നോ, പൊള്ളത്തരങ്ങളെന്നോ മാത്രമേ പറയൂ. എന്നാൽ മാധ്യമങ്ങളിലൂടെ ഇത്തരം നുണക്കഥകൾ ആവർത്തിച്ചാവർത്തിച്ച് പ്രത്യക്ഷപ്പെടുന്നതിലൂടെ യഥാർത്ഥ ചരിത്രം മാറ്റപ്പെടുകയും പകരം 'നുണകൾ' ചരിത്രമായി മാറ്റപ്പെടുകയും ചെയ്യുന്നു.


സമീപ കാലത്തായി (പ്രത്യേകിച്ച് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെയും, സ്വകാര്യ ചാനലുകളുടെയും ആവിർഭാവത്തിനു ശേഷം) വാർത്താ മാധ്യമങ്ങൾ കൈവരിച്ച അധീശത്വം മൂലം പുതിയ ഒരു സാമ്രാജ്യത്വ ശൃംഖലയായിത്തന്നെ അവർ മാറപ്പെട്ടിരിക്കുന്നു. ഈ സാമ്രാജ്യത്വ ശൃംഖലയുടെ തലപ്പത്ത് മൂലധന മേലാളൻമാരാണെന്നതിൽ തർക്കമില്ല. ഇന്ത്യയിലാകട്ടെ ഈ മൂലധന മേലാളൻമാർ സവർണർ കൂടി ആവുന്നതോടെ അവരുടെ ആശയാദർശങ്ങൾ പ്രചരിപ്പിക്കുന്നതിലും, സമൂഹത്തിനു മേൽ അവരുടെ സത്യങ്ങൾ - അവരുടെ മാത്രം

സത്യം - സ്വാധീനം ചെലുത്തുകയും ചെയ്യുന്നു. അവരുടെ ചിന്താധാരകൾക്കനുസരിച്ച് ചിന്തിക്കാനും പ്രവർത്തിക്കാനും ബഹുജനങ്ങൾ നിർബന്ധിതരായിരിക്കുന്നു.

**മാധ്യമങ്ങളും ഇന്ത്യൻ സത്യങ്ങളും:-**

"ഭൂതകാലത്തെക്കുറിച്ചുള്ള മനുഷ്യന്റെ നേരായ ഓർമ്മയെയാണ് ചരിത്രമെന്ന് നിർവചിക്കപ്പെടുന്നത്." തെറ്റായ ഓർമ്മകളെ കെട്ടുകഥകളെന്നോ, പൊള്ളത്തരങ്ങളെന്നോ മാത്രമേ പറയൂ. എന്നാൽ മാധ്യമങ്ങളിലൂടെ ഇത്തരം നുണക്കഥകൾ ആവർത്തിച്ചാവർത്തിച്ച് പ്രത്യക്ഷപ്പെടുന്നതിലൂടെ യഥാർത്ഥ ചരിത്രം മാറ്റപ്പെടുകയും പകരം 'നുണകൾ' ചരിത്രമായി മാറ്റപ്പെടുകയും ചെയ്യുന്നു. ഇത്തരം പൊള്ളത്തരങ്ങൾ ബഹുജനത്തിനിടയിൽ സത്യമായി മാറുന്നതിനുള്ള പ്രധാന കാരണം മാധ്യമങ്ങൾ ഈ സവർണ്ണ മേലാളൻമാരുടെ കുത്തകയാണെന്നുള്ളതാണ്. ചരിത്ര പുസ്തകങ്ങളിലൂടെ പഠിപ്പിക്കപ്പെടുന്ന ചരിത്രങ്ങൾ അപ്പാടെ മറക്കാനും മാധ്യമങ്ങൾ ഊതി വീർപ്പിക്കുന്ന പൊള്ളത്തരങ്ങൾ ചരിത്രമാകുന്നതിനുമുമ്പുള്ള പ്രധാന കാരണം മാധ്യമങ്ങൾ ബഹുജനത്തിനുമേൽ നേടിയുള്ള അധീശത്വം മൂലമാണ്. ഇത്തരം മാധ്യമങ്ങൾ ഉപയോഗിച്ച് സവർണ്ണ ഹിന്ദുത്വ ഫാഷിസ്റ്റുകൾ, ചരിത്രത്തെ ദുർവ്യാഖ്യാനം ചെയ്ത്, ഇന്ത്യൻ ന്യൂനപക്ഷങ്ങളുടെ മേൽ കുപ്രചാരങ്ങളുടെ ഒരു വലിയ സൗധം തന്നെ തീർത്തിട്ടുണ്ട്. ഇത്തരം കുപ്രചാരങ്ങളിൽ ഉയർന്നു കേൾക്കുന്ന പ്രധാന ചോദ്യങ്ങൾ എല്ലാംതന്നെ മുസ്ലീം ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കെതിരെയുള്ളതാണ്.

മുസ്ലിംങ്ങളും, ക്രൈസ്തവരും വൈദേശികരല്ലേ? മുസ്ലിം ഭരണാധികാരികൾ ഹിന്ദുക്ഷേത്രങ്ങൾ ആക്രമിക്കുകയും തകർക്കുകയും ചെയ്തില്ലേ? ജാസിയ? ഇന്ത്യാ-പാക് വിഭജനത്തിനു മുസ്ലിംകൾ അല്ലേ കാരണം?



ഈ വക ചോദ്യങ്ങൾക്കെല്ലാം തന്നെ സംഘ്പരിവാരത്തിന് അവരുടേതായ വ്യാഖ്യാനങ്ങളുണ്ടെങ്കിലും ചരിത്രപരമായി സംഘ്പരിവാരത്തിന്റെ വ്യാഖ്യാനങ്ങൾ എല്ലാംതന്നെ മിഥ്യകളാണ്. എന്നിരുന്നാലും മാധ്യമങ്ങൾ ബഹുജനത്തിനുമേൽ നേടിയ സ്വാധീനം മൂലം അവരുടെ വ്യഖ്യാനങ്ങളും ബഹുജനത്തിനു മേൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

യഥാർത്ഥത്തിൽ ഈ സവർണ്ണ മേലാളൻമാർമാരും വൈദേശീകരാണെന്ന് ചരിത്രത്തെ ആഴത്തിൽ പഠനവിധേയയമാക്കുമ്പോൾ ഏതൊരാൾക്കും മനസ്സിലാകും. സവർണ്ണൻമാർ ആര്യൻമാരാണെന്നുള്ളത് അർത്ഥശങ്കക്കിടമില്ലാത്ത കാര്യമാണ്. ഈ ആര്യൻമാർ അഥവാ ഹിന്ദു സവർണനൻമാർ ഋഗ്വേദ കാലഘട്ടത്തിൽ കന്നുകാലികളെ മേച്ച് ഇറാൻ വഴി ഇന്ത്യയിലേക്ക് നുഴഞ്ഞു കയറുകയും ഇവിടെയുണ്ടായിരുന്ന ആദിമ നിവാസികളെ ശൂദ്രരെന്നും, അയിത്ത ജാതിക്കാരെന്നും, തൊട്ടു കൂടാത്തവരെന്നും മുദ്രകുത്തി അക്രമിച്ചും ചതിച്ചും അടിമകളാക്കുകയാണ് ചെയ്തത്. മാത്രമല്ല ഈ അടിസ്ഥാന വർഗ്ഗത്തെ (ദ്യുസ്യുക്കളെ) കൊന്ന് കളയാനുള്ള പ്രാർത്ഥനയും ഋഗ്വോദത്തിൽ കാണാം. "ദ്യുസ്യുക്കളാൻ നാലു ഭാഗവും വലയപ്പെട്ട നി[illegible]യിലാണ് ഞങ്ങൾ ജീവിക്കുന്നത്. അ[illegible]കട്ടെ യാഗം ചെയ്യുന്നില്ല. ഒന്നിലും വിശ്വസിക്കുന്നില്ല. അവരുടെ കർമ്മങ്ങൾ വ്യത്യസ്ഥമാണ്. അവർ മനുഷ്യരല്ല. അല്ലയോ ശത്രു നാശകാ (ഇന്ദ്രൻ) ഈ ദാസവശംത്തെ കൊ[illegible]ിച്ചാലും" (ഋഗ്വേദം - 2-22-8 [illegible]quated by A. Marks. "മുസ്ലിംകൾക്കെതിരായ കെട്ടുകഥകൾ") ഇങ്ങനെ ആദിമ വിഭാഗത്തെ കീഴ്പ്പെടുത്തി ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ച മേലാളൻമാരാണ് മുസ്ലിംകളേയും ക്രൈസ്തവരെയും വൈദേശികളെന്ന് മുദ്രകുത്തുന്നത്. എന്നാൽ മുസ്ലീം-ക്രൈസ്തവരാകട്ടെ (അൽപം ചില ഭരണാധികാരികളും

മിഷണറിമാരും ഒഴിച്ച്) ഇന്ത്യയിൽ പിറന്നു വീണവരും മറ്റു താഴ്ന്ന ജാതിയിൽ നിന്നും മതപരിവർത്തനം നടത്തിയവരും മാണ്. മതപരിവർത്തനം നടത്താനുള്ള പ്രധാന കാരണം ഹിന്ദു മതത്തിലെ ജാതീയതയായിരുന്നു. ഒരു ഹിന്ദുവിന് മറ്റേതു മതത്തിലേക്കും മതപരിവർത്തനം നടത്താം എന്നാൽ ഒരു അഹിന്ദു ഹിന്ദുമതം സ്വീകരിച്ചാൽ അയാൾ ഏത് ജാതിയിൽ പോകും?

ബഹുഭൂരിപക്ഷം മുസ്ലിം ഭരണാധികാരികളും ഹിന്ദുക്ഷേത്രങ്ങൾ ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്തതായിട്ടാണ് സംഘ്പരിവാർ ചിത്രീകരിക്കുന്നത്. എന്നാൽ എല്ലാ ഭരണാധികാരികളും അങ്ങനെ ആയിരുന്നില്ല. അക്ബറിന്റെ ഭരണകാലം ഹിന്ദു-മുസ്ലീം മതമൈത്രിയുടെ ഉത്തമദൃഷ്ടാന്തമാണ്.

മുഹമ്മദ് ഗസ്നിയുടേയും, ഔറംഗസീബിന്റെയും കാലത്താണ് ക്ഷേത്രങ്ങൾ ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്തിട്ടുള്ളതായി കാണാൻ കഴിയുന്നത്. ഇങ്ങനെ ക്ഷേത്രങ്ങൾ അക്രമിക്കാനുള്ള പ്രധാന കാരണം ക്ഷേത്രങ്ങളുടെ അളവറ്റ സമ്പത്തായിരുന്നു. പഴയ നാട്ടുരാജാക്കൻമാരുടെയെല്ലാം വിഭവങ്ങളും, ധനവും സൂക്ഷിച്ചിരുന്നത് ഇത്തരം ക്ഷേത്രങ്ങളിലായിരുന്നു എന്നുള്ളതാണ് ആക്രമങ്ങൾക്കുള്ള പ്രധാന കാരണമായി ചരിത്രകാരൻമാർ ചൂണ്ടിക്കാണിക്കുന്നത്.

ഔറംഗസീബിന്റെ കാലത്ത് ക്ഷേത്രങ്ങൾ തകർക്കപ്പെട്ടിരുന്നുവെന്നും ഇതാണ് മുസ്ലീം ഭരണമെന്നും വരച്ചുകാട്ടുന്ന ചരിത്രകാരന്മാരെ കപട ചരിത്രകാരൻമാരായാണ് ബി.എൻ. പാണ്ഡെ വിശേഷിപ്പിക്കുന്നത്. "കപട ചരിത്രകാരൻമാർ ഔറംഗസീബിന്റെ തെറ്റായ ചരിത്രത്തെയാണ് ഇന്ത്യയിലെ മുസ്ലിം ഭരണത്തിന്റെ പ്രതീകമായി വരച്ചു കാണിക്കുന്നത്. മഹാക്കലേശ്വ ക്ഷേത്രം, ഉജ്ജയിൻ, ബാലാജി ക്ഷേത്രം, ചിത്രക്കൂട്ട്, ഉമാനങ്ങ് ക്ഷേത്രം, ഗോഹട്ടി തുടങ്ങിയ പ്രധാന ക്ഷേത്രങ്ങൾക്കും മറ്റനേകം ഉത്തരേന്ത്യൻ ക്ഷേത്രങ്ങൾക്കും ഔറംഗസീബ് ഭൂസ്വത്തും ധനസഹായവും ചെയ്തിരുന്നതിന് ധാരാളം തെളിവുകളുണ്ട്." ബി. എൻ. പാണ്ഡെ: ഇസ്ലാമും ഇന്ത്യൻ സംസ്കാരവും"

എന്നാൽ മുസ്ലിംകൾ മാത്രമായിരുന്നില്ല ക്ഷേത്രങ്ങൾ ആക്രമിച്ചിരുന്നത്. ക്ഷേത്രങ്ങൾ ആക്രമിക്കുന്നതിനും കൊള്ളയടിക്കുന്നതിനും പ്രത്യേക വകുപ്പും മന്ത്രിയുമുണ്ടായിരുന്ന ഇന്ത്യയിലെ ഏക രാജാവ് കാശ്മീരിലെ ഹർഷദ്ദേവ് എന്ന ഹിന്ദു രാജാവായിരുന്നു. സർ: ഫ്രാൻസിസ് യങ്ങ് ഹസ്ബൻഡ് (Sir: Francis young husband "Kashmior") ഇങ്ങനെ രേഖപ്പെടുത്തുന്നു: അതിരുകവിഞ്ഞ സൈനീക ചെലവും ആഡംബരജീവിതവും ക്രമേണ ഹർഷനെ കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിയിട്ടു. അതിൽ നിന്നും കരകയറുന്നതിനായി പുണ്യസ്ഥലങ്ങൾ നിർദ്ധയം കവർച്ച ചെയ്യുകയും വിലപിടിപ്പുള്ള ലോഹം കൊണ്ട് പണിതീർത്ത വിശുദ്ധ വിഗ്രഹങ്ങൾ പോലും തട്ടിക്കൊണ്ടുപോവുകയും ചെയ്തിരുന്നു." അതുകൊണ്ട് തന്നെ ക്ഷേത്രങ്ങൾ തകർക്കുകയും കൊള്ളയടിക്കുകയും ചെയ്തിരുന്നത് ഒരു മതവിഭാഗത്തിന്റെ മാത്രം സ്വഭാവമായി കണക്കാക്കാൻ കഴിയില്ല. ഹിന്ദു രാജാക്കൻമാരും മുസ്ലിം രാജാക്കൻമാരും ഒരുപോലെ ക്ഷേത്രങ്ങൾ കൊള്ളയടിച്ചിരുന്നത് മതധ്വംസനമല്ലെങ്കിൽ എങ്ങനെയാണ് മുസ്ലിം ഭരണാധികാരികൾ ക്ഷേത്രങ്ങൾ കൊള്ളയടിച്ചത് മതധ്വംസനമാകുന്നത്?

ഔറംഗസീബിന്റെ കാലത്ത് ക്ഷേത്രങ്ങൾ തകർക്കപ്പെട്ടിരുന്നു വെന്നും ഇതാണ് മുസ്ലീം ഭരണമെന്നും വരച്ചുകാട്ടുന്ന ചരിത്ര കാരന്മാരെ കപട ചരിത്രകാ രൻമാരായാണ് ബി.എൻ. പാണ്ഡെ വിശേഷിപ്പിക്കുന്നത്.

മുസ്ലിം ഭരണാധികാരികൾ ഹിന്ദുക്കളുടെ മേൽ ചുമത്തിയിരുന്ന നികുതിയാണ് 'ജസിയ' എന്നും മുസ്ലിംകൾക്ക് നികുതി ഒന്നും തന്നെ ഇല്ലായിരുന്നുവെന്നും പാഠപുസ്തകങ്ങൾ പോലും നമ്മെ പഠിപ്പിക്കുന്നു. എന്നാൽ മുസ്ലിം ഭരണത്തിൽ കീഴിൽ എല്ലാ മുസ്ലിംങ്ങളും തങ്ങളുടെ കാർഷിക വരുമാനത്തിന്റെ പത്തുശതമാവും കാർഷികേതര വരുമാനത്തിന്റെ രണ്ടര ശതമാനവും 'സകാത്താ' യി നിർബന്ധമായും ഖജനാവിൽ അടക്കേണ്ടിയിരുന്നു. ഇത്തരം നികുതികൾ ഹിന്ദുക്കൾക്ക് ഇല്ലായിരുന്നതുകൊണ്ട് 'ജസിയ' എന്ന പേരിൽ നികുതി ചുമത്തിയിരുന്നത്. എന്നാൽ ജസിയ ഒരിക്കലും സകാത്തിനേക്കാൾ കൂടുതലായിരുന്നില്ല. മാത്രമല്ല, ബ്രാഹ്മണൻ, സന്യാസിമാർ, സ്ത്രീകൾ, കുട്ടികൾ, അന്ധർ, വൃദ്ധർ, രോഗികൾ എന്നിവരെയും 'ജസിയ' യിൽ നിന്നും പൂർണമായും ഒഴിവാക്കിയിരുന്നു.

ഇന്ത്യാ-പാക് വിഭജനത്തിന്റെ മുഴുവൻ ഉത്തവാദിത്തവും മുസ്ലിംങ്ങളുടെ മുകളിലാണ് ഇന്നത്തെ സംഘ്പരിവാർ അടിച്ചേൽപ്പിക്കുന്നത്. എന്നാൽ മുസ്ലിംലീഗ് ഈ ആവശ്യം ഉന്നയിക്കുന്നതിനു മുമ്പുതന്നെ ദ്വിരാഷ്ട്ര വാദം തന്റെ മനസിലുണ്ടായിരുന്നതായി (1905 മുതൽ അഥവാ ഹിന്ദു മഹാസഭയുടെ ആരംഭം മുതൽ തന്നെ) ഹിന്ദു മഹാസഭയുടെ നേതാവായിരുന്ന ഭായി പരമാനന്ദൻ 1933 ൽ വെളിപ്പെടുത്തിയിരുന്നു. 1937-ൽ R.S.S നേതാവായിരുന്ന വി.ഡി. സവർക്കർ ഇങ്ങനെ പ്രഖ്യാപിക്കുകയുണ്ടായി. "ഇന്ത്യയെ ഒരു

ദേശമായി കാണാൻ കഴിയില്ല. ഇവിടെ ഹിന്ദു ദേശീയത മുസ്ലിം ദേശീയത എന്നിങ്ങനെ രണ്ടു ദേശീയതകളുണ്ട്" 1943-ൽ വി.ഡി. സവർക്കർ ജിന്നയുടെ പ്രസ്ഥാവനയോട് പ്രതികരിച്ചത് ഇപ്രകാരമാണ്. "ജിന്നയുടെ ദ്വിരാഷ്ട്ര വാദവുമായി എനിക്ക് യാതൊരെതിർപ്പുമില്ല. ഞങ്ങൾ ഹിന്ദുക്കൾക്ക് സ്വയം ഒരു രാഷ്ട്രമാണ്. ഹിന്ദുക്കളും മുസ്ലിംങ്ങളും രണ്ടു വ്യത്യസ്ഥ രാഷ്ട്രങ്ങളാണെന്നുള്ളത് ഒരു ചരിത്ര സത്യമാണ്. [Hindu , 8-8-1997]

അതുകൊണ്ടുതന്നെ ഇന്ത്യാ വിഭജനത്തിന്റെ ഉത്തരവാദിത്തം ഒരു വിഭാഗത്തിനു മേൽ അടിച്ചേൽപ്പിക്കുന്നതും, അത്തരം വാർത്തകൾ ബഹുജനത്തിനു മേൽ സ്വാധീനം ചെലുത്തും വിധം തുടരെത്തുടരെ പ്രസിദ്ധീകരിക്കുന്നതും യാഥാർത്ഥ ചരിത്രത്തെ മാറ്റി സംഘ്പരിവാരത്തിന്റെ ആശയവും, ചരിത്രവും സ്വാധീനപ്പെടുത്തുന്നതിനുള്ള മാധ്യമങ്ങളുടെ ആശയ തന്ത്രമാണെന്നേ കണക്കാക്കാൻ കഴിയൂ.

**മാധ്യമങ്ങളും, ആഗോള ദേശീയ വാദവും:**

2001 സെപ്തംബർ 11 ന് അമേരിക്കയിൽ WTC (World Trade Centre) തകർക്കപ്പെട്ടതിനു ശേഷം ലോക ഭീകരവാദികൾ ആര് ? എന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേ ഉയർന്നു കേൾക്കുന്നുള്ളൂ. 'മുസ്ലിം ഭീകരവാദികൾ'.

സെപ്തംബർ -11 ന് വേൾഡ് ട്രെയ്ഡ് സെന്റർ തകർത്തതിന്റെ പേരിൽ അമേരിക്ക ബിൻലാദനു നേർക്ക് വിരൽ ചൂണ്ടുകയും ബിൻലാദൻ ഇസ്ലാംമത വിശ്വാസി ആയതുകൊണ്ട് അമേരിക്കൻ സാമ്രാജ്യത്വം മുസ്ലിം ഭീകരവാദം എന്ന തലക്കെട്ട് നൽകുകയും മാധ്യമങ്ങൾ അതിനെ ഉയർത്തിപ്പിടിക്കുകയും ചെയ്തു.

ലക്ഷക്കണക്കിന് മനുഷ്യരെ വിയറ്റനാം യുദ്ധത്തിലും, രണ്ടാം ലോകമഹായുദ്ധത്തിലും, ഒന്നും രണ്ടും ഇറാഖ് യുദ്ധത്തിലും, അഫ്ഗാൻ യുദ്ധത്തിലും, കൊളംബസ് അമേരിക്ക കീഴ്പ്പെടുത്തിയപ്പോൾ അവിടെയുണ്ടായിരുന്ന എൺപത് ലക്ഷത്തോളം ആദിമ വിഭാഗത്തേയും, ആയുധങ്ങൾ ഉപയോഗിച്ചും, രാസായുധവും ജൈവായുധങ്ങളും ഉപയോഗിച്ച് കൂട്ടക്കൊല ചെയ്ത അമേരിക്കൻ നടപടി ഭീകരവാദമല്ല. പട്ടിണികൊണ്ടും മരുന്നില്ലാതെയും കഷ്ടപ്പെടുന്ന സുഡാനിലെ മരുന്ന് ശാലകൾക്കു മീതെ ബോംബ് വർഷിക്കുന്ന അമേരിക്കൻ ചെയ്തി ഭീകരവാദമല്ല. ആഗോള ഭീകരവാദം ഏത് എന്ന് നിർവചിക്കുന്നത് അമേരിക്കൻ സാമ്രാജ്യത്വവും അവരുടെ തണലിൽ പടർന്നു പന്തലിക്കുന്ന മാധ്യമ സാമ്രാജ്യത്വവുമാണ്.

**ഗുജറാത്തും ഇന്ത്യൻ മാധ്യമങ്ങളും:**

2002 ഫെബ്രുവരി 27-ന് ഗോധ്രയിലെ സബർമതി എക്സ്പ്രസിന് തീപിടിച്ചപ്പോൾ തന്നെ സംഘ്പരിവാർ കുറ്റം മുസ്ലിംങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുകയായിരുന്നു. ഇന്ത്യൻ മാധ്യമങ്ങളും ആ നിലക്കാണ് റിപ്പോർട്ട് ചെയ്തത്. സെപ്തംബർ 11-ന് ശേഷം ലോകത്തിൽ മുഴുവനും 'മുസ്ലിം തീവ്രവാദികൾ' എന്ന് മുദ്രകുത്തിയിരുന്നതുകൊണ്ട് മാധ്യങ്ങൾക്ക് മറ്റൊരു വശം തേടേണ്ടിയിരുന്നില്ല. സംഘ്പരിവാരത്തിന്റെ വാക്കുകളെ അപ്പടി ഉയർത്തിപ്പിടിക്കുകയാണ് ഇന്ത്യൻ മാധ്യമങ്ങൾ ചെയ്തത്. പകരം മതേതര ഇന്ത്യ നൽകിയത് ആയിരക്കണക്കിന് നിരപരാധികളായ മനുഷ്യ ജീവനാണ്.

ചുരുക്കത്തിൽ ബഹുജനങ്ങൾ പ്രത്യേകിച്ച് യുവജനത മാധ്യമങ്ങളുടെ ഈ വേലിയേറ്റത്തിലാണ് 'തങ്ങൾക്ക് എല്ലാം അറിയാം' എന്ന ദാർഷ്ഢ്യത്തോടെ ബഹുജനങ്ങൾ യഥാർത്ഥമായതൊന്നും അറിയാൻ മുതിരാതെ, ഫാഷിസ്റ്റ് മേലാളൻമാരുടേയും, മൂലധനമേലാളൻമാരുടേയും മാധ്യമങ്ങൾ പകർന്നു തരുന്നത് മാത്രം അപ്പാടെ വിഴുങ്ങി. ഇതാണ് സത്യമെന്ന് കരുതി

പട്ടിണികൊണ്ടും മരുന്നില്ലാതെയും കഷ്ടപ്പെടുന്ന സുഡാനിലെ മരുന്ന് ശാലകൾക്കു മീതെ ബോംബ് വർഷിക്കുന്ന അമേരിക്കൻ ചെയ്തി ഭീകരവാദമല്ല. ആഗോള ഭീകരവാദം ഏത് എന്ന് നിർവചിക്കുന്നത് അമേരിക്കൻ സാമ്രാജ്യത്വവും അവരുടെ തണലിൽ പടർന്നു പന്തലിക്കുന്ന മാധ്യമ സാമ്രാജ്യത്വവുമാണ്.

എല്ലാം അറിയുന്നവരെപ്പോലെ നെഞ്ചും വിരിച്ച് നിൽക്കുന്നു. സാക്ഷരരെ എല്ലാ തരത്തിലുള്ള മാധ്യമങ്ങളും സ്വാധീനം ചെലുത്തുന്നതു പോലെ നിരക്ഷരരെ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും സ്വാധീനം ചെലുത്തുന്നു. അതുകൊണ്ട് തന്നെ ഇന്നത്തെ യുവത്വം "വായിച്ചു വളരുന്നതിനു പകരം കണ്ടും കേട്ടും തളരുകയാണ്."



ഫൈസൽ
രണ്ടാം വർഷ ബി.എ ഇംഗ്ലീഷ്.


# മേൽവിലാസം തേടുന്ന ഫാസിസം

കാലഹരണപ്പെട്ട പ്രമാണങ്ങളിലെവിടയോ കണ്ട ഓർമ്മയിൽ നിന്ന് ചികഞ്ഞെടുത്ത് നാം കൊടുക്കുന്ന മേൽവിലാസങ്ങൾ കേട്ട് കൃതാർത്ഥരായി മടങ്ങുന്ന ധാരാളം പേർ നമുക്കിടയിലുണ്ട്. ഇവിടെ ലഭിച്ച മേൽവിലാസത്തിന് കൃത്യതയുടെ തൂക്കത്തിനോ അളവിനോ വിലകൽപ്പിക്കപ്പെടുന്നില്ല. പക്ഷേ ബുദ്ധിരാക്ഷസരുടെ മസ്തിഷ്കദൃഷ്ടിയിൽ 'അപലപനീയം' 'നിഷ്ക്രിയം' എന്നി ഓമനപ്പേരുകളിൽ അറിയപ്പെട്ടുകൊണ്ടിരിക്കുന്ന കഥാനായകന് ശരിയായ മേൽവിലാസം കണ്ടെത്തുക ദുഷ്കരം. ഇവിടെ 'അപലപനീയം' എന്നോ 'നിഷ്ക്രിയമെന്നോ' വരാൻ, അല്ലെങ്കിൽ വരുത്തിത്തീർക്കാൻ.

ധാരാളം സൂചിപ്പിക്കപ്പെട്ടതുപോലെ കഥാനായകനെത്തേടി ഒന്നിറങ്ങിയാലോ? നേരിൽ കണ്ടാൽ മിണ്ടാതെ പോകുമോ?

വൈദേശികാധിപത്യത്തിൽ നിന്നും മുക്തയായ സ്വതന്ത്ര ഇന്ത്യയുടെ പ്രഥമസാരഥിയായിരുന്ന പണ്ടിറ്റ് ജവഹർലാൽ നെഹ്റു ഒരിക്കൽ തന്റെ പഠന വിഷയമെന്നനിലയിൽ വളരെ വിശാലമായി ചിന്തിച്ച്, ഗവേഷണ വിധേയമാക്കിയ ഫാസിസത്തെ കുറിച്ച് തന്റെ വിഖ്യാതഗ്രന്ഥമായ " GLIMPSES OF WORLD HITORY'' യിൽ ഫാസിസത്തിന്റെ ദർശനം, അതിന്റെ പ്രവർത്തനം ഇവ വ്യക്തമാക്കുന്നതിൽ വാചാലനായതായി കാണാം. എന്തെന്നാൽ ദാരിദ്ര്യവും അജ്ഞതയും ഇതിന്റെ പോഷകാഹാരമായതിനാൽ ഇന്ത്യൻ മണ്ണിൽ ഇതിന് പ്രത്യേകമായി വളം ചെയ്യേണ്ടകാര്യം വരുന്നില്ലെന്ന് അദ്ദേഹം മനസിലാക്കിയിരുന്നു.

ഹെഗല്ലൻ,നീഷെ, മുസോളനി,ഹിറ്റ്ലർ എന്നിവർ ചരിത്രപ്രാധാന്യത്തോടെ നടത്തിപ്പോന്ന "സൈദ്ധാന്തികപ്രാധാ



ന്യമുള്ള" ഈ വ്യാപാരസ്ഥാപനം, ഇന്ന് പങ്കിട്ടു നടത്തിവരുന്നു എന്ന് മാത്രം. (മത ദർശനങ്ങളെ വളച്ചൊടിക്കുന്നതാണ് ഇതിന്റെ പ്രധാന കാരണം). ഇതിവിടെ വെളിപ്പെടുത്താൻ കാരണം ഞാൻ മുമ്പ് വ്യക്തമാക്കിയ പര്യായങ്ങളായ മുസോളനിയും, ഹിറ്റ്ലറും മതത്തിന്റെ പുകമറയിൽ അജ്ഞതയെ കൂട്ടാളിയാക്കി അന്ന് വികസിപ്പിച്ച ഫാസിസം ഇന്ന് ഹൈടെകിന്റെയും,ബ്ലൂചിപ്പിന്റെയും സഹായം തേടുന്നു എന്ന് മാത്രം. അന്ന് ആര്യവംശാധിപത്യത്തിലും ക്രൈസ്തവ മതത്തിലും അടിയുറച്ച് വിശ്വസിച്ചിരുന്ന യൂറോപ്പിലെ ഫാസിസ്റ്റുകൾ പോപ്പുമായി എന്നും അനുരഞ്ജനത്തിന് തയ്യാറായ മുസോളിനിയും, ബൈബിളിലെ ആര്യൻ പേരഗ്രാഫിന്റെ അധിനിവേശത്തിനും ജർമ്മൻ സഭാനേതാവായ ഗുഡ്വിൻ മുള്ളറെന്ന വിശ്വസ്ഥസേവകന്റെ സ്ഥാനാരോഹണത്തിന് ഹിറ്റ്ലറും ഉപയോഗിച്ചത് മതത്തെ തന്നെ.

മുസോളനിയും, ഹിറ്റ്ലറും മതത്തിന്റെ പുകമറയിൽ അജ്ഞതയെ കൂട്ടാളിയാക്കി അന്ന് വികസിപ്പിച്ച ഫാസിസം ഇന്ന് ഹൈടെകിന്റെയും, ബ്ലൂചിപ്പിന്റെയും സഹായം തേടുന്നു

ജന്റലിന്റെ ചിന്തകളിലെ 'വൈരുദ്ധ്യത' ഉണ്ടാക്കാൻ മതങ്ങൾ അത്യാവശ്യമാണെന്ന് പറയുന്നുണ്ട്. അതിനാൽ തീർച്ചയായും ഒരു ഫാസിസ്റ്റ് രാഷ്ട്രം വിവിധമതങ്ങളുടെ



ജീവിത വൈരുദ്ധ്യത സൃഷ്ടിക്കാൻ കെൽപ്പുള്ളതായിരിക്കണം. ഇവിടെ ഫാസിസത്തിന്റെ മതാടിത്തറ തെളിഞ്ഞുവരുന്നു. ഇവിടെ പിഴച്ചത് മതത്തിന്റെ പ്രചാരണത്തിനിടയിലെ അറിയപ്പെടാത്ത വിള്ളലുകളായിരിക്കുമോ? അല്ലെങ്കിൽ അധിനിവേശത്തിന്റെ ജ്വാലയിൽ സദാചാരത്തിന്റെ തള്ളമരം കരിഞ്ഞുപോയതോ?

മുതലാളിത്തത്തിന്റെ ആഭ്യന്തര വൈരുദ്ധ്യങ്ങൾ കൊണ്ടല്ല ഫാസിസം ഉണ്ടായത്. അത് ഒരു മധ്യവർഗ്ഗത്തിന്റെ മാത്രം രാഷ്ട്രീയ ദർശനവുമല്ല. മറിച്ച് അജ്ഞതയും പട്ടിണിയും കൊണ്ട് മൂടപ്പെട്ട ഒരു സമൂഹത്തിൽ,മാറ്റത്തിന്റെ, മോചനത്തിന്റെ തിരിനാളം തെളിയിക്കാൻ ദൈവദൂതൻ വരും എന്ന് പ്രതീക്ഷിക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽ ഫാസിസത്തെ കെട്ടിപ്പടുക്കാൻ ആധുനികമായ സംവിധാനങ്ങൾ ആവശ്യമായി വരുന്നില്ല. സ്വാതന്ത്ര്യത്തിന്റെ നിഷേധിയായിമാറുന്ന ഇതിന് ഇറ്റലിയിൽ പേരുവിളിച്ചപ്പോഴും അതിന്നർത്ഥം 'ഐക്യം' എന്നാണെന്ന് കണ്ടപ്പോഴും ചരിത്രലേഖകന്റെ കരങ്ങളിൽ നിന്ന് എഴുത്താണികൾ പൊലും പറഞ്ഞിരിക്കാം 'ഫാസിസം' ഐക്യബോധം നേടുന്നനാൾ വിദൂരമല്ല എന്ന്.

രാജ്യത്തിന് വേണ്ടി സർവ്വതും ത്യജിക്കുക,അനുസരിക്കുക എന്ന് മുസോളനി ആവശ്യപ്പെട്ടപ്പോൾ സ്വാതന്ത്ര്യ നിഷേധമായി തോന്നിയവർ, സ്വാതന്ത്ര്യമെന്നാൽ വൈദേശികാധിപത്യത്തിൽ നിന്നുള്ള മുക്തിയാണെന്ന് സമാധാനിച്ചിരിക്കാം. സമത്വാധിഷ്ഠിതമായ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള മുറവിളി കുറവാണ്. കാരണം പൗരാണികമായ ജീവിത ശൈലികളിലേക്കും, മഹത്വങ്ങളിലേക്കും തിരിച്ചുപോകാൻ വെമ്പൽകൊള്ളുന്ന ജനതയെ വാർക്കാൻ ചിലവ്കുറഞ്ഞ പണിശാലകൾ മതിയായിരിക്കാം.

ലോകമഹായുദ്ധങ്ങളിലെ പരാജയങ്ങളായിരുന്നു ചില രാജ്യങ്ങളിലെ ഫാസിസ്റ്റ് അണുബാധക്ക് കാരണമായത്.ജർമ്മനിയിലും ഇറ്റലിയിലും ഒന്നാം ലോക മഹായുദ്ധത്തിൽ തൊഴിലില്ലായ്മയും പട്ടിണിയും സമ്മാനമായി ലഭിച്ചപ്പോഴും ഹിറ്റ്ലർ മുസോളനിമാർ പൊടിച്ചുവന്നു. യുദ്ധോത്സുകമായ ആശയങ്ങൾ അന്ന് ഫാസിസത്തിന്റെ പ്രചാരണ തന്ത്രമാക്കി. ഇവിടെയും പതിവ് പോലെ 'മഹാചിന്തകന്മാരുടെ' വ്യക്തമായ പിന്തുണകിട്ടിയെന്നത് ശ്രദ്ധേയമാണ്. രാഷ്ട്ര പരമാധികാരത്തിലുള്ള വിശ്വാസം ഫാസിസ

> തുമ്മലും ചീറ്റലും ഫാസിസമാകുമ്പോഴും സദാചാരത്തെ വിലങ്ങുവെച്ചുനടത്തിക്കൊണ്ടുപോകുന്നു. ഫാസിസം ഉന്ത്യൻ വംശജനാകുമ്പോൾ സമൂഹത്തിലെ വിരുദ്ധത ഇവിടെയും ലക്ഷ്യം എളുപ്പമാക്കുന്നു.

ത്തിന്റെ നട്ടെല്ലാണ്. ഭരണാധികാരിയുടെ അമാനുഷികതയിൽ ജനതക്ക് തൃപ്തി ഉണ്ടാക്കിയിരുന്നു. വർഗ്ഗസമരത്തിലൂടെ ലോകമഹായുദ്ധത്തിന്റെ മുൻപന്തിയിലെത്താൻ കഴിഞ്ഞ മുസോളിനി ഇതിനൊരുദാഹരണം മാത്രം ആദ്യമൊക്കെ യുദ്ധവിരുദ്ധനായ അദ്ദേഹം 1919 ൽ പട്ടാള ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഫാസിസ്റ്റ് പാർട്ടിരൂപീരിക്കുക വഴി യുദ്ധത്തിൽ തന്റെ സ്ഥാനം വ്യക്തമാക്കി .ഈ കാലയളവിൽ റഷ്യൻ കമ്മ്യൂണിസത്തിനെത്തിരെയുള്ള വജ്രായുധമായി മുതലാളിത്തത്തിന് ഇത് സഹായകമാവുകയും ചെയ്തു.

ഹിറ്റ്ലർമാരിൽനിന്നും മുസോളിനി മുതലാളിമാരിൽനിന്നും പാഠം ഉൾക്കൊണ്ട ആധുനിക ഫാസിസ്റ്റുകൾ കറകളഞ്ഞ ഫാസിസത്തിന്റെ പ്രചാരകരാകാൻ തുടങ്ങുകയാണ്. ഇതിനിടയിലാണ് ചിന്തകളുടെ വിളയാട്ടം കാണുന്നത്. അന്നത്തെ ചിന്തകൻമാർ മുസ്സോളിനിമാരും ഹിറ്റ്ലർമാരും ആകാനോ ആയിത്തീരാനോ ആണ് വെപ്രാളം. ഇവിടെ അരങ്ങേറുന്ന പാവനാടകങ്ങൾ കണ്ട് കണ്ണ് മഞ്ഞളിച്ച ജനതക്ക് പഴയ ഇറ്റാലിയൻ,ജർമ്മൻ ജനതയുടെ സാമ്യത ഉണ്ടാകുമോ?

നെഹ്റുവിന്റെ കണ്ടെത്തലുകൾ ശരിയാണെന്ന് വ്യക്തമാകുകയാണ്. തുമ്മലും ചീറ്റലും ഫാസിസമാകുമ്പോഴും സദാചാരത്തെ വിലങ്ങുവെച്ചുനടത്തിക്കൊണ്ടുപോകുന്നു. ഫാസിസം ഉന്ത്യൻ വംശജനാകുമ്പോൾ സമൂഹത്തിലെ വിരുദ്ധത ഇവിടെയും ലക്ഷ്യം എളുപ്പമാക്കുന്നു. കൂടെ താളക്കൊഴുപ്പും, മേളക്കൊഴുപ്പുമായി മാധ്യമങ്ങളുടെ വേലിയേറ്റവും. ഇവിടെ വിവേകബുദ്ധിയെ കുരിശിൽ കയറ്റിയിട്ട് കാലം കുറേയായി. ദൈവത്തിന്റെ സ്വന്തം നാട്ടിലും ഫാസിസത്തെ വരവേല്ക്കാൻ ബിരുദവും ബിരുദാനന്തരബിരുദങ്ങളും തലയണകളാക്കിയ കൈരളീപുത്രർക്ക് അജ്ഞതയല്ല ഫാസിസം ബാധിക്കാൻ ഹേതുവാകുന്നതെന്ന് മാത്രം. ഇവിടെയും വർഗ്ഗീയ ധ്രുവീകരണം വില്ലൻവേഷം തകർത്താടുന്നു. വേദങ്ങളിലെ മതം പ്രവർത്തനക്ഷമമാകുമ്പോഴേക്കും രോഗം ബാധിച്ചു പോകുന്നു. കുത്തിവെക്കപ്പെടുന്നമലീമസചിന്തകൾക്ക് കീഴ്പ്പെട്ട് പോകുന്നു.

മുമ്പ് ചൂണ്ടിക്കാട്ടിയ നഷ്ടപരമാധികാരത്തിന്റെ കാര്യത്തിൽ മാത്രം ഇവിടെ ആധുനിക വൽകരിക്കപ്പെടുന്നു.ഹിറ്റ്ലറേയും മുസോളിനിമാരേയും സ്ഥാനഭ്രഷ്ടരാക്കി തകർക്കാൻ കഴിഞ്ഞ അന്നത്തെ അധിനിവേശം ഇന്ന് സാധ്യമല്ലെന്ന് മാത്രം. ഒരു "distributed system' ആയി അത് മാറിവരികയാണ്. ഫാസിസത്തിന്റെ കൊളോണിയൽ മുഖം കണ്ട മധ്യ ഏഷ്യൻ അധിനിവേശങ്ങളും പോരാട്ടങ്ങളും ആധുനിക ഫാസിസത്തിന്റെ ഭീകര മുഖങ്ങളായി കാണാവുന്നതാണ്.


# മൗലാനാ അബുസ്സബാഹ്

## അഹമ്മദലി



1906 ൽ ചാവക്കാടിനടുത്ത വേമ്പനാട് ഗ്രാമത്തിലെ ഒരിടത്തരം കുടുംബത്തിൽ ജനിച്ച അബുസ്സബാഹ് സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മദിരാശിയിലെ ജമാലിയ കോളജിൽ നിന്നും, ഈജിപ്തിലെ വിഖ്യാതമായ അൽ അസ്ഹർ സർവ്വകലാശാലയിൽ നിന്നും ഉന്നത വിദ്യാഭ്യാസം നേടി. ഇന്ത്യയിൽ തിരിച്ചെത്തിയ മൗലവി സാഹിബ് മൗലനാ മുഹമ്മദലി, മഹാത്മ ഗാന്ധി, മൗലനാ ആസാദ്, അല്ലാമാ മുഹമ്മദ് ഇക്ബാൽ എന്നിവരോടൊത്ത് പ്രവർത്തിച്ചിരുന്നു. 1942ൽ അദ്ദേഹം ആനക്കയത്ത് ഒരു അറബിക് കോളജ് ആരംഭിക്കുകയും 1944ൽ അത് വിപുലീകരണ ഉദ്ദേശത്തോടെ മഞ്ചേരിയിലേക്ക് മാറ്റുകയും തുടർന്നു 1948 റൗളത്തുൽ ഉലും അറബിക് കോളജ് എന്ന പേരിൽ ഫറോക്കിൽ സ്ഥാപിക്കുകയും ചെയ്തു. അറബിക് കോളജിന് വേണ്ടിയുള്ള കെട്ടിടം പണി പുരോഗമിക്കുമ്പോഴാണ് ഒരു ഒന്നാം ഗ്രേഡ് ആർട്സ് & സയൻസ് കോളജ് ആരംഭിക്കുവാനുള്ള സംരംഭം തുടങ്ങിയത്. മദിരാശി സർവ്വകലാശാലയുടെ അംഗീകാരം ലഭിക്കാൻ കോളജിന് സ്വന്തം കെട്ടിടം വേണമെന്നും വന്നപ്പോൾ അറബിക്ക് കോളജിന് പണിതുവന്നിരുന്ന കെട്ടിടം അദ്ദേഹം ഫാറൂഖ് കോളജിന് വിട്ടുകൊടുത്തു. 1971ൽ നിര്യാതനായ മൗലവി സാഹിബ് തന്റെ അവസാന ശ്വാസം വരെ ഫാറൂഖാബാദിലെ സ്ഥാപനങ്ങൾ കൈവരിച്ച സാംസ്കാരിക വിപ്ലവത്തിൽ ഒരു സുപ്രധാന കണ്ണിയായി പ്രവർത്തിച്ചിരുന്നു. അത് കൊണ്ട് തന്നെയാണ് അദ്ദേഹത്തെ ഫാറൂഖാബാദിന്റെ വെളിച്ചമെന്ന് വിശേഷിപ്പിച്ചത്.





# നക്ഷത്രലോകത്തേക്ക് ജൈത്രയാത്ര

അലി അസ്കർ
രണ്ടാം വർഷ ബി.എ ഇക്കണോമിക്സ്


സ്വന്തം നിശ്ചയദാർഢ്യത്തിന്റെയും ലക്ഷ്യബോധത്തിന്റെയും അതിലുപരി സാഹസികതയുടെയും കഠിനാധ്വാനത്തിന്റെയും പ്രതീകമായിരുന്നു ജ്വലിക്കുന്ന നക്ഷത്രത്തെ പോലെ ബഹിരാകാശത്തിൽ ഉലകം ചുറ്റുകയും ഒടുവിൽ ഒരു ക്ഷണിക തേജസ്സുപോലെ ചരിത്ര താളുകളിലേക്ക് മടങ്ങുകയും ചെയ്ത ഇന്ത്യക്കാരിയായ കൽപ്പന ചൗള.

നക്ഷത്രങ്ങളെയും അമ്പിളിമാമനെയും നോക്കി അമ്മയുടെ ഒക്കത്തിരുന്നു മാമുണ്ണുമ്പോഴും സമപ്രായക്കാരായ കുട്ടികൾ ഓടിച്ചാടിനടക്കുമ്പോഴും ഹരിയാനയിലെ ഒരു കൊച്ചുപട്ടണത്തിൽ ജനിച്ച കുരുന്നിന്റെ മനസ്സുമുഴുവൻ അനന്തവിശാലമായി കിടക്കുന്ന ആകാശത്തിന്റെയും അതിലെ വിസ്മയങ്ങളും അതിനിടയിലൂടെ പറന്ന് നടക്കുന്ന തന്റെ ചിത്രങ്ങളുമായിരുന്നു.

ഹരിയാനയിലെ കർണാലിൽ, വ്യാപാരിയായ ബനാർസിലാലിന്റെയും വീട്ടമ്മയായ സ്യോംഗിതയുടെയും ഇളയ മകളായിട്ടാണു മൊണ്ടു എന്ന ചെല്ലപ്പേരുള്ള കൽപ്പന ചൗള ജനിച്ചത്. കൽപ്പന ഷർട്ടും പാന്റും ധരിച്ച് മുടിയും വെട്ടി സഹോദരനൊപ്പം ബൈക്കിൽ കറങ്ങി നടക്കുമ്പോഴും സ്ലൈറ്റും പെൻസിലുമായി അറിവിന്റെ ആദ്യാക്ഷരങ്ങൾ കുറിക്കുവാൻ വേണ്ടി വിദ്യാലയത്തിലേക്ക് പോകുമ്പോഴും മനസ്സിൽ നിശ്ചയിച്ചുറപ്പിച്ച ഒരു സ്വപ്നമുണ്ടായിരുന്നു, ആകാശസീമകളെ ഖണ്ഡിച്ച് നക്ഷത്രങ്ങളുടെ വിസ്മയലോകത്തേക്ക് കുതിച്ചുയരുക.

അസാധ്യമെന്ന് തോന്നാവുന്ന ആ സ്വപ്നം പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം മെഡിസിനോ എഞ്ചിനിയറിംഗിനോ മാത്രം വേണ്ടി കൗമാരക്കാരായ വിദ്യാർത്ഥികൾ നെട്ടോട്ടമോടുമ്പോൾ വളരെക്കുറച്ച് ആളുകൾ അതും 99 ശതമാനവും പുരുഷൻമാർ സഞ്ചരിക്കുന്ന വഴിയിലൂടെ സഞ്ചരിച്ച കൽപ്പനയുടെ നിശ്ചയ ദാർഢ്യത്തിനും കഠിനാധ്വാനത്തിനും മുൻപിൽ അനായാസം സാധിക്കുക മാത്രമല്ല സ്വപ്നലോകത്തേക്ക് ഒരു ജൈത്രയാത്ര തന്നെ നടത്താൻ അവർക്ക് കഴിഞ്ഞു.


കർണാലിലെ ടാഗോർ സ്ക്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം പഞ്ചാബ് എഞ്ചിനീയറിംഗ് കോളജിൽ എഞ്ചിനീയറിംഗിന് ചേർന്ന ഏഴ് പെൺകുട്ടികളിൽ ഒരാളും എയറോസ്പേസ് എഞ്ചിനിയറിംഗിന് ചേർന്ന ഏകപെൺകുട്ടിയും കൽപ്പനയായിരുന്നു. എയ്റോനോട്ടിക്കൽ എഞ്ചിനിയറിംഗ് ബിരുദത്തിന് ശേഷം 1982



ൽ അമേരിക്കയിലെത്തി ടെക്സാസ് സർവ്വകലാശായിൽ നിന്ന് ബിരുദാനന്തരബിരുദവും കൊളൊറാഡോ സർവ്വകലാശാലയിൽ നിന്ന് ഗവേഷണബിരുദവും നേടി.

സ്വന്തമായി വിമാനം പറത്താനുള്ള ലൈസൻസും എയറോസ്പേസ് ഓണർ സൊസൈറ്റിയിൽ അംഗത്വവുമുള്ള അപൂർവ്വ വനിതകളിലൊരാളായ ചൗളയെ 1994 ൽ ബഹിരാകാശയാത്രകരായി പരിശീലനം ലഭിക്കുന്നതിന് വേണ്ടി ലഭിച്ച 3000 അപേക്ഷകരിൽ നിന്നാണ് നാസ തിരഞ്ഞെടുത്തത്. 1993ൽ കാലിഫോർണിയയിലെ ഓവർ സെറ്റ് മെത്തേഡ്സ് പ്രസിഡണ്ടും റിസർച്ച് സയന്റിസ്റ്റുമായി ചേരുകയും 94 ൽ നാസയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്ത അവർ 95 ൽ നാസയുടെ ജോൺസൺ ബഹിരാകാശ കേന്ദ്രത്തിൽ പ്രവർത്തനമാരംഭിക്കുകയും 96 ൽ നവംബറിൽ അമേരിക്കയുടെ നാലാമതു മൈക്രോഗ്രാവിറ്റി പേലേസ് വിമാനമായ എസ്.ടി.എസ് -87 ൽ മിഷൻസ്പഷ്യലിസ്റ്റും മുഖ്യ റോബോട്ടിക് ഓപ്പറേറ്ററുമായി ചുമതലയേറ്റ ചൗള 98 ൽ നാസ ആമെസ് ഗവേഷണ കേന്ദ്രത്തിൽ ഔദ്യോഗിക ജിവിതമാരംഭിക്കുകയും ചെയ്തു.

1997 ൽ തന്റെ ആദ്യശൂന്യാകാശ യാത്രക്ക് കൽപന പുറപ്പെട്ടപ്പോൾ ശൂന്യകാകാശ പര്യവേഷണത്തിന്റെ ചരിത്രത്തിൽ ആദ്യമായി



ഒരു ഏഷ്യൻ വനിത സ്ഥാനം പിടിക്കുകയും ഇന്ത്യയുടെ മാത്രമല്ല ലോകത്തിന്റെ തന്നെ അഭിമാനമായി മാറുകയും ചെയ്തു. ആദ്യയാത്രയിൽ അവർ 376 മണിക്കൂറും 34 മിനുറ്റും ശൂന്യാകാശത്ത് കഴിയുകയും 252 തവണ ഭൂമിയെ വലയം വെയ്ക്കുകയും 65 ലക്ഷം മൈൽ താണ്ടുകയും ചെയ്തു.

തന്റെ ആദ്യയാത്രയിൽ കണ്ട വിസ്മയങ്ങളും ദർശനങ്ങളും തന്റെ കുഞ്ഞുനാളിലെ സ്വപ്ന ലോകത്തിലേക്ക് ഒരു ജൈത്രയാത്ര നടത്തുവാൻ അവരെ പ്രേരിപ്പിച്ചു. രാകേഷ് ശർമ്മക്ക് ശേഷം ബഹിരാകാശത്തെത്തിയ ഇന്ത്യൻ വംശജയായ കൽപ്പന തന്റെ രണ്ടാം യാത്രയ്ക്കൊരുങ്ങുമ്പോൾ ആ മനസ്സ് നിറയെ കുഞ്ഞുനാളിൽ കണ്ട സ്വപ്നങ്ങളുടെയും ആഗ്രഹങ്ങളുടെയും ജീവിത സാക്ഷാൽക്കാരമായിരുന്നു.

ഫ്ളോറിഡയിലെ കേപ്പ് കനാവറലിലെ കെന്നഡി സ്പേസ് സെന്ററിൻ നിന്നും 2003 ജനുവരി 16ന് എഴംഗ ദൗത്യ സംഘങ്ങളെയും കൊണ്ട് കൊളംബിയ കുതിച്ചുയർന്നപ്പോൾ എല്ലാവരാലും ഏറെ ശ്രദ്ധിക്കപ്പെട്ടത് കൽപ്പന ചൗളയായിരുന്നു. പതിനാറു ദിവസത്തെ ദൗത്യത്തിനിടയിൽ പരീക്ഷകരും പരീക്ഷണ വസ്തുക്കളുമായിമാറിയ അവർ വായു മലിനീകരണം കുറക്കുന്നതിന്നും പ്രോസ്റ്റേറ്റ് അർബുദത്തിന്ന് ചികിത്സ കണ്ടെത്തുന്നതിനുള്ള ഒട്ടനവധി പരീക്ഷണങ്ങൾക്കിടയിൽ മനുഷ്യ രാശിക്ക് സമ്മാനിക്കാൻ പുതിയൊരു സുഗന്ധത്തിനുവേണ്ടിയുള്ള പരീക്ഷണങ്ങളും നടത്തി. അങ്ങിനെ റോസിന്റെയും നെൽച്ചെടിയുടെയും വിടർന്നു തുടങ്ങിയ പൂക്കളിൽ നിന്ന് സുഗന്ധതൈലം ശേഖരിക്കുന്നതിൽ വിജയിക്കുകയും ഇവ തമ്മിൽ ചേർത്ത് ഒരു സ്വർഗ്ഗീയ സുഗന്ധം ഉണ്ടാക്കി അതുമായി മടക്കയാത്ര ആരംഭിക്കുകയും ചെയ്തു.

എന്നാൽ ഭൂമിയിൽ ലാൻഡ് ചെയ്യാൻ മിനുട്ടുകൾ മാത്രം ബാക്കി നിൽക്കെ ടെക്സാസ് സംസ്ഥാനത്തെ ഡള്ളാസ് നഗരത്തിനു മുകളിൽ 63 കിലോമിറ്ററോളം ഉയരത്തിൽ മണിക്കൂറിൽ 20112 കി.മീറ്ററോളം വേഗത്തിൽ സഞ്ചരിച്ച കൊളംബിയ പ്രതീക്ഷകളും സ്വപ്നങ്ങളും അവസാനിപ്പിച്ച് കൊണ്ട് ചരിത്രതാളുകളിലേക്ക് മടങ്ങിയപ്പോൾ അതോടൊപ്പം തകർന്നടിഞ്ഞത് കർണാലിയിലെ കൊച്ചുപെൺകുട്ടി 42 വർഷത്തോളം നെഞ്ചിലേറ്റി നടന്നിരുന്ന ഒരുപാടു സ്വപ്നങ്ങളുമായിരുന്നു.

ഇന്ത്യയോടൊപ്പം ലോകജനതയുടെ മുഴുവൻ കൺപീലികൾ നിറഞ്ഞ ഈ നിമിഷത്തിൽ ഐ.എസ്.ആർ.ഒ അധ്യക്ഷൻ കെ. കസ്തൂരിരംഗന്റെ പ്രതികരണമിങ്ങനെയായിരുന്നു. "ഞാൻ നടുങ്ങി, വാക്കുകൾ കിട്ടുന്നില്ല. എല്ലാം ശരിയാകുമെന്ന് ഈ നിമിഷത്തിലും ഞാൻ പ്രത്യാശിക്കുന്നു".

അതെ അഭിമാന പുത്രിയെ നഷ്ടപ്പെട്ട നമുക്ക് ഇനിയും ഒരുപാട് കൽപ്പന ചൗള മാർക്ക് ജന്മം നൽകാൻ കഴിയുമെന്ന് പ്രത്യാശിക്കാം. ●

# ഞെരിഞ്ഞമരുന്ന കാമ്പസ് രാഷ്ട്രീയം

"നിങ്ങൾ ക്ലാസ്സിൽ തന്നെയിരിക്കുക, ക്ലാസ് സമയം കഴിഞ്ഞാലും കലാലയത്തിൽ നിന്നും വീട്ടിലേക്ക് മടങ്ങില്ലെന്ന് ശഠിക്കുക;.......അധികൃതർ ഞെട്ടട്ടെ.....അങ്ങനെ അവകാശങ്ങൾ വകവെച്ചു തരട്ടെ....."

വിദ്യാർത്ഥി സമരങ്ങളുടെ മുഖം മാറണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന അധ്യാപകൻ നിർദ്ദേശിക്കുന്ന പുതിയ സമര രീതിയാണിത്. ചീഞ്ഞളിഞ്ഞ വിദ്യാർത്ഥി സമരങ്ങളുടെ മുഖത്ത് നോക്കിയാണ് കലാലയ രാഷ്ട്രീയ നിരോധന നിർദ്ദേശവുമായി ഹൈക്കോടതി മുന്നോട്ട്വന്നത് എന്നിരിക്കെ ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ പ്രാധാന്യം അർഹിക്കുന്നുവെന്നതിൽ തർക്കത്തിന് വഴിയില്ല. കലാലയ രാഷ്ട്രീയത്തിന്റെ ഭാവിയെ തുലാസിലിട്ട ഈ വിധിയെ "കൈച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ"എന്ന പ്രതീതിയാണ് ഉണ്ടാക്കിയിരിക്കുന്നത്.


തയ്യാറാക്കിയത്:
സമദ് കടമേരി
കുഞ്ഞമ്മദ് കോട്ടപ്പള്ളി

പാലാ സെന്റ്തോമസ് കോളജിലെ മാഗസിൻ എഡിറ്ററും രണ്ടാംവർഷ'പൊളിറ്റിക്സ്' ബിരുദ വിദ്യാർത്ഥിയുമായ സോജൻ ഫ്രാൻസിനെ നിശ്ചിത ഹാജരില്ല എന്നതിന്റെ പേരിൽ ഡോ: മാത്യൂ മലേപറമ്പിൽ കോളേജിൽ നിന്നും പുറത്താക്കുന്നു. തുടർന്നുള്ള വാദപ്രതിവാദങ്ങൾ ഹൈക്കോടതി വരെ എത്തിയപ്പോഴാണ് "മാനേജ്മെന്റുകൾക്ക് വേണമെങ്കിൽ രാഷ്ട്രീയം നിരോധിക്കാം" എന്ന ശ്രദ്ധേയമായ വിധി 2003 മെയ് 26ന് ഹൈക്കോടതി പുറപ്പെടുവിക്കുന്നത്.

1996 നവംബർ 8ന് സ്കൂൾ തലത്തിൽ രാഷ്ട്രീയം ഇല്ലാതാക്കിയത് വലിയ എതിർപ്പുകളില്ലാതെ കെട്ടടങ്ങുകയും 2001ന് മെയ് 29ന് ഹയർസെക്കന്ററി തലത്തിൽ രാഷ്ട്രീയം നിരോധിച്ചത് ആരും അറിയാതെപോവുകയും ചെയ്തെങ്കിലും കാമ്പസ് രാഷ്ട്രീയത്തെ അടച്ചു പൂട്ടാനുള്ള ശ്രമവും തുടർന്നുള്ള സംവാദങ്ങളും പെട്ടെന്നൊന്നും കെട്ടടങ്ങുമെന്ന് തോന്നുന്നില്ല.

Prometheus
chained.
The eagle
pecks, at his liver
So let's
at least keep up
our

silent rage



1996 നവംബർ 8ന് സ്കൂൾ തലത്തിൽ രാഷ്ട്രീയം ഇല്ലാതാക്കിയത് വലിയ എതിർപ്പുകളില്ലാതെ കെട്ടടങ്ങുകയും 2001ന് മെയ് 29ന് ഹയർസെക്കന്ററി തലത്തിൽ രാഷ്ട്രീയം നിരോധിച്ചത് ആരും അറിയാതെ പോവുകയും ചെയ്തെങ്കിലും കാമ്പസ് രാഷ്ട്രീയത്തെ അടച്ചു പൂട്ടാനുള്ള ശ്രമവും തുടർന്നുള്ള സംവാദങ്ങളും പെട്ടെന്നൊന്നും കെട്ടടങ്ങുമെന്ന് തോന്നുന്നില്ല.

ശബ്ദങ്ങളില്ലാതായിക്കൊണ്ടിരിക്കുന്ന കലാലയങ്ങളിലെ ചെറിയ ഞരക്കങ്ങളായ 'രാഷ്ട്രീയ പ്രവർത്തനം'ഇല്ലാതാക്കുന്നതിന്റെ പ്രത്യാഘാതങ്ങളെന്ത്..? ഈ തീരുമാനത്തേ എതിർത്തും അനുകൂലിച്ചും ക്യാമ്പസുകൾ ഉണർന്നുകൊണ്ടേയിരിക്കുകയാണ്.

"ഇന്ത്യയെന്ന ജനാധിപത്യ രാജ്യത്ത് പതിനെട്ട് വയസ്സ് തികഞ്ഞ ഏതൊരാൾക്കും വോട്ടവകാശംമുണ്ട്. അപ്പോൾ അവൻ രാഷ്ട്രീയത്തെ കുറിച്ചറിയണം. അതിനുള്ള അവസരം നിഷേധിക്കരുത്"മടപ്പള്ളി ഗവൺമെന്റ് കോളജിലെ സാമ്പത്തിക ശാസ്ത്ര ബിരുദ വിദ്യാർത്ഥിയായ അബ്ദുൽ ലത്തീഫും കൂട്ടരും വാദിക്കുന്നു. എന്നാൽ ഫാറൂഖ് കോളജിലെ ബിജേഷ് സ്ഥാപിക്കുന്നത് പഠനമാണ് വിദ്യാർത്ഥിയുടെ കടമയെന്നും അതിനാൽ കാമ്പസിൽ രാഷ്ട്രീയം മാറ്റിവെക്കണം എന്നുമാണ്. സാമൂഹ്യ പ്രവർത്തനം വിദ്യാർത്ഥിയുടെ ബാധ്യതയല്ലേ...? എന്ന ചോദ്യത്തിന് സാമൂഹ്യ പ്രവർത്തനമെന്നത് ഇന്നത്തെ രാഷ്ട്രീയ പ്രവർത്തനമല്ല.... എന്ന് ഗവൺമെന്റ് ബ്രണ്ണൻ കോളജിലെ റാഷിദ് തറപ്പിച്ചു പറയുന്നു. പരുമലയിൽ മൂന്നു വിദ്യാർത്ഥികളെ ആറ്റിൽ മുക്കി കൊന്നതും സഹപാഠിയുടെ കണ്ണ് കുത്തിപൊട്ടിക്കുന്നതും ചാപ്പകുത്തുന്നതുമാണോ സാമൂഹ്യ പ്രവർത്തനം......? ഇളം പ്രായത്തിൽ തന്നെ രാഷ്ട്രീയത്തിന്റെ വിഷ ബീജം കുത്തിവെക്കപ്പെടേണ്ടവരാണോ വിദ്യാർത്ഥികൾ. ഇന്നത്തെ ക്യാമ്പസ് രാഷ്ട്രീയത്തിന്റെ മുഖത്ത് നോക്കി സി.കെ.ജി. കോളജിലെ വിദ്യാർത്ഥികൾ തിരിച്ചു ചോദിക്കുന്നത് സ്വാഭാവികം.

ചരിത്രത്തിന്റെ പരിവർത്തനപാതയിൽ മഹത്തായ സാമൂഹിക വിപ്ലവങ്ങൾ നേതൃത്വം നൽകിയ വിദ്യാർത്ഥിക്ക് തെറ്റ് പറ്റിയത് എവിടെയാണ്...? കാമ്പസുകളിൽ ജീവന്റെ തുടിപ്പുകൾ ഇന്നും അവശേഷിക്കുന്നത് രാഷ്ട്രീയ പ്രവർത്തനത്തിലൂടെയല്ലേ..? എന്നാരായുന്ന ദേവഗിരി കോളജിലെ ജംഷീർ ഈ പുതിയ തീരുമാനങ്ങൾ ഉണ്ടാക്കുന്ന അനന്തരഫലങ്ങൾ അടിവരയിടുന്നു. സാമൂഹ്യ ജീവിയായ മനുഷ്യന് കൂട്ട് കൂടാതെ കഴിയില്ല. പ്രത്യേകിച്ചും യുവാക്കൾക്ക്. രാഷ്ട്രീയ സംഘടനകൾ ഓരോ കൂട്ടമാണ്. ഇതില്ലെങ്കിൽ മറ്റൊരു കൂട്ടം സ്വാഭാവികമായും അവൻ തെരെഞ്ഞെടുക്കും.... അതിന് ഒന്നുകിൽ മതം മാനദണ്ഡമാവും....അല്ലെങ്കിൽ പണം..? അല്ലെങ്കിൽ അടിപൊളി...? ഉത്തരവാദിത്വമില്ലാത്ത ഒരു വിദ്യാർത്ഥി സമൂഹം, അതാണുണ്ടാവുക. പിന്നെ എന്ത് ചെയ്യാൻ കഴിയും...? രാഷ്ട്രീയം നിരോധിച്ചാലും മനസ്സ് നിരോധിക്കാനാവില്ലല്ലോ..? അഥവാ രാഷ്ട്രീയം ഇല്ലാതാക്കുന്നത് കൊണ്ട് കലാലയം നന്നാവില്ലെന്ന് മാത്രമല്ല, ചിന്തകൾക്കുപ്പുറം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാവുമെന്നത് തീർച്ചയാണ്. പിന്നെയെന്തിന് നിരോധിക്കണം? പാലക്കാട് വിക്ടോറിയ കോളജിലെ വിദ്യാർത്ഥികളും ഉതിർക്കുന്നത് ഇതേ ചോദ്യങ്ങളാണ്

രാഷ്ട്രീയത്തെ മാത്രം കരിതേക്കുന്നവർ 'റാഗിങ്' പോലോത്ത വൃത്തികേടുകൾ എങ്ങനെയാണുണ്ടാവുന്നതെന്ന് എന്തുകൊണ്ട് ചിന്തിക്കുന്നില്ല......? ഇതിന്റെ പേരിൽ ആരേയാണ് കുറ്റപ്പെടുത്താനാവുക.? രാഷ്ട്രീയമില്ലാതാവുമ്പോൾ 'റാഗിങ്' പോലെയുള്ള പ്രവണതകളിൽ എന്ത് മാറ്റമാണുണ്ടാവുക?! എന്ന് ചിന്തിക്കേണ്ടതാണെന്ന് ഫാറൂഖ് കോളജിലെ സാമ്പത്തിക ബിരുദ വിദ്യാർത്ഥിയായ ഷബീർ പറയുന്നു.

മാറി ചിന്തിക്കുന്ന സർ സയ്യിദ് കോളജിലെ റഷീദ് പറയുന്നത് ഇതാണ് "രാഷ്ട്രീയം നിരോധിച്ചാൽ എന്താണ് പ്രശ്നം? N.S.S പോലോത്ത സാമൂഹ്യപ്രവർത്തന ക്ലബുകൾ കാമ്പസ് നേതൃത്വ നിരയിലേക്ക് വരണം... കോളജിന്റെ യൂണിയൻ പ്രവർത്തനം ഇത്തരക്കരെ ഏൽപ്പിച്ചാൽ മതിയല്ലോ....?"

കാളപെറ്റെന്ന് കേട്ടാൽ കയറെടുകുന്ന സ്വഭാവം മാറ്റി കോടതി എന്തർത്ഥത്തിലാണി വയൊക്കെപറഞ്ഞതെന്നാലോചിക്കണം. എന്നിട്ടാവാം ബാക്കിയെന്ന സംയമനത്തിന്റെ പാതയിലാണ് അതേ കോളജിലെ നജീബും സംഘവും.

ക്രമമായി രാഷ്ട്രീയം നിരോധിക്കുക വഴി രാജ്യത്ത് അരാജകത്വമുണ്ടാക്കാൻ ആഗ്രഹിക്കുന്ന ഗൂഢശക്തികൾ ഇതിന്റെ പിന്നിലുണ്ടെന്ന് ഗവൺമെന്റ് ആർട്സ് കോളജിലെ വിദ്യാർത്ഥികൾ സംശയിക്കുന്നു. ഫീസ് വർദ്ധന, വിദ്യഭ്യാസ പരിഷ്കരണം, ചരിത്രവക്രീകരണം എന്നതൊക്കെ അതിന്റെ ഭാഗമാണെന്നവർ ചൂണ്ടികാണിക്കുന്നു. 'പാശ്ചാത്യ ബഹിഷ്കരണം' പോലോത്ത കാര്യങ്ങൾ ചുടുപിടിച്ചത് കാമ്പസിലാണല്ലോ....? യുവത്വത്തിന്റെ ചുറുക്കിനെ മുതലെടുക്കുന്നവർ അതിന്റെ നിർജീവിതയെ ചൂഷണം ചെയ്യില്ലെന്നാരു കണ്ടു.....? മിണ്ടരുതെന്ന് പറയുക ! പുസ്തക പുഴുക്കളാക്കുക..... ശേഷം വിദ്യാർത്ഥികളെ ചങ്ങലയിടാത്ത അടിമകളാക്കുക: ഗവൺമെന്റിന്റെയും മാനേജ്മെന്റുകളുടെയും തീരുമാനങ്ങളേ അതേ പടി വിഴുങ്ങിക്കുക. ഇതൊക്കെയല്ലേ ഇതിന്റെ പിന്നിലുള്ള ലക്ഷ്യം...? അവർ കൂട്ടിചേർത്തു.

മനുഷ്യന് യന്ത്രമാവാൻ കഴിയില്ലെങ്കിലും യന്ത്രത്തേ പോലെയാവാൻ കഴിയും എന്ന് തെളിയിക്കുകയാണ് ചിന്താശക്തി രാഷ്ട്രീയ നേതൃത്വത്തിന് പണയം വെച്ച വിദ്യാർത്ഥി സമൂഹം. മാനസിക ശേഷിക്കുമപ്പുറം നേതാവിനെ വിശ്വസിക്കുന്നവൻ അറുക്കാൻ വേണ്ടി മാത്രം നിർമ്മിക്കപ്പെടുന്ന ബ്രോയിലർ കോഴികളെ പോലെയാണെന്ന് വടകരയിലെ പ്രൈവറ്റ് ആർട്സ് വിദ്യാർത്ഥികൾ പറയുന്നു. രാഷ്ട്രീയ നിർമ്മാർജനം കാമ്പസിന്റെ ഊർജ്ജസ്വലത നശിപ്പിക്കുകയും പകരം യാന്ത്രികഥ സമ്മാനിക്കുകയും ചെയ്യുമെന്ന് അഭിപ്രായപ്പെടുന്ന അനുവും പകരം വെക്കുന്നത് രാഷ്ട്രീയശുദ്ധീകരണത്തേയാണ്.

കാടടച്ച് വെടി വെച്ചിട്ടോ ആയിരം പേർ അകത്ത് കയറിയിട്ട് വാതിലടച്ചിട്ടോ കാര്യമില്ല. 'ഹൃദയം പറച്ച് നൽകിയവനോട് അത് ചെമ്പരത്തി പൂവായിരുന്നു' എന്ന് പറയുന്ന കാലത്ത് കലാലയ രാഷ്ട്രീയം മാത്രമാണോ വികൃതമായത് ? സമൂഹത്തിന് സംഭവിച്ചതൊക്കെ കലാലയത്തിനും സംഭവിച്ചു. അതുകൊണ്ട് തന്നെ നിയമം കൊണ്ട് രാഷ്ട്രീയം ഇല്ലാതാകുന്നത്, എലിയെ പേടിച്ച് ഇല്ലം ചുടുന്നതിന് സമമാണെന്ന് പൈനാവ് എഞ്ചിനീയറിംഗ് കോളജിലെ സമീറും സംഘവും പറയുന്നു.

മനുഷ്യന് യന്ത്രമാവാൻ
കഴിയില്ലെങ്കിലും
യന്ത്രത്തേ പോലെയാവാൻ
കഴിയും എന്ന്
തെളിയിക്കുകയാണ്
ചിന്താശക്തി
രാഷ്ട്രീയ നേതൃത്വത്തിന്
പണയം വെച്ച
വിദ്യാർത്ഥി സമൂഹം.

രാഷ്ട്രീയ ശുദ്ധീകരണം നടത്താതെ വിദ്യാർത്ഥികളുടെ കാലുകളിൽ ചങ്ങലയിട്ടതു കൊണ്ട് കാര്യമില്ലെന്നിരിക്കേ ഓരോ പാർട്ടിയിലും സ്വന്തം തത്വശാസ്ത്രങ്ങളുടെ പുരയിടങ്ങളിലേക്ക് തിരിച്ചുപോകണം. ആരാണ് സൈക്കിൾചെയിനും പീശാംകത്തിയുമെടുത്ത് കാമ്പസിലെത്താൻ വിദ്യാർത്ഥിയെ പഠിപ്പിച്ചത് .....?

തന്നെ പഠിപ്പിച്ച അധ്യപകനെ തെറിവിളിക്കാൻ പ്രേരിപ്പിക്കുന്നതും ആരാണ്?..... ഏത് പ്രവർത്തിചെയ്യുമ്പോഴും എന്ത് ? എന്തിന് ? എന്തുകൊണ്ട് ? എന്ന് സ്വയം ചോദിക്കേണ്ട ബാധ്യത വിദ്യാർത്ഥിക്കുമുണ്ട്. തെറ്റും ശരിയും തിരിച്ചറിയാൻ വിദ്യാർത്ഥിക്ക് കഴിയില്ലെങ്കിൽ പിന്നെ വിദ്യഭ്യാസത്തിനെന്തർത്ഥമാണുളളത്? കേടുവന്ന അവയവങ്ങൾ മുറിച്ചു മാറ്റുന്നത് പോലെ തലച്ചോറിൽ നിന്നും വരുന്ന ചിന്താഗതികൾ നീക്കം ചെയ്യാനൊക്കുമോ? രോഷാകുലയായ എഞ്ചിനീയറിംങ്ങ് വിദ്യാർത്ഥി പ്രിൻസി ചോദിക്കുന്നു.

അമ്മമാരുടെ സ്വപ്നങ്ങൾ കണ്ണീർതുളളികളായി ഊർന്നുപോവുന്ന പുതിയ കാമ്പസ് സാഹചര്യമാണ് ഇത്തരമൊരു തീരുമാനത്തിന് കോടതിയെ പ്രേരിപ്പിച്ചത് എങ്കിൽ ഉത്തരം കിട്ടാത്ത കുറെ ചോദ്യങ്ങൾ ഇനിയും അവശേഷിക്കുണ്ട്. ക്യാമ്പസ് സാഹചര്യം ഇങ്ങനെയായതിൽ രാഷ്ട്രീയത്തിനും സമൂഹത്തിനും വിദ്യഭ്യാസ നിലപാടിനും ഒരേ പങ്കാണുള്ളത്. പിന്നെ രാഷ്ട്രീയം മാത്രം ഇല്ലാതാക്കിയതുകൊണ്ട്....?

പഴയകാല സാമൂഹ്യ വിപ്ലവങ്ങളൊന്നും വിദ്യാർത്ഥിക്ക് ഇന്നിന്റെ കാമ്പസിൽ നിന്നും നേടാൻ കഴിയില്ലെങ്കിലും വിദ്യാർത്ഥി ഇന്നും സമൂഹത്തിന്റെ വിത്തല്ലേ...? വിത്തിൽ വിഷമുണ്ടായാൽ വിഷക്കായകളുണ്ടാവും. അതിന് പരിഹാരം വിത്ത് മുളപ്പിക്കാതിരിക്കലാണോ....? വിത്തിലെ വിഷാംശങ്ങളും അതിന്റെ സ്രോതസ്സുകളും കണ്ടെത്തണം. ശേഷം സൂര്യപ്രകാശം നൽകി(വിദ്യ)അതിനെ വളർത്തണം അതാണ് വേണ്ടത്.

ഒന്നോർത്തു നോക്കൂ. രാഷ്ട്രീയമില്ലാത്ത കാമ്പസ്........ഇലക്ഷന്റെ ആവേശവും കൊടി തോരണങ്ങളുമില്ലാത്ത, കാമ്പയിനുകളും ജയപരാജയ ആരവങ്ങളുമില്ലാത്ത, ഉണങ്ങിയ കാമ്പസ്, സ്വാർത്ഥതയുടെ ഈറ്റില്ലങ്ങൾ....?!

അല്ലെങ്കിൽ, ചിതറിത്തെറിച്ച രക്തംപുരണ്ട പുസ്തകങ്ങൾ...അതിനടിയിൽ കൈയറ്റുവീണ...കബന്ധമില്ലാത്ത വിദ്യാർത്ഥി...പൊട്ടിച്ചിതറിയ ജനൽചില്ലുകൾ, വലിച്ചിടപ്പെട്ട മേശകൾ, ബെഞ്ചുകൾ, അടി തിരിച്ചടികൾ... ഇങ്ങനേയുള്ള കലാപ കലുഷിതമായ കാമ്പസ്.....? അതോ അതിർ വരമ്പുകൾക്കുള്ളിൽ നിന്ന് ഉപാധികളോടെ മാന്യമായ രാഷ്ട്രീയ പ്രവർത്തനം നടക്കുന്ന കാമ്പസ്....?

എന്താണ് വേണ്ടതെന്ന് തീരുമാനിക്കേണ്ടത് നാം തന്നെയാണ്. ചങ്ങലകൾ ഇനിയും മുറുകും മുമ്പ്.......

അബ്ബാസ്
ലൈബ്രറി അസിസ്റ്റന്റ്

# ഓർമ്മച്ചെപ്പിൽ നിന്ന്

മൂന്ന് പതിറ്റാണ്ടു കാലത്തെ അധ്യാപനത്തിന് ശേഷം കുട്ടികളുടെയും, സഹധ്യാപകരുടെയും, നാട്ടുകാരുടെയും പ്രിയപ്പെട്ട ദാസൻ മാഷ് എലത്തൂർ ബോയ്സ് ഹൈസ്ക്കുളിൽനിന്നും പടിയിറങ്ങി. ആയിരക്കണക്കിന് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയുമെല്ലാം ഹൃദയത്തിൽ സ്ഥാനം നേടിയ എഴുത്തുകാരനും, സാംസ്കാരിക പ്രവർത്തകനും കുടിയായ പി.എൻ. ദാസ് ഒരു മാതൃകാ അധ്യാപകനായിരുന്നു. വിദ്യാർത്ഥികളുടെ 'സർഗ്ഗാത്മകത' ഉണർത്തിയും അവരിൽ അന്തർലീനമായ വാസനകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് അധ്യാപനം എന്നത് ഒരു ഉത്തമ കല തന്നെയാണെന്ന് മാഷ് തെളിയിച്ചിരുന്നു മലയാള ഭാഷാധ്യാപനത്തിലുടെ അതിന്റെ മഹത്തരമായ സ്ഥാനം എന്താണെന്നും ആശയപ്രകാശനത്തിന് ഭാഷ എപ്രകാരമെല്ലാം പ്രയോജനപ്പെടുമെന്നും കുട്ടികളെ ചിന്തിക്കാനും കർമ്മോസുകരാക്കാനും അതിനുള്ള ശക്തി എന്താണെന്നും തന്റെ അധ്യാപനത്തിലുടെ മാഷ് കാണിച്ചുതന്നു. എന്നെപ്പോലെയുള്ള നൂറു കണക്കിന് വിദ്യാർത്ഥികളുടെ സ്വകാര്യ സമ്പാദ്യം തന്നെയായിരുന്നു മാഷ്. ഒരിക്കൽ പരിചയപ്പെട്ടുകഴിഞ്ഞാൽ പിന്നെ ആർക്കും അദ്ദേഹത്തെ മറക്കാനാവുമായിരുന്നില്ല. സെൻ-സൂഫി- താവോ- ബുദ്ധിസ്റ്റ്- കൃഷ്ണമൂർത്തി ദർശനങ്ങളും, മാർക്സിയൻ ആശയത്തിന്റെ മാനുഷികതയും ഒരേ സമയം സമന്വയിച്ച തികഞ്ഞ ഗാന്ധിയനായിരുന്നു. ഞങ്ങളുടെ പ്രിയപ്പെട്ട ദാസൻമാഷ്. ലളിത ജീവിതവും ഉയർന്നചിന്തയും പ്രവർത്തിയിൽ കൊണ്ടുവരുവാൻ മാഷിന് കഴിഞ്ഞു. തൂവെള്ള ഖദർ മുണ്ടും, ഷർട്ടും ഇടത്തേതോളിൽ തുക്കിയിട്ട തുണിസഞ്ചിയും സദാ നിഷ്കളങ്കമായ പുഞ്ചിരിയും, അതായിരുന്നു ദാസൻ മാഷ്. ഈവിടെ ഒരു യഥാർത്ഥ ഗാന്ധിയനെ നാം അടുത്തറിയുകയാണ്. വാക്കും പ്രവൃത്തിയും തമ്മിൽ യാതൊരു പൊരുത്തവും കാണാനില്ലാത്തതാണ് ഇന്നിന്റെ ഏറ്റവും വലിയ ശാപം. എന്നാൽ അതിനൊരു അപവാദമാണ് മാഷ്.പേരിനും പ്രശസ്തിക്കും പിറകെ പോവാതെ നിശബ്ദമായി മാഷ് തന്റെ ജിവിത ലക്ഷ്യം നിറവേറ്റി ക്കൊണ്ടിരിന്നു. ഇക്കാലത്ത് ഇങ്ങനെയും ഒരെഴുത്തുകാരനുണ്ടോ ? ഒരധ്യാപകനുണ്ടോ?

കുട്ടിക്കാലത്തു തന്നെ മാഷിനെ പരിചയപ്പെടുവാനിടയായതു തന്നെയാണ് എന്റെ ജീവിതത്തിലെ ഏറ്റവും സൗഭാഗ്യമെന്ന് ഞാൻ തീർത്തു പറയും. ഒഴിവുള്ള പിരീഡുകളിൽ ഞങ്ങളുടെ ക്ലാസ്സിൽ കവിതയും കഥയുമായി മാഷെത്തുമായിരുന്നു. കുട്ടികൾ നിശബ്ദരായി അതാസ്വദിക്കുമായിരുന്നു. കഥയും കവിതയും ആസ്വദിക്കുന്ന കുട്ടികളുള്ള ആ ക്ലാസ്മുറിയും ആ അന്തരീക്ഷവും ഇന്നും ഓർമ്മയിൽ തങ്ങിനിൽക്കുകയാണ്. 'അമ്മുവിന്റെ ആട്ടിൻ കുട്ടി' എന്ന കവിത മനോഹരമായി ആലപിക്കുകയും അത് വിശദീകരിക്കുകയും ചെയ്യുന്ന മാഷ് എന്റെ ബാല മനസ്സുകളിൽ ഉൽകൃഷ്ടവികാരങ്ങൾ ഉണരുന്നതും, അവരുടെ ഹൃദയം ആർദ്രമാകുന്നതും അധ്യാപനം ഒരു കലയാകുന്നതുമായ സന്ദർഭമായിരുന്നു അത്. നിഷ്കളങ്കയായ ഒരു കൊച്ചു പെൺകുട്ടിയുടെ സഹജീവികളോടുള്ള ദയാവായ്പ ഹൃദയസ്പൃക്കായി ചിത്രീകരിച്ച കവിതയായിരുന്നു അമ്മുവും അവളുടെ ഓമനയായ ആട്ടിൻകുട്ടിയും.

ഹൈസ്കുൾ ക്ലാസിൽ എത്തുമ്പോഴേക്കും മാഷുമായുള്ള എന്റെ ബന്ധം ഏറെ ദൃഢമായി. അദ്ദേഹത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ദീർഘയാത്രകളിൽ പലപ്പോഴും ഞാനും പങ്കാളിയായിരുന്നു.യാത്രക്കിടയിൽ മാനുഷികതയുടെ ആൾരൂപമായ വി.ആർ. കൃഷ്ണയ്യർ സാറിനെ നേരിൽ കാണുവാനും മണിക്കൂറുകളോളം അദ്ദേഹത്തൊടൊപ്പം ചെലവഴിക്കാനും സാധിച്ചത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. മാഷിന്റെ കൂടെ എന്നെ കാണുമ്പോൾ പലരുടെയും 'മകനാണ് അല്ലേ' ! എന്ന

ചോദ്യം എന്റെ മനം നിറക്കുമായിരുന്നു. അഭിമാനവും ആഹ്ലാദവും ഉണ്ടാകുന്ന സന്ദർഭങ്ങളായിരുന്നു അത്. മനുവിന്റെയും കണ്ണന്റെയും അമ്മിണിയുടെയും ജേഷ്ഠസഹോദരൻ സ്ഥാനം അങ്ങിനെ എനിക്കു ലഭിക്കാനിടയായി.


എന്റെ ബാല്യത്തിൽ എനിക്ക്, പഠനത്തിനിടയിലും ഒഴിവു വേളകളിലും ധാരാളം ജോലികൾ ചെയ്യേണ്ടി വന്നിരുന്നു.... സ്കൂളിൽ പോകുന്നതിനു മുമ്പ് അതിരാവിലെ നാലു മണിമുതൽക്കും വൈകുന്നേരം നാലു മുതൽ രാത്രി പന്ത്രണ്ട് മണിവരെയും വേണ്ടത്ര ഭക്ഷണം പോലും ലഭിക്കാതെയുള്ള കഠിനമായ ജോലികൾ എന്നെ തളർത്തിയിരുന്നു. തനി സസ്യഭക്ഷണം മാത്രം കഴിക്കുന്ന മാഷ് എന്റെ ആരോഗ്യം മെച്ചപ്പെടുത്തുവാൻ വേണ്ടി, സാറിനു വേണ്ടി മാത്രം ഉണ്ടാക്കാറുള്ള ചോറും എരിവും - പുളിയും - ഉപ്പും ചേർക്കാത്ത കൂട്ടുകറികളും, വാഴയിലയിൽ പൊതിഞ്ഞു തുണി സഞ്ചിയിലാക്കി കൊണ്ടുവരുമായിരുന്നു.ഒപ്പം മാഷിന്റെ അമ്മ തിളപ്പിച്ചാറ്റിയ പശുവിൻ പാലും കൊടുത്തയച്ചിരുന്നു.മാഷ് കാലത്തു മാത്രമേ വേവിച്ച ഭക്ഷണം കഴിച്ചിരുന്നുള്ളു. ഉച്ചയ്ക്കും വൈകുന്നേരവും മുളപ്പിച്ച കടലയും - കാരക്കയും -ഏത്തപ്പഴവും- മാങ്ങയും മറ്റുമാണ് കഴിക്കാറുണ്ടായിരുന്നത്. അതൊക്കെ ത്തന്നെ എനിക്കും മാഷിനെ കാണുവാൻ വരുന്ന സുഹൃത്തുക്കൾക്കും നൽകുമായിരുന്നു. സ്കൂളിനടുത്തുള്ള ലോഡ്ജിലെ മാഷിന്റെ മുറി സദാ സജീവമായിരുന്നു. സാഹിത്യകാരൻമാരൊക്കെ അവിടെ വരികയും മാഷിനോടൊപ്പം വളരെ നേരം സംസാരിക്കുകയും ചെയ്തിരുന്നു. വളരെ വൈകിയാണ് മിക്കദിവസവും മാഷ് വീട്ടിലേക്ക് പോയിരുന്നത്. ഇടയ്ക്കിടെ ഞാനും മാഷിനോടൊപ്പം അദ്ദേഹത്തിന്റെ വീട്ടിൽ അതിഥിയായി തങ്ങുമായിരുന്നു.

നമുക്ക്, നാം മാത്രം മതിയെന്നു ചിന്തിക്കുന്ന ഇക്കാലത്ത്, സ്നേഹത്തിന്റെ നീരുറവകളിലൂടെ ഒഴുക്ക് നിലച്ചുകൊണ്ടിരിക്കുമ്പോൾ, ആൾക്കൂട്ടത്തിൽ നിന്നും വേർപ്പെട്ട് ജീവിക്കുന്ന മാഷിനെപ്പോലുള്ള നല്ല മനുഷ്യർ ഭൂമിയിൽ ഇനിയും അവശേഷിക്കുന്നു എന്നുള്ളതാണ് ആശ്വാസമായി തോന്നുന്നത്. ദുരിത പൂർണ്ണമായ ബാല്യകാലത്ത് ജോലിയുടെയും പഠനത്തിന്റെയും ആഹ്ലാദം ഞാനനുഭവിച്ചത് ദൈവതുല്യനായ ആ പ്രചോദന കേന്ദ്രത്തിൽ നിന്നായിരുന്നു.

മതത്തിന്റെയും - ജാതിയുടെയും മറ്റും പേരിൽ ചോരപ്പുഴ ഒഴുക്കുന്ന കപട ഭക്തൻമാർ , ആത്മീയത എന്താണെന്ന് മനസ്സിലാക്കുവാൻ ദാസൻ മാഷിന്റെ ജീവിതം അറിഞ്ഞാൽ മതിയെന്ന് എനിക്കു പലപ്പോഴും തോന്നാറുണ്ട്. നിറഞ്ഞ മനസ്സിന്റെയും തെളിമയുള്ള ചിന്തയുടെയും ഹൃദയ വിശുദ്ധയുടെയും പര്യായം ദാസൻ മാഷിനെപ്പോലുള്ള അനുപമ വ്യക്തിത്വങ്ങള ണ്. നല്ലതു മാത്രം ചിന്തിക്കുകയും പ്രവർത്തിക്കു കയും ചെയ്യുന്ന അളവറ്റ സ്നേഹം പകർന്നു നൽകുന്ന സർവ്വോപരി എല്ലാം സഹിഷ്ണുതയോടു കൂടി നോക്കി കാണുന്ന ദാസൻമാഷ്. ജാടയും കാപ ട്യവും നിറഞ്ഞ വിദ്യാഭ്യാസ വിദക്ഷണരുടേയും, സാംസ്കാരിക നായകരുടെയും ഇടയിൽ ഇക്കാലത്ത് ഒന്നിന്റെയും പിറകെ പോകാതെ നിസ്വാർത്ഥ പ്രക ടനം നടത്തുന്ന നിഷ്കളങ്കനായ ദാസൻമാഷ്. വിശേ ഷണങ്ങൾ കൊണ്ട് അളക്കാനാവാത്ത ഒരു യഥാർത്ഥ കർമ്മയോഗിതന്നെയാണ് അദ്ദേഹം. വളരെ വിനയ ത്തോടു കൂടി ഞാൻ പറയട്ടെ, പരിമിതമായ എന്റെ അറിവിൽ വെച്ച്, നൂറുകണക്കിന് അധ്യാപകരെയും സാംസ്കാരിക പ്രവർത്തകരെയും അറിയാനിടവന്നി ട്ടുണ്ട്. അപ്പോഴാണ് മാഷിന്റെ മഹത്വം എത്ര വലുതാ ണെന്ന് ഞാൻ തിരിച്ചറിയുന്നത്!

ത്യാഗപൂർണ്ണവും കയ്പേറിയതുമായ അനു വങ്ങളിലൂടെ കടന്നുവന്ന ദാസൻമാഷ് 'ഒരു സംസ്കാരം' തന്നെയാണെന്ന് യാത്രയപ്പ് വേളയിൽ സുഹൃത്തുക്കൾ പറയുകയുണ്ടായി. അന്വാർത്ഥമായ ഒരു വിശേഷണം തന്നെയാണത്. എം.എൻ കാരശ്ശേ രിയും, ഹാഫിസ് മുഹമ്മദും, ടി. നാരായണനും, വീരാൻകുട്ടിയുമെല്ലാം ഈ ധന്യ ജീവിതത്തെക്കുറിച്ച് ഒരുപാട് സംസാരിക്കുകയുണ്ടായി. പഴയ കൂട്ടുകാർ എന്നെ കണ്ടുമുട്ടുമ്പോഴൊക്കെ ആദ്യം ചോദിക്കുന്നത് മാഷിനെക്കുറിച്ചാണ്. മാഷിനെ പരിചയപ്പെട്ടിട്ട് പ നേഴ് വർഷത്തോളമായി. പിതൃ തുല്യനായ, ആദർശ പ്രവർത്തിയിൽ കൊണ്ടുവന്ന ഇങ്ങനെയുള്ള ഒരു മാഷിന്റെ ശിഷ്യനായിരിക്കുവാൻ ഭാഗ്യം ലഭിച്ചത് തന്നെയാണ് എന്റെ ജീവിതത്തിലെ അനുഗ്രഹമെന്ന് ഞാൻ മനസ്സിലാക്കുന്നു. ആരോരും ശ്രദ്ധിക്കാനി ല്ലാത്ത ഒരു കാലത്ത് അളവറ്റ് എന്നെ സ്നേഹിക്കു യും, ജീവിതമെന്തെന്ന് പഠിപ്പിക്കുകയും ചെയ്ത അ പാവം മലയാളം മാഷിനെയും കുടുംബത്തെയു ഞാനെങ്ങനെ മറക്കും.? നനവാർന്ന ഓർമ്മകളു പ്രയാണത്തിൽ ഞാൻ ധന്യനാവുന്നു. ഇതെഴു മ്പോഴും എന്റെ കണ്ണുകൾ സന്തോഷംകൊണ്ടു നി യുകയാണ്. സർഗ്ഗാത്മക സൗന്ദര്യം ശിഷ്യഗ ങ്ങൾക്ക് പകർന്നു നൽകിയ ആ ഗുരുവിന്റെ വിന ത്തിനു മുമ്പിൽ എല്ലാം ഒരു ഭാവഗീതമായി ആ വിൽ നിറയുകയാണ്. മാഷ് കൊണ്ടുവന്നു തന്നിരു ആ 'പൊതിച്ചോറ്' എന്തായിരുന്നുവെന്ന് ഇന്ന് ഞാ അറിയുകയാണ്. വീട്ടാനാവാത്ത കടമായ സ്വാകാര്യമായ ആഹ്ലാദമായി ഹൃദയത്തിൽ ഇന്നു നിറഞ്ഞു നിൽക്കുകയാണ്.

ടി. സെയ്ത്
ഫിസിക്സ് വിഭാഗം.



# സ്മൃതിപഥങ്ങളിൽ ഒരു മായാരേഖ

**ചാ**ലിയാറിന് കുറുകെ, രാമനാട്ടുകരയേയും പന്തീരങ്കാവിനെയും കൂട്ടിച്ചേർത്തുകൊണ്ട് ഈയിടെ തുറന്ന അറപ്പുഴ പാലം, ഗതാഗതത്തിന് തുറന്നു കൊടുത്ത ദിവസം, അതിന്റെ ഉൽഘാടന വേളയിൽ ഒരു ചിരകാലഭിലാഷത്തിന്റെ സാക്ഷാത്കാരത്തിൽ, മനസ്സിൽ തിമിർത്തു പെയ്യുന്ന ആമോദം ഉള്ളിലൊതുക്കി ഒരുത്സവലഹരിയിലായിരുന്നു മൂസക്കോയ സാർ.

1979 മുതൽ ഫാറൂഖ് കോളജ് ഫിസിക്സ് വിഭാഗത്തിൽ അദ്ധ്യാപകനായിരുന്ന ശ്രീ. പി.ടി. മൂസക്കോയ സാറിനെക്കുറിച്ചുള്ള ഓർമ്മകൾ ചാലിയാറിന്റെ ഓളങ്ങളിൽ നിന്ന് തുടങ്ങുന്നത് യാദൃശ്ചികമല്ല. പന്തീരങ്കാവ് എന്ന ഗ്രാമവും, പകിട്ടില്ലാത്ത അവിടത്തെ മനുഷ്യരും, ഗ്രാമത്തെ അഴിഞ്ഞിലം എന്ന സമീപപ്രദേശത്തിൽ നിന്ന് അടർത്തിമാറ്റുന്ന ചാലിയാറും, ഇവയെല്ലാം കൂടി കെട്ടുപിണഞ്ഞതായിരുന്നു കേവലം 48 വർഷങ്ങൾ മാത്രം നീണ്ട അദ്ദേഹത്തിന്റെ ജീവിതം. ഫാറൂഖ് കോളജിൽ പ്രീഡിഗ്രി, ഡിഗ്രി വിദ്യാർത്ഥിയായിരിക്കുമ്പോഴും തുടർന്ന് അദ്ധ്യാപകനായിരിക്കുമ്പോഴും കടത്തുതോണിയിൽ പുഴകടന്ന് വരാറുണ്ടായിരുന്ന മൂസക്കോസാറിന്, ഈ പ്രദേശത്തിന്റെ പുരോഗതിയുടെ തിലകക്കുറിയെന്നോണം അടുത്തകാലത്ത് വന്ന ബൈപാസ് റോഡിനെക്കുറിച്ചും പാലം, ഗ്രാമത്തിലും മനുഷ്യബന്ധങ്ങ

ളിൽ പോലും ഏൽപ്പിച്ച മാറ്റങ്ങളെക്കുറിച്ചും, പറയാൻ ആയിരം നാവായിരുന്നു. എന്നും വൈകിയെത്താറുള്ള മൂസക്കോയസർ 2003 മേയ് 5-ാം തീയതി സ്വന്തം ഗ്രാമത്തിൽ വച്ചുണ്ടായ ഒരു വാഹനാപകടത്തിൽ പെട്ട് ഈ ലോകത്തോട് യാത്രപറഞ്ഞത് ഏറെ നേരത്തെയായി എന്നുള്ളത് തീരാദുഃഖത്തോടെ മാത്രമേ ഇവിടെ കുറിക്കാനാകുന്നുള്ളൂ.

കോഴിക്കോട് സർവകലാശാലയിൽ 2001-2002 ബാച്ചിൽ എം.ഫിൽ വിദ്യാർത്ഥിയായിരുന്ന അദ്ദേഹം. 2003 മെയ് 18 ന് നിശ്ചയിച്ച മകളുടെ വിവാഹത്തിന്റെയും പുതുതായി തീർത്ത വീടിന്റെ ഗൃഹപ്രവേശത്തിന്റെയും തിരക്കുകളിലായിരുന്നു തന്റെ അന്ത്യദിനങ്ങളിൽ.

1979 സെപ്തംബർ മാസത്തിൽ കോളജിന്റെ അധ്യാപക നിയമനത്തോടനുബന്ധിച്ച് നടന്ന ഇന്റർവ്യൂസമയത്താണ് മൂസക്കോയസാറെ കണ്ടുമുട്ടുന്നത്. ബിരുദത്തിന് ഫാറൂഖ് കോളജിലും, ഉന്നതബിരുദത്തിന് കൊച്ചി സർവകലാശാലയിലുമായിരുന്നു പഠനം. തുടർന്ന്, കോളജിൽ നിയമനം ലഭിച്ചമുതൽ 24 വർഷത്തെ നിരന്തര ബന്ധമാണ് മൂസക്കോയയുമായി എനിക്കുണ്ടായിരുന്നത്. സൗഹൃദ്ബന്ധം, ആത്മബന്ധം മുതലായ വിശേഷണങ്ങൾ ഈ ബന്ധത്തിന് കൊടുക്കുന്നതു തന്നെ പദങ്ങളുടെ അപര്യാപ്തത മാത്രം സൂചിപ്പിക്കുന്നു.

പന്തീരങ്കാവ് എന്ന ഗ്രാമത്തിന്റെ മുഴുവൻ നന്മയും ഭാഷയും കൈമുതലാക്കിയ മൂസക്കോയസാറിന്റെ വാക്കുകളും സംഭവവിവരങ്ങളും തന്റേതായ വീക്ഷണത്തിൽ നർമ്മം കലർത്തി വ്യാഖ്യാനിക്കാറുണ്ടായിരുന്നു. സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ തന്റെ കാഴ്ചപ്പാട് അദ്ദേഹം ഉയർത്തിക്കാട്ടി. രൂക്ഷമായ വിമർശനങ്ങൾ നടത്താനും സമർത്ഥൻ. അദ്ധ്യാപകനായി തുടരുമ്പോൾ തന്നെ കോഴിക്കോട് ഗവൺമെന്റ് ലോ-കോളജിൽ നിയമപഠനം നടത്തിയതുകൊണ്ടാകാം വ്യക്തികളെക്കുറിച്ച് പരാമർശിക്കുമ്പോൾ കൂടെക്കൂടെയുള്ള 'കക്ഷി' എന്ന പ്രയോഗം.

നാട്ടിലെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ നിറഞ്ഞു നിന്നിരുന്ന മൂസക്കോയസാറിന് എല്ലാ തലത്തിലും തരത്തിലുമുള്ള ആളുകളുമായി അടുപ്പം ഉണ്ടായിരുന്നു. കോളജിൽ അദ്ധ്യാപനം കഴിഞ്ഞുള്ള സമയമധികവും ഈ ബന്ധങ്ങൾക്കായി അദ്ദേഹം ചിലവഴിച്ചിരുന്നതു കൊണ്ട് പലപ്പോഴും വീട്ടിലെത്തുന്നതും വൈകിയായിരുന്നു. രാത്രി ഏറെ വൈകിയെത്തു[...] ഫോണെടുക്കുമ്പോൾ, മറുതലയി[...] നിന്ന് കേൾക്കാം 'പിന്നേയ്, ഇത് മൂ[...]ക്കോയയാണ്.'

ഇന്നലെവരെ കൂടെയുണ്ടാ[...]രുന്ന മൂസക്കോയസാർ ഇന്ന് ഈ ഭ[...]ഖത്തില്ല എന്ന യാഥാർത്ഥ്യം അ[...]രാർത്ഥത്തിൽ നടുക്കുക തന്നെ ചെ[...]ന്നു. മാസങ്ങൾ കഴിഞ്ഞിട്ടും ഓർ[...]കൾ മാഞ്ഞുപോകാൻ കൂട്ടാക്കാ[...] അവ മൂത്ത് രൂപം പ്രാപിക്കുന്ന[...] ഏതോ തിരക്കുകൾ കഴിഞ്ഞ് മൂ[...]ക്കോയസാർ ബൈക്കിൽ വന്നിറ[...] ഫിസിക്സ് ഡിപ്പാർട്ടുമെന്റിന്റെ ഇട[...]ഴിയിലൂടെ നടന്നടുക്കുമ്പോൾ മുഖ[...]ണ്ടാവാറുള്ള സ്വതസിദ്ധമായ ചി[...] ഡിപ്പാർട്ടുമെന്റിൽ നടക്കാറു[...] വാഗ്വാദങ്ങളിൽ ഒരു പരിധി ക[...]ഞ്ഞാൽ, കസേരയിൽ നിന്നെഴുന്ന[...] ഓരോരുത്തരുടെയും സമീപം ചെ[...] പ്രശ്നങ്ങളുടെ ഇഴനാരുകീറി ത[...]തായ ന്യായങ്ങളിലൂടെ വാദഗതി[...] നിരത്തുന്നു.

മരണം കവർന്നെടുത്തെങ്കി[...] മൂസക്കോയ എന്ന മനുഷ്യനെക്ക[...]ച്ചുള്ള ഓർമ്മകൾക്ക് മരണമി[...] അദ്ദേഹം ഇഷ്ടപ്പെട്ടിരുന്ന നാടി[...] ജീവനാഡിയായ ചാലിയാറിൽ [...]ങ്ങൾ ഉള്ളേടത്തോളം കാലം. ●

# താർതാരികൾ പുനർജനിച്ചപ്പോൾ

അബ്ദുൽ ഫത്താഹ്
ഒന്നാംവർഷ ബി.കോം

എല്ലാ യുദ്ധങ്ങളും അവസാനിക്കുന്നത് കണ്ണീരും ദുരിതവും സാധാരണക്കാരന് സമ്മാനിച്ചു കൊണ്ടാണ്. കിംഫുക്കുമാരും ധാരാളം സൃഷ്ടിക്കപ്പെടുന്നു. നിരന്തരമായ പീഢനങ്ങളും ദാരിദ്ര്യവും ഒരു ജനതയെ പൊട്ടിത്തെറിക്കാൻ പാകത്തിലാക്കിയെടുക്കുന്നു.ഇറാഖിന്റെ ഇപ്പോഴത്തെ അവസ്ഥ ഈ വസ്തുത അടിവരയിടുന്നതാണ്. അവിടെ കൊള്ളയും കൊള്ളിവെപ്പും, അഭ്യന്തരയുദ്ധവും നടമാടുകയാണ്. ക്രമസമാധാന പാലനത്തിന് പോലീസും പട്ടാളവും മതിയാവാത്ത ഒരവസ്ഥ സംജാതമായിരിക്കുകയാണ്. വ്യാപാരിവ്യവസായികൾ തങ്ങളുടെ സമ്പത്ത് സംരക്ഷിക്കുവാൻ വേണ്ടി ക്രമസമാധാന പാലനം സ്വയം ഏറ്റെടുത്തിരിക്കുകയാണ്. ക്രമസമാധാനപാലകർക്ക് ജനങ്ങളെ നിയന്ത്രിക്കാൻ പറ്റാത്ത അവസ്ഥയിലെത്തിക്കുന്നു. പരിക്കേറ്റവരെക്കൊണ്ട് നിറഞ്ഞ ആതുരാലയങ്ങളുടെ അവസ്ഥ ഇതിലും ഹൃദയഭേദകരമാണ്. മരുന്നുകളുടെ അപര്യാപ്തത മൂലം, അനസ്തേഷ്യ പോലും നൽകാതെയാണത്രേ പല ശസ്ത്രക്രിയകളും നടക്കുന്നത്.

ഇതൊക്കെ ഒരു യുദ്ധത്തിന്റെ ശേഷിപ്പുകളായി നമുക്ക് കണക്കാക്കാം. തകർന്ന സാമ്പത്തികവ്യവസ്ഥിതിയും, എല്ലാം നഷ്ടപ്പെട്ട് അഭയാർത്ഥികളായി മാറിയവരും, ഇനിയും പുനഃസ്ഥാപിക്കപ്പെട്ടിട്ടില്ലാത്ത ക്രമസമാധാനവും, മറ്റവശ്യസർവ്വീസുകളും മുന്നിൽ ഒരു ചോദ്യചിഹ്നമായി തുടരുന്നു. എല്ലാ യുദ്ധങ്ങളും, ഇങ്ങനെയൊക്കെ തന്നെയാണ് അവസാനിക്കുന്നത് എന്ന 'ന്യായ'ത്തിന് മുന്നിൽ നമുക്ക് ഇതൊക്കെ മറക്കാം.

എന്നാൽ, അധികമാരും കാണാതെ പോയതും, ഇതിൽനിന്നൊക്കെ വിഭിന്നമായതും, കൂടുതൽ പ്രാധാന്യമർഹിക്കുന്നതുമായ ഒരു മറുവശം ഈ അധിനിവേശത്തിന് പിന്നിൽ മുഴച്ചു നിൽക്കുന്നുണ്ട്. ഇറാഖിന്റെ സമ്പന്നമായ, സാംസ്കാരിക, സാമ്പത്തിക മേഖലകളിൽ പടിഞ്ഞാറൻ ശക്തികൾ ക്രൂരമായി നടത്തിയ അധീശത്വത്തിന്റെ കഥയാണിത്. ഈ യുദ്ധത്തിന് അമേരിക്കയെ പ്രേരിപ്പിച്ച ചേതോവികാരം ഇസ്ലാമിക ലോകത്ത് ചൈതന്യം പരത്തുന്ന ഇറാഖിന്റെ ഉയർന്ന സാംസ്കാരികതയും അവരുടെ എണ്ണസമ്പത്തുമാണെന്ന് യുദ്ധം തുടങ്ങുന്നതിനു മുമ്പുതന്നെ അറിയപ്പെടുന്ന ബുദ്ധിജീവികളും, കോളമിസ്റ്റുകളും അഭിപ്രായപ്പെട്ടിരുന്നു.

അധിനിവേശം കടന്നു കയറ്റമാണെങ്കിൽ, കടന്നു കയറുന്നതോടൊപ്പം സാംസ്കാരിക, സാമ്പത്തിക സമ്പന്നതയെ സൂചിപ്പിക്കുന്ന ചിഹ്നങ്ങളിലും വസ്തുതകളിലും പിടിമുറുക്കുകയും ചെയ്യുന്നതാണ് അധീശത്വം. ഇറാഖീ ജനതയെ പോപ്പ് മ്യൂസിക്കും, കാബറേ ഡാൻസും നൽകി, മാനസികമായ അർത്ഥത്തിൽ പാശ്ചാത്യവൽക്കരിക്കുകയാണ് അധിനിവേശ സേനയുടെ ലക്ഷ്യം.

കുരിശുയുദ്ധകാലത്ത് ചെങ്കിസ്ഖാന്റെ താർതാരിസൈന്യം ചെയ്തതും ഇതുതന്നെയാണ്. അറേബ്യയുടെ സാംസ്കാരിക അടിത്തറ തകർക്കാൻ തങ്ങ



> ഇറാഖിൽ തങ്ങളുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും നേടണമെങ്കിൽ ഇറാഖികളുടെ മേൽ മാനസികമായ അടിമത്തം സ്ഥാപിക്കണമെന്ന വ്യക്തമായ ധാരണയോടെയാണ് അമേരിക്ക ഇറാഖിലെത്തിയത്.

ളാലാവുന്ന കൊടുംക്രൂരതകളെല്ലാം കുരിശുസൈന്യം ചെയ്തു. ബാഗ്ദാദിലെ ലൈബ്രറിയിലെ പുസ്തകങ്ങൾ ചുട്ടുകരിച്ച് ടൈഗ്രീസിലൊഴുക്കിയതിനാൽ ടൈഗ്രീസിന്റെ നിറംതന്നെ മാറിപ്പോയതായി ചരിത്രം രേഖപ്പെടുത്തുന്നു. ഇറാഖിൽ നടത്തിയ കടന്നുകയറ്റത്തെ ചിലരെങ്കിലും രണ്ടാം കുരിശുയുദ്ധവുമായി താരതമ്യപ്പെടുത്തിയിട്ടുണ്ട്.

ഇറാഖിൽ തങ്ങളുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും നേടണമെങ്കിൽ, ഇറാഖികളുടെ മേൽ മാനസികമായ അടിമത്തം സ്ഥാപിക്കണമെന്ന വ്യക്തമായ ധാരണയോടെയാണ് അമേരിക്ക ഇറാഖിലെത്തിയത്. യൂണിലവറും, കൊക്കകോളയും, മനം കുളിർപ്പിക്കുന്ന പരസ്യവാചകങ്ങളിലൂടേയും മോഡലുകളിലൂടേയും നമ്മെ കീഴ്പ്പെടുത്തുന്നുണ്ടല്ലോ. അത്പോലെയുള്ള ഒരു കീഴടക്കലാണ് മേൽപറഞ്ഞ പോപ്പ്മ്യൂസിക്ക് - കാബറേ ഡാൻസുകളിലൂടെ അമേരിക്കൻ സയണിസ്റ്റ് ബുദ്ധിജീവികൾ വിഭാവനം ചെയ്തത്. ഇതിനായി സി.ഐ.എ. ഉദ്യോഗസ്ഥർ കഴിഞ്ഞ പതിനൊന്ന് വർഷമായി അമേരിക്കയിൽ പണിയെടുക്കുകയാണ്. സദ്ദാമിനെതിരെയുള്ള ആദ്യ വിജയങ്ങൾ നേടിയപ്പോൾ തന്നെ അവർ റേഡിയോയിലൂടെ അറബി -പോപ്പ്മ്യൂസിക്കുകൾ സംപ്രേഷണം ചെയ്യുകയാണുണ്ടായത്. ബഗ്ദാദ് നഗരിയുടെ നിയന്ത്രണം സഖ്യസേന ഏറ്റെടുത്തതിന് ശേഷം ബാബിലോണിയൻ, അലീരിയൻ, സുമേറിയൻ, മെസപ്പട്ടോമിയൻ നാഗരികതകളുടെ ശേഷിപ്പുകൾ ഏതാണ്ട് പൂർണ്ണമായും തന്നെ നശിപ്പിക്കപ്പെട്ടു. ഇവയുടെ സൂക്ഷിപ്പ് കേന്ദ്രമായ ബാഗ്ദാദ് മ്യൂസിയം അക്ഷരാർത്ഥത്തിൽ ചിന്നഭിന്നമാക്കപ്പെട്ടു. ഇവയിൽ പലതിനും 5000ൽ അധികം വർഷങ്ങളുടെ പഴക്കമുള്ളതായി കണക്കാക്കപ്പെടുന്നു. ബാമിയാനിലെ ബുദ്ധപ്രതിമ തകർക്കപ്പെട്ടതിനോടാണ് റോബർട്ട് ഫിസ്ക ഇതിനെ ഉപമിക്കുന്നത്.

ഇതൊക്കെ ചെയ്തത് ബാഗ്ദാദ് നിവാസികളായ സാധാരണക്കാരാണെന്ന് സഖ്യസേന പറയുമ്പോഴും അവരുടെ പാദസേവകരായ 'വാടകപൗരൻമാരാണ്' ഈ പാതകം ചെയ്തുകൂട്ടിയത് എന്ന സംശയവും ഉയരുന്നതല്ല. ആര് ചെയ്തതായാലും, സഖ്യസേനയുടെ പൂർണ പിന്തുണയോടും സംരക്ഷണത്തോടുമാണീ താണ്ഡവമെന്ന വസ്തുത മറച്ചുവെക്കാൻ കഴിയില്ല. സദ്ദാം മ്യൂസിയത്തിൽ നിന്നും മറ്റും മോഷ്ടിച്ച സാധനങ്ങൾ അമേരിക്കൻ ഭടൻമാർ വിൽപനച്ചരക്കാക്കിയിരിക്കുകയാണെന്ന വാർത്തയും പുറത്ത് വന്ന് കഴിഞ്ഞു. നാഷണൽ ലൈബ്രറിയും, ആർക്കൈവ്സും, സാംസ്കാരിക മന്ത്രാലയത്തിന് കീഴിലെ ഖുർആൻ മ്യൂസിയവും നശിപ്പിക്കപ്പെട്ടവയിൽ ഉൾപ്പെടുന്നു.

അമേരിക്ക, ഇസ്രായേൽ, ബ്രിട്ടൻ എന്നീ രാജ്യങ്ങളുൾപ്പെട്ട ഒരു അച്ചുതണ്ട് ഇസ്ലാമിക സംസ്കൃതിക്കും



**അറബ് ലോകത്ത് ഇന്ന് നട്ടെല്ല് വളയാതെ അങ്കിൾസാമിന്റെ മുഖത്ത് നോക്കാൻ ധൈര്യപ്പെടുന്ന ഒരേയൊരു രാജ്യത്തെ നശിപ്പിക്കാനാണ് ഇവരുടെ ശ്രമമെന്ന് തിരിച്ചറിയാൻ വലിയ ഒരു ഗവേഷണമൊന്നും ആവശ്യമില്ല.**

നവോത്ഥാനത്തിനുമെതിരെ തിരിഞ്ഞതിന് പിന്നിലെ കാരണം ഊഹിക്കാവുന്നതേയുള്ളൂ. സയണിസ്റ്റ് അവകാശ വാദങ്ങളെ സാധൂകരിക്കാൻ വേണ്ടി ഇസ്രായേൽ, ഖുദ്സ്, ഫാലസ്തീൻ മേഖലകളിലെ അറബ് ചരിത്ര ചിഹ്നങ്ങൾ തുടച്ചുമാറ്റുന്ന പ്രക്രിയക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. അവരുടെ അവകാശ വാദങ്ങളെ സാധൂകരിക്കുന്നതോടൊപ്പം, പ്രദേശത്തിന്റെ അറബ് സംസ്കൃതി നശിപ്പിക്കാനുമാണീ പദ്ധതിയെന്നും നിരീക്ഷകർ കരുതുന്നു.


ഇറാഖീ അധിനിവേശം പൂർത്തിയാക്കിയതിന് ശേഷം അല്ലെങ്കിൽ അതിന് മുമ്പെ തന്നെ സിറിയയെ അക്രമിക്കാനുള്ള രൂപ രേഖ തയ്യാറാക്കുകയാണീ പദ്ധതികൾ. ബ്രിട്ടന് പകരം ഇസ്രായേലാണ് അമേരിക്കൻ പങ്കാളി. ആക്രമണ കാരണം ഇറാഖിലേതു തന്നെ. സിറിയ കൂട്ടനശീകരണായുധങ്ങൾ കൈവശം വച്ചിരിക്കുന്നുവത്രെ! എന്നാൽ, അറബ് ലോകത്ത് ഇന്ന് നട്ടെല്ല് വളയാതെ അങ്കിൾസാമിന്റെ മുഖത്ത് നോക്കാൻ ധൈര്യപ്പെടുന്ന ഒരേയൊരു രാജ്യത്തെ നശിപ്പിക്കാനാണ് ഇവരുടെ ശ്രമമെന്ന് തിരിച്ചറിയാൻ വലിയ ഒരു ഗവേഷണമൊന്നും ആവശ്യമില്ല. പ്രത്യേകിച്ചും, ഇസ്രായേലിന് ഈ മേഖലയുടെ മേധാവിത്വമാണാവശ്യം. അതിന് വേണ്ടി വളർത്തു പുത്രനെ സഹായിക്കൽ അമേരിക്കയുടെ കടമയാണല്ലോ?

ഇറാഖിൽ തങ്ങളുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും നേടണമെങ്കിൽ ഇറാഖികളുടെ മേൽ മാനസികമായ അടിമത്തം സ്ഥാപിക്കണമെന്ന വ്യക്തമായ ധാരണയോടെയാണ് അമേരിക്ക ഇറാഖിലെത്തിയത്. ഇറാഖും, ഇറാനും, സിറിയയും ലിബിയയുമുൾപ്പെടുന്ന രാഷ്ട്രങ്ങൾ ഈയൊരു തലത്തിലുള്ള വളർച്ചയുടെ ലക്ഷണങ്ങൾ കാട്ടിത്തുടങ്ങിയിട്ടുണ്ട്. സത്യത്തിൽ ഈയൊരു വളർച്ചയാണ് അമേരിക്കയേയും, ഇസ്രായേലിനേയും, ബ്രിട്ടനേയും വിളറി പിടിപ്പിക്കുന്നത്. ധാർമ്മികാടിത്തറയിലുള്ള അവരുടെ പ്രവർത്തനങ്ങളെ അട്ടിമറിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇവർ സാംസ്കാരികാധീശത്വത്തിന് തുനിയുന്നത്. ഇറാഖിൽ ലക്ഷ്യം നേടിക്കൊണ്ടിരിക്കുന്നു. അടുത്ത ലക്ഷ്യം സിറിയയാണെന്ന് പ്രാഖ്യാപിച്ചുകഴിഞ്ഞു. എന്നിട്ടും മുസ്ലിം ലോകം ഉറക്കം നടിക്കുകയാണ്. ഊർദ്ധ്വൻ വലിക്കാൻ പോലും ബുദ്ധിമുട്ടുന്ന ഐക്യരാഷ്ട്ര സഭയിൽ നിന്നും ഒരു രക്ഷകനെ പ്രതീക്ഷിക്കുക മണ്ടത്തരമാണ്. പടലപ്പിണക്കങ്ങൾക്ക് അവധി നൽകിക്കൊണ്ട്, യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കി ഒരു വിശാല അറബ് മുസ്ലിം ഐക്യം അത്യന്താപേക്ഷിതമായിരിക്കുന്നു. അല്ലെങ്കിൽ അതിന്റെ പരിണിത ഫലം ഭാവനയ്ക്കുമപ്പുറമായേക്കാം.

ഒന്നാലോചിച്ചാൽ നാം ആരൊക്കെയോ അനാവശ്യമായി ഭയപ്പെടുന്നുണ്ട്? നമ്മുടെ മനസ്സ് പ്രതികരിക്കാൻ വെമ്പൽ കൊള്ളുമ്പോൾ നാവ് നിശ്ചലമായി നിലകൊള്ളുന്നു. ലോകത്തിന്റെ ക്രമങ്ങൾ അനു നിമിഷം മാറ്റങ്ങൾക്ക് വിധേയമായിട്ടും അതിന്റെ സ്ഫുലിംഗങ്ങൾ വേദനപ്പിച്ചിട്ടും പലരും നിർജ്ജീവമായി നിലകൊള്ളുന്നു. സാമ്രാജ്യത്വത്തിന്റെ പുതു വേഷവും വർഗ്ഗീയതയുടെ കരിമേഘവും നമ്മെ പ്രതികരിക്കാൻ പ്രാപ്തരാക്കുന്നില്ലെങ്കിൽ....... ഓരോരുത്തരും അവരുടെ ദ്വീപുകളിൽ നിർവ്വികാരരായി ഒതുങ്ങിക്കൂടുകയാണെങ്കിൽ....... മനുഷ്യരാശിയോട് ചെയ്യുന്ന മഹാ അപരാധമായി അത് മാറും, തീർച്ച.

ഗുജറാത്തിലെ മനുഷ്യ കുരുതിയും ഇറാഖിലേയും അഫ്ഘാനിലേയും പൈതങ്ങളുടെ നിഷ്കളങ്കമായ രോദനവും ഒന്നും നമ്മുടെ എഴുത്തുകാരിൽ പലരുടെയും തൂലികയെ ചലിപ്പിച്ചില്ല എന്നതൊരു യാഥാർത്ഥ്യമാണ്. കലാപ ഭൂമികളിലെ മാതൃത്വത്തിന്റെ വിതുമ്പലും വയോജനങ്ങളുടെ നിസ്സഹായതയും സാംസ്കാരിക നായകന്മാരിൽ 'മൗനം വിദ്വാന് ഭൂഷണം' എന്ന് നാം പറയേണ്ടി വരുമോ? ഇവിടെ

# തൂലിക പടവാളാക്കുന്നവർ



ശബീബ്
രണ്ടാം വർഷ ബി.എസ്.സി
ഫിസിക്സ്

സ്മരിക്കപ്പെടേണ്ട ഒരു മഹത്വചനമുണ്ട്. "ഒരു സാധാരണക്കാരൻ നിശ്ശബ്ദനായിരിക്കുന്നുവെങ്കിൽ അത് തന്ത്രപരമായ ഒരു നീക്കമായി കണക്കാക്കി ക്ഷമിക്കാവുന്നതേയുള്ളൂ. എന്നാൽ ഒരു എഴുത്തുകാരൻ മൗനം പാലിക്കുകയാണെങ്കിൽ അയാൾ കള്ളനാണെന്ന് വ്യക്തമാണ്."

സാഹിത്യകാരന്റെ നിഷ്പക്ഷതയെക്കുറിച്ച് പലരും ഊറ്റം കൊള്ളുന്നത് കാണാറുണ്ട്. യഥാർത്ഥത്തിൽ സാഹിത്യകാരൻ നന്മയുടെ പക്ഷത്ത് നിലകൊള്ളുന്നവനാകണം. ക്രൗഞ്ചമിഥുനങ്ങളിലൊന്ന് ഹനിക്കപ്പെട്ടപ്പോൾ ആദികവി വാൽമീകിക്കുണ്ടായ രോഷവും ശോകവും വേദനിക്കുന്നവനോടുള്ള എഴുത്തുകാരന്റെ പക്ഷപാതമാണ്. വേദനിക്കുന്നവനോടും മർദ്ദിതനോടും പക്ഷപാതമില്ലാത്ത എഴുത്തുകാരൻ യഥാർത്ഥത്തിൽ കപടനാണ്. "വർഗ്ഗ സമൂഹത്തിൽ എഴുത്തുകാരന് നിഷ്പക്ഷനാവാൻ കഴിയില്ല'' എന്ന് ലെനിൻ ചൂണ്ടിക്കാട്ടിയതിന്റെ പ്രസക്തിയും മറ്റൊന്നല്ല.

പഴയകാല കവികൾ കാലത്തിന്റെ അനിവാര്യതകൾക്ക് ശബ്ദിച്ചവരാണ്. മാറ്റുവിൻ ചട്ടങ്ങളെയെന്ന് അധികാരിവർഗ്ഗത്തിന്റെ മുഖത്ത് നോക്കി വിളിച്ചുപറയാൻ അവർ പര്യാപ്തരായിരുന്നു.

ജാതിയതയുടെ ദൂഷ്യഫലങ്ങൾ വളരെയധികം അനുഭവിച്ച നാടാണ് കേരളം. കുറിച്യനെ വയനാടൻ കുന്നിൽ നരനായാട്ടിനിടയിൽ വെടിവെച്ചു കൊന്നപ്പോൾ "ചത്തത് കുറിച്യർ എന്ന വർഗത്തിൽപ്പെട്ട ഒരു മൃഗമാണ്'' എന്ന് കൂടെയുണ്ടായിരുന്ന ഇന്ത്യൻ ഉദ്യോഗസ്ഥൻ പറയുകയും സായ്പ് അത് ശരിവെക്കുകയും ചെയ്ത കഥ ഉണ്ടായിട്ടുണ്ട്. കാലത്തിന്റെ അനിവാര്യതകൾക്ക് വേണ്ടി ശബ്ദിക്കാൻ കുമാരനാശാനെ പോലെയുള്ള കവികൾ രംഗത്തുണ്ടായിരുന്നു.

"ചണ്ഡാലഭിക്ഷുകിയും, ദുരവസ്ഥയുമെല്ലാം'' ജാതിവ്യവസ്ഥക്കെതിരെ ആശാന്റെ പ്രതിഷേധങ്ങളായിരുന്നു.

"നെല്ലിൻ ചുവട്ടിൽ മുളയ്ക്കും
-കാട്ടു

പുല്ലല്ല സാധുപുലയൻ-''

എന്ന് ആശാൻ പാടുമ്പോൾ അത് ഒരു മാറ്റത്തിന് വേണ്ടിയുള്ള വലിയ ശ്രമമായിരുന്നു.

പാതിരാത്രിയിൽ പാടത്ത് പുഞ്ചക്ക് തേവുന്ന കർഷകദമ്പതികളെ പടയാളികൾ എന്ന് വിശേഷിപ്പിക്കാനും

"ആരാണ് വീറോട് പോരാടുമീ
രണ്ടു

പോരാടിമാർകളെപ്പാടിപ്പുകഴ്ത്തു
വാൻ"

എന്ന് ചോദിക്കാനും വൈലോപ്പിള്ളി ധൈര്യം കാണിച്ചു. "കറുത്ത ചളിയാണ് ജന്മിത്തം"എന്ന് ഒളപ്പമണ്ണ

പാടുമ്പോൾ അത് അനിവാര്യതയുടെ ശബ്ദമായിരുന്നു. ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെയും സാമ്പത്തിക ചൂഷണങ്ങൾക്കെതിരെയും ശബ്ദം പുറപ്പെടുവിക്കാൻ അക്കാലത്തെ എഴുത്തുകാർ തികഞ്ഞ ശ്രദ്ധ പുലർത്തിയിരുന്നു.

കേരളത്തിലെ ദേശിയ പ്രസ്ഥാനത്തിന്ന് ആവേശവും ഉന്മേഷവും പകരാൻ വള്ളത്തോൾ കവിതകൾ വഹിച്ച പങ്ക് സ്തുത്യർഹമാണ്.

"പോരാ പോരാ നാളിൽ നാളിൽ ദൂര ദൂരമുയരട്ടെ

ഭാരതക്ഷ്മാ ദേവിയുടെ തൃപ്പതാകകൾ"

എന്നിങ്ങനെ തുടങ്ങുന്ന വരികൾ കോൺഗ്രസ് സമ്മേളനങ്ങൾക്കും ഘോഷയാത്രകൾക്കും ആവേശം പകർന്നിരുന്നു. ദേശീയതലത്തിൽ ടാഗോറും ഇഖ്ബാലും സുബ്രഹ്മണ്യ ഭാരതിയും ബങ്കിംചന്ദ്രചാറ്റർജിയുമെല്ലാം തൂലികകൊണ്ട് സ്വാതന്ത്ര്യ സമരത്തെ ശക്തിപ്പെടുത്തിയവരായിരുന്നു.

ഗുജറാത്തിലെ ഫാസിസ്റ്റ് ഭീകരതക്കെതിരെ മലയാളത്തിൽ ശക്തമായി പ്രതികരിച്ചകവിയാണ് സച്ചിദാനന്ദൻ. കവി നേരിന്റെ പക്ഷപാതിയാണെന്ന പ്രയോഗം അന്വർത്ഥമാക്കും വിധമുള്ള ഇടപെടലായിരുന്നു ഇത്. ഗർഭിണിയുടെ വയർ പിളർത്തി ഗർഭസ്ഥശിശുവിനെ പുറത്തെടുത്ത് ഭീകരതയെ കവി വരച്ചുകാട്ടുന്നു.

''ഇല്ല ഒരമ്മയും ഇങ്ങനെ കുഞ്ഞിനെ

ചിതയിലേക്ക് പെറ്റിട്ടുണ്ടവില്ല.

ഒരു നിലവിളിയും ഇങ്ങനെ

ഉയരും മുമ്പേ ചാരമായിട്ടുണ്ടാവില്ല"

മരണം വിതച്ച ഫാസിസത്തെ വാക്കുകൾകൊണ്ട് കവി വിശേഷിപ്പിക്കുന്നത്

"ഇന്ന് ഞാനറിഞ്ഞു

മരണത്തിന്റെ നിറം

കറുപ്പല്ല, കാവിയാണ്.''

എന്നത്രേ.

ഡി.ഡി.ടി എന്ന മാരകവിഷം ഒരു വികസിതരാജ്യം ഉപയോഗിക്കില്ല എന്ന് തീരുമാനിച്ചാൽ അതിൽ അംഭഗിയില്ല. എന്നാൽ പിന്നോക്കരാഷ്ട്രങ്ങൾ ഉപയോഗിക്കണമെന്നും അവർക്കത് വിറ്റ് തങ്ങളുടെ കീശ വീർപ്പിക്കണമെന്നും ഒരു വികസിത രാജ്യം കരുതുന്നത് എത്ര മനുഷ്യത്വരഹിതം! കാരണങ്ങൾ മെനഞ്ഞുണ്ടാക്കി നിരപരാധികളേയും അവരുടെ സ്വപ്നങ്ങളേയും നശിപ്പിച്ച് പുത്തൻ സാമ്രാജ്യത്വം അതിഭീകരമായി നിലകൊള്ളുന്നു. എന്നാൽ പ്രതികരിക്കുന്ന ചിലമുഖങ്ങളെങ്കിലും അമേരിക്കയുൾപ്പെടെയുള്ള രാജ്യങ്ങളിലുണ്ട് എന്നത് സമാധാന പ്രേമികൾക്ക് ആശ്വാസം പകരുന്നു. അമേരിക്കയിൽ നിന്നുതന്നെ ലാങ്സ്റ്റൻഹ്യൂഗ്സ് പാടുന്നത് ഇങ്ങനെ :

" അമേരിക്ക വീണ്ടും അമേരിക്കയാവട്ടെ

അത് പിന്നെയും പഴയപോലത്തെ സ്വപ്നരാജ്യമാകട്ടെ

അത് സ്വന്തം സ്വാതന്ത്ര്യത്തിന്റെ വീടന്വേഷിക്കുന്ന

സമതലങ്ങളുടെ അഗ്രദൂതനാവട്ടെ

അമേരിക്ക എനിക്ക് ഒരിക്കലും.

അമേരിക്കയായിരുന്നില്ല"

ഇവിടെ അമേരിക്കൻ കവിത, ഇറാഖിൽ യുദ്ധം ചെയ്യുന്നതിനെതിരെ അമേരിക്കൻ അധികാരവുമായി കലഹിക്കുകയായിരുന്നു. ആ കവിത അവസാനിക്കുന്നത് പുതിയ പ്രഭാതത്തിനായി പ്രയത്നിക്കാൻ ജനതയെ ആഹ്വാനം ചെയ്താണ്.

"നാം ജനങ്ങൾ

**നന്മയുടെ പക്ഷപാതികൾ എന്നതലത്തിൽ പ്രതികരിക്കുന്ന സാംസ്കാരിക പ്രഭാവമായി ഇനിയും കവികൾ ഉയരണം ഒപ്പം നാട് കത്തിയെരിയുമ്പോൾ മൗനം ആയുധമാക്കുന്ന എഴുത്തുകാരെ തിരിച്ചറിയുകയും വേണം**

നാമാണ് നമ്മുടെ നാട് വീണ്ടെടുക്കേണ്ടവർ

ഖനികൾ, ചെടികൾ, നദികൾ, മലകൾ,അനന്തസമതലം

എല്ലാം ഈ ഹരിത ഭൂമിയുടെ വിശാലത മുഴുവനും

നാമാണ് അമേരിക്കയെ പുതുക്കി വാർക്കേണ്ടവർ"

" സ്വാതന്ത്ര്യം ഒരു പ്രതിമ മാത്രമായ അമേരിക്ക"- എന്ന് അമേരിക്കയെ നിർവചിച്ച നിക്കാനോർപാറയുടെ വിമർശനവും ശ്രദ്ധേയമാണ്.

ഇവിടെ കവികൾ കാലത്തിന്റെ മന:സാക്ഷി സൂക്ഷിപ്പുകാരായി മാറുകയാണ്. നന്മയുടെ പക്ഷപാതികൾ എന്നതലത്തിൽ പ്രതികരിക്കുന്ന സാംസ്കാരിക പ്രഭാവമായി ഇനിയും കവികൾ ഉയരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഒപ്പം നാട് കത്തിയെരിയുമ്പോൾ 'മൗനം' ആയുധമാക്കുന്ന എഴുത്തുകാരെ തിരിച്ചറിയാം.



# WAIT A MINUTE

Ramya. K.

Ist B.Sc. Maths.

**'All good things come to an end',** So also will our life. No man can escape from death's clutches, no science has got any remedy. No astrologer can predict it, it is an experience that can be had only once.

With this truth as our basis let us begin to think. We go through our daily routine-go to school to study, study to earn, earn to eat, eat to survive. But the question is : why should we survive? Is it to eat? Is it to multiply our species? or is it to die?

Men who have a thirst for knowledge try to find answers to these questions. No great soul has evaded these thoughts. Ultimately we go to our religions to find the answers. But religions divide us, or perhaps, we divide ourselves in the name of religion, caste, greed. Every religion preaches love. So let us take this love and compassion as a tool to find answers to those questions. When I talk about love, one thought came to my mind. Why should we hate? When there is a sweet fruit in our hand, why not taste it? The taste itself will increase our desire to eat more of it. But in today's world men reject the sweet fruits and choose the sour one.

Friends why do you want to fight for perishable things? You seek money, you seek comfort, you seek position. When are you going to seek knowledge? You are constantly seeking freedom. Are you sure this would free you from desire?

'Desire is the couse of sufferings'- these are the words of our elders. There is no end to the desire for material comforts. Each fulfilled desire leads to another and there is no satisfaction.

To avoid this, friends, set your target as high as the sky, so that you may strive to attain it till the end and the though that you are healing towards it will give you happiness throughout your life - What is that target?

'Service to humanity'- this should be your target. Right from now, work for it. This is the only goal which will give you satisfaction.

You may wonder whether this goal can ever be attained. My answer is 'No' A humble heart can never say. 'I have done a lot of service' till the end it would be thinking 'There are miles to go before I sleep'.

Don't forget an important point- 'Service for the sake of service, not for the sake of wealth, not for the sake of fame'